**KOTTAYAM PUBLIC LIBRARY**

Call No. 330 Acc. No. 11181

Author: അബ്രഹാം ജെ. സി

Title: തൊഴിലിന്റെ തത്വശാസ്ത്രം

1023

# തൊഴിലിന്റെ തത്വശാസ്ത്രം

(ഡാക്ടർ. ജെ. സി. കുമരപ്പ)

U. 330
KUM.T

പി. എം. കുമാരൻനായർ.

No. 41181
THE KOTTAYAM PUBLIC LIBRARY

# തൊഴിലിന്റെ തത്വശാസ്ത്രം

(ഡാക്ടർ ജെ. സി. കുമരപ്പ.)

വിവർത്തകൻ :

പി. യം. കുമാരൻ നായർ.

പ്രസാധകന്മാർ :

പി. കെ. ബ്രദേർസ്, കോഴിക്കോട്.

1954.] [വില 10ണ.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

First Edition 1954.
Copyright to Publishers.

M330
Kum-T

Printed at:
The Prakasakoumudi Printing Works,
CALICUT.

THE KOTTAYAM PUBLIC LIB
KOTTAYAM.

# വിഷയവിവരം.

1. തൊഴിലിൻെറ തത്വശാസ്ത്രം. ....
2. പുരോഗതി എന്ത്? .... 40
3. ധനശാസ്ത്രത്തോടുള്ള
ഗാന്ധിയൻ സമീപനമാർഗ്ഗം. 55
4. ഗോധന തത്വം. .... 84

11181

# തൊഴിലിൻെറ തത്വശാസ്ത്രം

തൊഴിലിൻെറ പ്രഭാവമാണ് ചരിത്രത്തെ നിയന്ത്രിക്കുന്നതെന്ന വസ്തുതയെ നമ്മൾ അധികംപേരും മനസ്സിലാക്കിയിരിക്കയില്ല. ഈശ്വരൻെറ ഒരു ശാപമായിട്ടാണ് തൊഴിലിനെ ജൂതന്മാർ അംഗീകരിച്ചിരുന്നത്. 'നീ നിൻെറ ശരീരത്തെ ദണ്ഡിപ്പിച്ച് ഭക്ഷിക്കുക' എന്ന ശാപമാണ് ആദമിൻെറ അനുസരണക്കേടിന്ന് കിട്ടിയത്. അതിനുശേഷം മനുഷ്യൻ ഈ ശാപത്തെ മയപ്പെടുത്തുവാൻ അത്യദ്ധ്വാനം ചെയ്തുവന്നു. അവൻ ഭക്ഷിക്കുവാൻ ഇഷ്ടപ്പെട്ടുവെങ്കിലും അദ്ധ്വാനിയ്ക്കുവാൻ ആഗ്രഹിച്ചില്ല. ശക്തന്മാർ അശക്തന്മാരുടെ അദ്ധ്വാനഫലംകൊണ്ട് ഭക്ഷണം കഴിച്ചുപോന്നു. ഇങ്ങിനെയാണ് തൊഴിൽപ്രശ്നത്തെ ആദ്യമായി മനുഷ്യൻ സമീപിച്ചത്.

ലോകത്തിലുണ്ടായ സംസ്കാരവിശേഷങ്ങളെല്ലാം തന്നെ തൊഴിലിനോട് മനുഷ്യൻെറ മേല്പറഞ്ഞ മനോഭാവത്തിൻെറ പ്രത്യക്ഷലക്ഷ്യങ്ങളായിരുന്നു. അത്തരം സംസ്കാരങ്ങൾ കുറെ കാലത്തോളം ഔന്നത്യം പ്രാപിച്ചുവന്നു. എന്നാൽ ഒരു ശാപമെന്നോണം അവ അധഃപതിയ്ക്കുകയോ നശിച്ചുപോകയോ ആണ് പിന്നീട് സംഭവിച്ചത്.

## തൊഴിലിന്റെ പ്രവൎത്തനം

ഭക്ഷണം ശരീരത്തെ നിൎമ്മിക്കുകയും നിലനിൎത്തുകയും ചെയ്യുന്നതുപോലെ തൊഴിൽ മനുഷ്യന്റെ മഹത്തായ വാസനകളെ വികസിപ്പിക്കുന്നു. മാംസപേശികൾ, എല്ലുകൾ, രക്തം മുതലായവ കൊണ്ടാണല്ലോ ശരീരം നിൎമ്മിയ്ക്കപ്പെട്ടിട്ടുള്ളത്. മാംസപേശികൾക്ക് പ്രോട്ടീനും എല്ലുകൾക്ക് കാൽസിയവും രക്തശുദ്ധീകരണത്തിന്ന് ധാതുലവണങ്ങളും ദേഹബലത്തിന്ന് കാർബോഹൈഡ്രേയിററും അത്യന്താപേക്ഷിതമാണ്. അപ്രകാരംതന്നെ യുക്തിപരമായ ചിന്തയേയും കല്പനാശക്തിയേയും ധൈര്യത്തേയും വളൎത്തുന്നതിന്നും മാംസപേശികളെ വേണ്ടതുപോലെ പ്രവൎത്തിപ്പിക്കുന്നതിന്നും തൊഴിൽ സഹായകമായിത്തീരുന്നു.

പാല് ഒരു പൂൎണ്ണഭക്ഷണമാകുന്നു കുറെ ചെറുനാരങ്ങാനീര് ചേൎത്താൽ അത് രണ്ടു ഭാഗമായി വേർതിരിയും. അപ്പോൾ പാലിലുള്ള ഗുണങ്ങൾ നശിക്കുന്നു. അതിനെ നമ്മുടെ പ്രധാന ഭക്ഷണമാക്കുകയാണെങ്കിൽ നാം മരിച്ചുപോകും. എന്തെന്നാൽ ഒരു പൂൎണ്ണഭക്ഷണത്തിലുള്ള പദാർത്ഥങ്ങൾ അതിലില്ല. അവ കൂടാതെ ജീവിക്കുക സാദ്ധ്യവുമല്ല പൌഷ്ടികപദാർത്ഥങ്ങൾ കൂടുതൽ കഴിച്ചാലും ഒട്ടും കഴിക്കാതിരുന്നാലും ആരോഗ്യത്തിന്ന് ഹാനികരമാണ്. അതുകൊണ്ട് ആരോഗ്യപരമായ ജീവിതത്തിന്നും വളർച്ചക്കും കാർബോഹൈഡ്രേയ്ററ്സ്, പ്രോട്ടീൻ, കൊഴുപ്പുകൾ, ലവ

ണങ്ങൾ, വിററാമിൻ എന്നീ പദാർത്ഥങ്ങൾ അടങ്ങിയ ഭക്ഷണം നാം കഴിക്കണം. അവയിൽ ചിലത് മധുരവും ചിലത് ഉപ്പുരസമുള്ളതും ചിലത് കയ്പും മററു ചിലത് പുളിപ്പുമുള്ളതുമായിരിക്കും. എന്നാൽ അവയെല്ലാം കൂടിച്ചേർന്ന് ശരീരത്തിന് ഉപയുക്തമായ ഭക്ഷണമായിത്തീരുന്നു. വിവിധപദാർത്ഥങ്ങൾ അടങ്ങിയ ഭക്ഷണസാധനങ്ങളെ നല്ലപോലെ ചവച്ചിറക്കണം. ഹൃദ്യമായ മധുരരസത്തെ മാത്രം ആശ്രയിച്ച് ജീവിക്കുക സാദ്ധ്യമല്ല.

## തൊഴിലിനെ വിഗ്രഹിക്കൽ

തൊഴിലിനെ ഒന്ന് വിഗ്രഹിച്ചുനോക്കുന്നപക്ഷം അത് ഒരു ശാപമല്ലെന്ന് നമുക്ക് ബോദ്ധ്യമാവും. അതിന് രണ്ടു ഘടകങ്ങൾ ഉണ്ട്. (1) വളർച്ചയ്ക്കുള്ള സ്വയംപര്യാപ്തത. അതായത് വ്യക്തിജീവിതത്തെ വികസിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യാൻ കഴിവുള്ള സൃഷ്ടിപരമായ ഒരു ശക്തിവിശേഷം. (2) കഷ്ടപ്പാടും മനംമടുപ്പും. ഗുണവും ദോഷവും അന്യോന്യം ബന്ധപ്പെട്ടുകിടക്കുന്നു. ഒന്ന് മററൊന്നിൻെറ വളർച്ചയ്ക്ക് സഹായിക്കുന്നു. ഭക്ഷണപദാർത്ഥങ്ങളിൽ പൌഷ്ടികവും അപൌഷ്ടികവുമായ വസ്തുക്കൾ അടങ്ങിയതുപോലെയാണിത്. ഒരു ശതമാനം ആനന്ദത്തിന്ന് 99 ശതമാനം അദ്ധ്വാനം അവശ്യമാണെന്ന് ഒരു ചൊല്ലുണ്ട്. ബുദ്ധിമുട്ടാതെ ലഭിക്കുന്ന ആനന്ദം

വിരസമാണ്. തൊഴിലിലുള്ള കഷ്ടപ്പാട് വളർച്ചയ്ക്കുള്ള ഒഴിച്ചുകൂടാത്ത ഒരു ഉപാധിയാകുന്നു. നാം തൊഴിലിനെ സമ്പൂർണ്ണമായി വെറുക്കുക അതിനെ വിഗ്രഹിച്ച് ബുദ്ധിമുട്ടുപിടിച്ച വശത്തെ വേർതിരിക്കുന്നതിന്നു വേണ്ടി ഒരിക്കലും ശ്രമിക്കാതിരിക്കുക. ഒരു ശതമാനം ആനന്ദത്തിന്നുവേണ്ടി 99 ശതമാനം അദ്ധ്വാനം ചെയ്യാൻ നമുക്ക് തെയ്യാറാവുക. റേഡിയോസംഗീതം കേട്ടുകൊണ്ടിരിയ്ക്കുകമാത്രം ചെയ്യുന്ന ഒരാൾക്ക് പാട്ടുകാരനാവാൻ സാദ്ധ്യമല്ല ദിനംപ്രതി പരിശീലിച്ചുവന്നാൽ വളരെ കാലത്തിന്നുശേഷം വിദഗ്ദ്ധനായ ഒരു ഗായകനായിത്തീരാം. തന്നിൽ ഒളിഞ്ഞുകിടക്കുന്ന സംഗീതവാസനയെ വികസിപ്പിയ്ക്കാം. ശാസ്ത്രം, കല, സംസ്കാരം എന്നിവയിലേയ്ക്ക് കുറുക്കുവഴികൾ ഇല്ല. കുറുക്കുവഴികളെ തേടിത്തേടി ജനങ്ങൾ അവസാനം നിരാശന്മാരായിത്തീരുകയാണ് പതിവ്.

## ഹിംസയും നാശവും

ഒരു ശാസ്ത്രജ്ഞനായിത്തീരുന്നതിന്നുമുമ്പ് ഒരാൾക്ക് വളരെക്കൊല്ലം ലാബ്രട്ടറിയിൽ കഠിനാദ്ധ്വാനം ചെയ്യേണ്ടിവരികയും സൽഫ്യൂറെയ്റഡ് ഹൈഡ്രജൻെറ ഗന്ധം എന്താണെന്ന് അറിയാനുള്ള കഴിവ് ഉണ്ടാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ തൊഴിലിൽനിന്നുണ്ടാകുന്ന ആനന്ദത്തോടൊന്നിച്ച് കഷ്ടപ്പാടുകളെക്കൂടി സ്വാഗതം ചെയ്യാൻ നാം ഒരുങ്ങി

യെങ്കിൽ മാത്രമേ പുരോഗതി സാധിക്കൂ. കഷ്ടപ്പെട്ടു വാൻ തെയ്യാറില്ലാത്തവക്ക് ആനന്ദം ലഭിക്കുകയില്ല. അഥവാ ലഭിച്ചാൽതന്നെ അതു് ക്ഷണികമായിരിക്കും.

വേണ്ടതുപോലെ കൈകാര്യം ചെയ്യുന്നപക്ഷം മനുഷ്യൻെറ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിന്നും വാസനകളെ പ്രോത്സാഹിപ്പിക്കുകയും വളത്തുകയും ചെയ്യുന്നതിന്നുമുള്ള ഒരു ഉപാധിയാണു് തൊഴിൽ. നിത്യജീവിതചര്യകളെ നോക്കിയാൽ ഒരാളുടെ ആദർശങ്ങളേയും ആശയങ്ങളേയും ധമ്മത്തെയുംപററി അറിയുവാൻ എളുപ്പമുണ്ടു്. ഒരാരം ചെയ്യു തൊഴിലിനേക്കാരം പ്രാധാന്യമേറിയതാണു് ആ തൊഴിൽ ആയാളിൽ വരുത്തീട്ടുള്ള മാററങ്ങരം. എന്തെന്നാൽ പ്രസ്തുത മാററങ്ങളാണു് വ്യക്തിത്വത്തെ വളത്തുന്നതും പുരോഗതിയിലേയ്ക്കു് നയിയ്ക്കുന്നതും.

പ്രകൃതിമാഗ്ഗത്തെ തടയുമ്പോരം സംഘട്ടനങ്ങരം ഉണ്ടാകുന്നു. ആത്മീയമായ ഭാഷയിൽ ഇതിന്നു പേർ പാപമെന്നാണു്. എന്നാൽ മനോവേദനയ്ക്കും മരണത്തിന്നും ഇടവരുത്തുന്ന ഹിംസ എന്നാണു് അതിനെ വ്യവഹരിക്കാറുള്ളതു്. തവിടുപുരണ്ട അരി നല്ലപോലെ കുത്തിവെളുപ്പിച്ചു് ഭക്ഷിക്കുകയാണെങ്കിൽ നമുക്കു് രോഗം പിടിപെട്ടേയ്ക്കും. അപ്രകാരംതന്നെ തൊഴിലിൻെറ ഒരു വശമായ ആനന്ദത്തെ മാത്രം ആശ്ലേഷിക്കാൻ ആഗ്രഹിക്കുന്നവർ ദുഃഖിതരും സവ്വ കഴിവുകളും നശിച്ചവരും ആയി പരിണമിക്കും.

## സാമ്രാജ്യങ്ങൾ

സ്വാഭാവികമായി മനുഷ്യർ കഷ്ടപ്പാട് സഹിക്കാൻ ആഗ്രഹിക്കാത്തവരാണ്. വിഷമങ്ങളെ കഴിയുന്നതും അന്യന്റെ തലയിൽ വെച്ചുകെട്ടുവാൻ നാം ശ്രമിക്കുന്നു. ഒരു പ്രവൃത്തി ചെയ്യാൻ മനം മടുപ്പുള്ള ഒരാൾക്ക് നിർബ്ബന്ധപൂർവ്വം അതിനെ മറ്റൊരാളുടെ മേൽ വെച്ചുകെട്ടേണ്ടിവരുന്നു ജീവിതം ആസ്വദിക്കാൻവേണ്ടിമാത്രം ഉള്ളതാണെന്നു നാം വിശ്വസിക്കുകയാണെങ്കിൽ തൊഴിലിന്റെ കഷ്ടതകൾ നിറഞ്ഞ വശത്തെ മററുള്ളവരെക്കൊണ്ടു നിർബ്ബന്ധപൂർവ്വം ചുമപ്പിക്കേണ്ടിവരും. തൊഴിലിൽനിന്നുണ്ടാകുന്ന ആനന്ദം അതിന്റെ സഹോദരനായ കഷ്ടപ്പാടിൽനിന്നു് അകന്നകന്നു പോകുന്നതിനെ തടയുവാനായി പാശ്ചാത്യരാഷ്ട്രങ്ങൾ യാതൊന്നുംതന്നെ ചെയ്തിട്ടില്ല ശക്തന്മാർ തൊഴിലിനെ വിഗ്രഹിച്ചു കഷ്ടപ്പാടിനെ തൊഴിലാളികൾക്കു കൊടുക്കുകയും ആനന്ദത്തെ സ്വയം ആസ്വദിക്കുകയും ചെയ്യുന്നു. തന്നിമിത്തം വളരെ പേർ അടിമകളായിത്തീൎന്നു. പുരാതനസാമ്രാജ്യങ്ങളായ ബാബിലോൺ, ഗ്രീസ്, റോമാ, ഈജിപ്ത് എന്നിവിടങ്ങളിലെ കലീനർ മേൽപ്രസ്താവിച്ച തത്വത്തെ അടിസ്ഥാനമാക്കി ജീവിച്ചു. അങ്ങിനെ സുഖത്തേയും സന്തുഷ്ടിയേയും തേടിയ അവൎക്ക് വളരെ പേർ അടിമകളാക്കേണ്ടിവന്നു. പ്രസ്തുത സാമ്രാജ്യങ്ങൾ വളരെകാലം നിലനില്ക്കുകയുണ്ടായില്ല. ഭൂമി മുഴുവൻ തങ്ങളുടേതാണെന്നു്

KOTTAYAM PUBLIC ... KOTTAYAM

അവകാശപ്പെടുന്ന ജന്മികൾ സ്വഃഭാഗങ്ങളിൽ മുഴുകിയിരിക്കുമ്പോൾ കൃഷിനടത്തുന്ന കർഷകൻ പണിയെടുത്തു കഷ്ടപ്പെട്ടു. ശക്തി പ്രയോഗിച്ചു സർവ്വാധിപത്യം നേടിയ ഒരു രാഷ്ട്രം മററു ദുർബ്ബലരാഷ്ട്രങ്ങളെ കീഴടക്കി അവയുടെ വിഭവങ്ങളെ കണ്ടമാനം ചൂഷണംചെയ്തു. ഇപ്രകാരം തൊഴിലിനെ വിഗ്രഹിച്ചതു ഹിംസയിലും നാശത്തിലുമാണു് പര്യവസാനിച്ചതു്. മററുള്ളവരെ അദ്ധ്വാനശീലരും സുഖസമ്പന്നരുമാക്കി മാററുവാൻ ആഗ്രഹിക്കുന്ന ആരുംതന്നെ തൻെറ കഷ്ടപ്പാടുകളെ കുറക്കുന്നതിനുവേണ്ടി സഹോദരങ്ങളുടെ അദ്ധ്വാനഫലത്തെ ചൂഷണംചെയ്യരുതു്.

അരിസ്റ്റോട്ടലിൻെറ അഭിപ്രായത്തിൽ അടിമത്തം പ്രകൃതിദത്തമായ ഒരു ഏർപ്പാടാണു്. ആത്മപ്രകാശനത്തിനു വേണ്ടിയല്ലാത്ത എല്ലാ പ്രവൃത്തിയും വിരസമായിത്തീരുന്നു. ഫലം അടിമത്തവും. തന്നിമിത്തം ഗ്രീക്കു്-റോമൻ സംസ്കാരങ്ങൾ തൊഴിലിനെ ഒരു ശാപമായി കണക്കാക്കി. കഠിനാദ്ധ്വാനത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാൻ സാധിക്കുന്ന ഒരു വ്യക്തിക്കു സമുദായത്തിൽ സമുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കാമായിരുന്നു. അടിമകൾ കഷ്ടപ്പെടുവാനായിമാത്രം ജനിച്ചു. ഇത്തരത്തിലുള്ള ഒരു ആദർശസംഹിതയുടെ കീഴിൽ വർത്തിച്ചിരുന്ന സംസ്കാരങ്ങൾ നാമാവശേഷമായിത്തീർന്നു. ചില പാശ്ചാത്യരാജ്യങ്ങളിലെ സാമ്പത്തികവ്യവസ്ഥകളിൽ ഇന്നും ഇതേ ആശയങ്ങളാണു് നിലകൊള്ളുന്നതു്.

മനുഷ്യനെ അവൻെറ പൂർവ്വികപദവിയിൽനിന്നു വേർപെടുത്തുകയും വ്യക്തിസ്വാതന്ത്ര്യമില്ലാതാക്കുകയു മാണ് അടിമസാമ്രാജ്യങ്ങൾ ചെയ്തതു്. അവൻെറ പ്രാഥമികമായ ഉല്പാദനോപകരണമാകുന്ന ഭൂമി കൈവശപ്പെടുത്തി സാമന്തസാമ്രാജ്യം തളിർത്തു. പണത്തിൻെറ അതിർകവിഞ്ഞ സ്വാധീനശക്തിയാൽ മാനുഷികമൂല്യങ്ങളെ വികസിപ്പിക്കാനുള്ള മാർഗ്ഗങ്ങളെ അടച്ചുകെട്ടി. കഠിനമായ അദ്ധ്വാനംകൊണ്ടുമാത്രം ഞെങ്ങിഞെരുങ്ങി ജീവിയ്ക്കുന്ന മൃഗപ്രായരായ ഒരുകൂട്ടം മനുഷ്യരെ സൃഷ്ടിച്ചുവിടുകയാണ് ഇന്നും മുതലാളിത്തരാഷ്ട്രങ്ങൾ ചെയ്യുന്നതു്. മററു രാജ്യങ്ങളെ കീഴടക്കി അവയുടെ മേൽ രാഷ്ട്രീയമേധാവിത്വം വെച്ചുകെട്ടി സാമ്രാജ്യത്വം വളൎന്നുവന്നു. അതു വ്യക്തികളുടെ സാമ്പത്തികമായ പുരോഗതിയെ തടസ്ഥപ്പെടുത്തി

## തൊഴിൽ ഏതെല്ലാം തരത്തിൽ

നമ്മുടെ ദൈനികകൃത്യങ്ങളെ മൂന്നായി തിരിക്കാം. (1) അന്യരിൽനിന്നുള്ള നിർബ്ബന്ധത്തിനു വിധേയമായി പ്രവൎത്തിക്കൽ. (2) പ്രവൃത്തിക്കുവേണ്ടിമാത്രം പ്രവൎത്തിക്കൽ. (3) സ്വയം ആലോചിച്ചുറച്ചു ചെയ്യുന്ന പ്രത്യേക ഉദ്ദേശത്തോടുകൂടിയുള്ള പ്രവൎത്തിക്കൽ. ആദ്യത്തെ തരം അടിമത്തവും മനുഷ്യൻെറ കാര്യക്ഷമമായ ശക്തിയെ നിശ്ശേഷം നശിപ്പിക്കുന്നതുമാണ്. രണ്ടാമത്തേതു ശരീരവികാസത്തിനോ മനോവിനോദ

ത്തിനോ വേണ്ടി നടത്തപ്പെടുന്ന കളികൾ, വിനോദങ്ങൾ മുതലായവയാണു്. എന്നാൽ മൂന്നാമത്തേതാണു് യഥാൎത്ഥവും ഉദ്ദേശപൂൎണ്ണവും ആയ തൊഴിൽ. ഇതു മനുഷ്യരിലുള്ള ജന്മസിദ്ധമായ ഗുണങ്ങളെ വികസിപ്പിക്കുന്നു.

## അടിമത്തം

പ്രവൃത്തിക്കുവേണ്ടി പ്രവൃത്തിക്കൽ എന്ന തത്വം ഒരതിൎത്തിവരെ സ്വീകാരയോഗ്യമാണെങ്കിൽ, അടിമത്തത്തിനുള്ള ദോഷങ്ങൾ എന്തെല്ലാമാണെന്നു നമുക്കു് ആരായേണ്ടിയിരിക്കുന്നു. മുൻകൈ എടുത്തു പ്രവൃത്തിക്കാനും മനസ്സിനിണങ്ങിയതു ചെയ്യാനും ഉള്ള സ്വാതന്ത്ര്യം അടിമസമ്പ്രദായത്തിൽ ഇല്ലാത്തതിനാൽ മനുഷ്യൻെറ വ്യക്തിത്വം നശിക്കാൻ കാരണമാകുന്നു, അങ്ങിനെ മനസ്സിൻെറ വികാസം നശിച്ചുപോകുന്നു. ഒടുവിൽ അവശേഷിക്കുന്നതു ചൈതന്യമററ ഒരു ഹൃദയം മാത്രമായിരിക്കും. വേണ്ടിടത്തു കഷ്ടപ്പാടു വെറുക്കപ്പെടുന്ന ഒന്നല്ല. എന്നാൽ അതുമാത്രമായാലോ സ്ഥിതി വളരെ ഭയങ്കരമായിരിക്കും. അരുചികരങ്ങളായ പദാൎത്ഥങ്ങളാണു് ദഹനത്തിന്നു് അധികമായും വേണ്ടതു്. അപ്രകാരംതന്നെ ഒരു നല്ല പ്രവൃത്തി ചെയ്യാൻ 90-95 ശതമാനം കഷ്ടപ്പാടു കൂടിയേ കഴിയൂ. എല്ലായ്പോഴും അരുചികരമായ ഭക്ഷണംമാത്രം കഴിക്കുന്ന ഒരാൾക്കു ജീവിതം നന്നെ മടുക്കും. പുനഃരാഗമനചിന്തകൾ നശിക്കും. അപ്രകാരമാണു് സമുദായത്തിൻെറ അധഃപതന

ത്തിനുള്ള ആരംഭം അടിമത്തത്തിൽ കിടന്നു നരകിക്കുന്നതു സ്വാതന്ത്ര്യതൊഴിലല്ല. ഏററവും നിരാശ നിറഞ്ഞ ഒരു ജീവിതമാണതു്. വൻകിട ഉല്പാദനവ്യവസ്ഥ ബഹുജനങ്ങളെ നിരാശപ്പെടുത്തുവാൻമാത്രമേ പര്യാപ്തമായിട്ടുള്ളു. സാമുദായികജീവിതത്തിന്നു് ഒരു വമ്പിച്ച വിപത്താണതു്. സഹകരണമനോഭാവത്തിനോ മാനുഷികമൂല്യങ്ങൾക്കോ യാതൊരു വിലയും കല്പിക്കാതെ പുറമെനിന്നുള്ള നിർബ്ബന്ധം ചെലുത്തലാണ് അടിമത്തത്തിൽ ഏററവും അസഹനീയമായി തോന്നുക. അങ്ങിനെ അടിമത്തം മനുഷ്യനെ അടിച്ചമത്തി മർദ്ദിച്ചു-കൊണ്ടു നാശത്തിലേക്കു കതിക്കുന്നു. തൊഴിൽജീവിതത്തിൻെറ ഏററവും ചീത്തയായ ഒരു മാതൃകയാണ് അടിമസമ്പ്രദായം

## പദവി

അലസമനോഭാവം തൊഴിലിനെ വെറുക്കുന്നു. ചുരുങ്ങിയ അദ്ധ്വാനംകൊണ്ടു് ഏററവും അധികം സമ്പാദിക്കുന്ന ആളെ സമർത്ഥനെന്നു പറയാറുണ്ടു്. ദേഹാദ്ധ്വാനം നിന്ദ്യമായി കരുതപ്പെടുമ്പോഴാണ് ചൂഷണത്തിനുള്ള വാസന വളൎന്നുവരുന്നതു്. പ്രവൎത്തിക്കാനുള്ള മനംമടുപ്പ് പ്രയ്യളിയവരുടെ അദ്ധ്വാനഫലത്തെ ചൂഷണംചെയ്യുന്നതിന്നായി നമ്മെ പ്രേരിപ്പിക്കുന്നു. തൊഴിൽ ഒരു ധനാഗമമാർഗ്ഗമായി മാത്രമേ ഈ സ്ഥിതിയിൽ കരുതപ്പെടുന്നുള്ളു. ധനത്തെ മനുഷ്യൻെറ ജീവിതാവശ്യങ്ങളെ നിർവ്വഹിക്കുന്നതിനുള്ള ഒരു ഉപക

രണമായല്ല, പ്രത്യുത മററുള്ളവരെ കീഴടക്കി അവരു ടെ മേൽ ആധിപത്യം നടത്തുന്നതിന്നുള്ള ഒരു വിശ്വ സ്തസഹചരനായിട്ടുകൂടി കരുതുന്നതാണ് ഇതെല്ലാം ദൌ ർഭാഗ്യകരമായിരിക്കുന്നത്. പാശ്ചാത്യോല്പാദനരീതി അധികാരസ്ഥാപനത്തിനുവേണ്ടി മാത്രമുള്ളതാണെ ന്ന് വ്യക്തമാണ്. തന്നിമിത്തം അവിടത്തെ മനുഷ്യ രുടെ അദ്ധ്വാനഫലം അനുചിതമാർഗ്ഗങ്ങളിലൂടെ വ്യ യം ചെയ്യപ്പെടുന്നു. കേന്ദ്രീകരിക്കപ്പെട്ട അധികാരം നന്മചെയ്താലും ശരി തിന്മചെയ്താലും ശരി, ആക്കും ചോദിക്കുവാൻ അവകാശമില്ല. മാർഗ്ഗം പിഴച്ചാൽ ഒരിക്കലും ലക്ഷ്യത്തിലെത്തുകയില്ല

മുതലാളിത്തവും കമ്യൂണിസവും അധികാരകേ ന്ദ്രീകരണത്തിന്നുവേണ്ടിയാണ് പ്രവത്തിക്കുന്നത്. മുത ലാളിത്തവ്യവസ്ഥയിൽ മുതലാളികളുടേയും കമ്യൂണി സ്റ്റ് വ്യവസ്ഥയിൽ ഭരണം നടത്തുന്ന ഒരു പിടി ആള കളുടെയും കയ്യിലാണ് അധികാരം നിക്ഷിപ്തമായിരി ക്കുന്നത്. ഈ പരിതസ്ഥിതിയിൽ തൊഴിലാളികൾ പ്രവർത്തിക്കാൻവേണ്ടി മാത്രം നിലകൊള്ളുന്നു. പ്രവ ത്തിക്കാൻവേണ്ടി മാത്രമുള്ള ഒരു യന്ത്രമായി കണക്കാ ക്കപ്പെടുന്ന മനുഷ്യന് അടിമയെന്ന് നിർവ്വചനം ചെയ്യാം. നേതൃത്വവിഹീനവും താല്പര്യരഹിതവുമായ തൊഴിൽ അടിമത്തത്തിൻെറ ചിഹ്നമാണ്. ഒരാൾ അദ്ധ്വാനിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. മ ററൊരാൾ അതുകൊണ്ട് കൈകാര്യം നടത്തുന്നു. അത്ത

രം തൊഴിൽ മനുഷ്യന്റെ ജീവിതരസം പിഴിഞ്ഞു കുടിക്കുകയും അന്ത്യകാലത്ത് അവനെ നിരാശാഗർത്തത്തിൽ ആഴ്ത്തിക്കളയുകയും ചെയ്യുന്നു. വ്യാവസായികമായി ഏററവും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നവകാശപ്പെടുന്ന ലോകത്തിലെ മിക്ക രാഷ്ട്രങ്ങളിലും കണ്ടുവരുന്ന ഒരു ഏർപ്പാടാണിത്. മൂകരായ കന്നുകാലികളെപ്പോലെയാണ് തൊഴിലാളികളുടെ ജീവിതം. അവക്ക് നേതൃത്വംവഹിക്കാൻ അവകാശമില്ല. ഉല്പാദനത്തിനുള്ള യന്ത്രങ്ങൾ മാത്രമാണവർ. നേതൃത്വഹീനമായ പ്രവർത്തിയാൽ ഉത്തരവാദിത്വബോധം നശിക്കുന്നു. ചിന്താശക്തി ഇല്ലാതാവുന്നു. തലവന്മാരുടെ ചവിട്ടടിയിൻകീഴിൽ ഞെങ്ങിഞെരുങ്ങുകനിമിത്തം വരാൻപോകുന്ന ആപത്തിനെപ്പററി അവക്കറിയാൻ കഴിയുന്നില്ല.

## കളി

രണ്ടാമത്തെ ഇനത്തിൽപെട്ട കളി ആരോഗ്യപരവും സുവ്യവസ്ഥിതവുമായ ജീവിതത്തിന്ന് അത്യന്താപേക്ഷിതമാകുന്നു. എന്നാൽ കളി മാത്രമായാൽ പോരാ. യാതൊരു ജോലിയും ചെയ്യാതെ കളിച്ചു നടക്കുകമാത്രം ചെയ്യുന്ന കുട്ടി മന്ദബുദ്ധിയായിത്തീരും. പുരാതന ഗ്രീക്ക്-റോമൻ സാമ്രാജ്യങ്ങളിലെ വിനോദങ്ങൾ മൃഗീയമായിരുന്നു. എന്നാൽ പരിഷ്കരിച്ച ഇന്നത്തെ സമുദായത്തിൽ കളിക്ക് മാന്യമായ ഒരു സ്ഥാനമുണ്ട്. കായികമായി ഇന്നത്തെ മനുഷ്യൻ

വികസിക്കുവാൻവേണ്ടി ശ്രമിക്കുന്നുണ്ടെങ്കിലും സദാചാരപരമായും ആത്മീയമായും അധഃപതിക്കുകയാണ് ചെയ്തിട്ടുള്ളതു്. തൊഴിൽ ശരീരത്തിന്നു് ആയാസവും മനസ്സിന്നു് ഉന്മേഷവും നല്കുന്നു. മിതവും പൌഷ്ടികവുമായ ആഹാരത്തിന്റെ ഫലം ചെയ്യുന്നു. ശരീരത്തിന്നു് വ്യായാമവും അതേ സമയത്തുതന്നെ മനസ്സിന്നു് വികാസവും സംതൃപ്തിയും കളികൊണ്ടു് സാധിക്കുന്നു. തൊഴിൽപരിശീലനത്തിന്നുവേണ്ട അച്ചടക്കംമാത്രം നിസ്സഹായരായ ആളുകളുടെ മേൽ വെച്ചുകെട്ടി തൊഴിലിന്റെ വിനോദപരമായ വശത്തെ തങ്ങൾക്കു് ആസ്വദിക്കണമെന്ന ആപൽക്കരമായ ഒരു മനോഭാവമാണു് ഇന്നു് 'വലിയവരിൽ' കണ്ടുവരുന്നതു്. തൊഴിലിലുള്ള കഷ്ടപ്പാടിനെ വേർതിരിക്കയും വിനോദത്തെ സ്വീകരിക്കയും ചെയ്യുന്നതാണു് ഹോക്കി, ടെന്നീസ്, ക്രീക്കെററ്, ഫുട്ബാൾ മുതലായ കളികളിൽനിന്നു് നമുക്കു് കാണാൻ കഴിയുന്നതു്. സ്വാഭാവികമായി അവ ആഡംബരപൂർണ്ണങ്ങളും പണക്കാർക്കുമാത്രം പററിയവയുമാണു്.

കപ്പലുകളിൽ വ്യായാമത്തിന്നുള്ള ചില ഏർപ്പാടുകളെല്ലാമുണ്ടു്. കരയിൽ ചെയ്യുന്ന വ്യായാമങ്ങൾ കപ്പലിൽ ചെയ്വാൻ സൌകര്യമില്ലാത്തതുകൊണ്ടു് യന്ത്രോപകരണങ്ങൾ നിർമ്മിച്ചിരിക്കുന്നു. കുതിരസവാരി ചെയ്യുന്നവർക്കു് ഒരു യന്ത്രക്കുതിരയുണ്ടാകും. പുറത്തുകയറിയിരുന്നു് ഒരു സ്വിച്ച് അമത്തിയാൽ അതു് ഓടുന്നു.

പക്ഷെ ജീവനുള്ള കുതിരപ്പുറത്തു് സവാരിചെയ്യുന്നതു പോലുള്ള സുഖം കിട്ടുകയില്ല. അപ്രകാരം പല വിനോദങ്ങൾക്കുമുള്ള ഉപകരണങ്ങൾ ഉണ്ടായിരിയ്ക്കും. വള്ളം കളിയ്ക്കു് കമ്പമുള്ളവക്കു് അതിനുള്ള സൌകര്യം ഉണ്ടാകും. പക്ഷെ യാതൊന്നിലും ശരിയായ തന്മയത്വം ഉണ്ടായിരിക്കുകയില്ല. ഇന്നത്തെ കളികളുടെ കാര്യവും ഏതാണ്ടു് ഇപ്രകാരമാണു്. കുറച്ചു ദിവസത്തേയ്ക്കു് കപ്പലിലെ കളികൾ നമുക്കു് ഹൃദ്യമായി തോന്നിയേക്കാമെങ്കിലും ക്രമേണ മടുക്കുവാൻ തുടങ്ങും. അങ്ങിനെ തൊഴിലിനെ അദ്ധ്വാനമായും കളിയായും തരംതിരിയ്ക്കുകയും വളരെപേർ അദ്ധ്വാനിയ്ക്കുന്നവർ മാത്രമായും ചുരുക്കം ചിലർ കളിക്കുന്നവർ മാത്രമായും രൂപാന്തരപ്പെടുകയും ചെയ്യുന്നു.

ഇപ്രകാരം ഒരു വ്യവസ്ഥയുമില്ലാതെ തൊഴിലിനെ തരംതിരിയ്ക്കുന്നപക്ഷം അദ്ധ്വാനം വിരസമായും കളി അഡംബരമായും ഭവിയ്ക്കുന്നു. മനുഷ്യസമുദായത്തിൻെറ പുരോഗതിയ്ക്കും സൌഖ്യത്തിനും രണ്ടും ഹാനികരമാണു്. ദരിദ്രൻ പട്ടിണികൊണ്ടും ധനവാൻ സുഖാധിക്യംകൊണ്ടും മരിയ്ക്കുന്നു. വളരെ കാലമായി സാമുദായികജീവിതത്തിൽ നിലനിന്നുവരുന്ന ഒരു ഏർപ്പാടാണിതു്. തന്നിമിത്തം വികാസം നിലയ്ക്കുന്നു. അച്ചടക്കത്തിൻെറ മൂശയിൽനിന്നു് സുഖഭോഗങ്ങളെ അകററിക്കൊണ്ടുള്ള അന്ധമായ ഈ പ്രയാണമാണു് ക്ഷാമം, യുദ്ധം, അകാലമൃത്യു എന്നീ അസ്വാസ്ഥ്യങ്ങൾ

ക്കെല്ലാം കാരണമാക്കുന്നത്. ഇതൊന്നവസാനിപ്പിക്കാൻ അടിയന്തിരമായി പരിശ്രമിക്കേണ്ടത് നമ്മുടെ കർത്തവ്യമല്ലയോ?

## സംസ്കാരം

തൊഴിലിനെ വിഗ്രഹിക്കുന്നതുകൊണ്ട് നമ്മുടെ വാസനകൾക്ക് ആരോഗ്യപരമായി വളരുവാൻ അവസരം കിട്ടുന്നില്ല. തന്നിമിത്തം രാഷ്ട്രത്തിൻെറ സംസ്കാരം അധഃപതിക്കുന്നു. പുറമേയ്ക്ക് കാണത്തക്ക ഫലങ്ങൾ ചെയ്യുന്നില്ലെങ്കിലും തൊഴിൽ ഒരു വ്യക്തിയുടെ ജീവിതത്തിന്ന് ഗണ്യമായ പരിവർത്തനം ഉണ്ടാക്കുന്നുണ്ട്. ഒരു വിദ്യാർത്ഥി സ്ലേററിൽ കണക്കുചെയ്യുകയാണെന്നിരിക്കട്ടെ. അപ്പോൾ, കുട്ടിയ്ക്ക് ലഭിക്കുന്ന മാനസിക പരിശീലനത്തിന്നാണ് അവൻ സ്ലേററിൽ എഴുതിയിട്ടുള്ള അക്കങ്ങളേക്കാൾ നാം കൂടുതൽ വില കല്പിക്കുന്നത്. സ്ലേററിലെ അക്കങ്ങൾ നമുക്ക് മായ്ക്കാൻ സാധിക്കും.

എന്നാൽ കുട്ടിയുടെ ബുദ്ധിയ്ക്ക് ലഭിച്ച പരിശീലനം എന്നെന്നും നിലനില്ക്കുന്നതായിരിക്കും. അപ്രകാരംതന്നെ ഒരു ആശാരി കൊത്തുവേലകൾചെയ്ത ഒരു മേശയുണ്ടാക്കുന്നു. തീയ്യിലിട്ടാൽ ആ ഭംഗിയുള്ള മേശ നശിച്ചുപോകുമെങ്കിലും ആശാരിയുടെ ശില്പവൈദഗ്ദ്ധ്യം അവൻെറ മരണംവരെ മനുഷ്യസമുദായത്തിന്നു് ഒരു സംഭാവനയായിത്തന്നെ നിലകൊള്ളും. സമുദായത്തിൻെറ ആവശ്യപൂർത്തിയ്ക്കുവേണ്ടി അവൻ പ്രവൎത്തിക്കു

മ്പോൾ, തന്റെ കലാവൈദഗ്ദ്ധ്യത്തെ ആവശ്യക്കാർക്കായി സംഭാവന നല്കുകയും ചെയ്യുന്നു. അങ്ങിനെ ഉല്പാദകനും ഉപഭോക്താവിനും ഇടയിൽ നടക്കുന്ന മാനസിക പ്രവൎത്തനവും പ്രതിപ്രവർത്തനവുമാണ് ഒരു രാഷ്ട്രത്തിന്റെ സംസ്കാരമായി പരിണമിക്കുന്നതു്. തൊഴിൽ വിഗ്രഹംകൊണ്ടു് ഉല്പാദകന്റെയും ഉപഭോക്താവിന്റെയും ഇടയിൽ നികത്താനാവാത്ത ഒരു വിടവ് ഉണ്ടായിത്തീരുന്നു. തന്നിമിത്തം സംസ്കാരത്തിന്റെ വളർച്ചയ്ക്കു് അവസരം ലഭിക്കുന്നില്ല.

## സംസ്കരിക്കപ്പെട്ട തൊഴിൽ

സംസ്കരിക്കപ്പെട്ട തൊഴിലിൽക്കൂടിയാണ് മനുഷ്യന്റെ ഏററവും നല്ല രൂപം നമുക്ക് ദർശിക്കാൻ സാധിക്കുന്നതു്. ജീവിതത്തിൽ നാം ചെയ്യുന്ന വലിയ തീരുമാനങ്ങൾ വഴിയായിട്ടല്ല, നേരെമറിച്ച് ദൈനംദിനജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന ചെറു പ്രശ്നങ്ങൾക്കുപോലും സമാധാനം കണ്ടുപിടിക്കുന്നതിൽ നിന്നാണ് സ്വഭാവരൂപവൽക്കരണം സാധിക്കുന്നതു്. ജീവിതത്തിന്റെ ഒരു വലിയ ഭാഗത്തെ തൊഴിലിനു വേണ്ടി നാം ഉഴിഞ്ഞുവെച്ചിട്ടുണ്ട്. നമ്മുടെ തൊഴിലിനെ ബാധിക്കുന്ന മററനേകം പ്രശ്നങ്ങളും അന്യരോടുള്ള നമ്മുടെ പെരുമാററവുംകൂടി നോക്കിയിട്ടാണ് ഇന്നതരക്കാരാണ് നാമെന്നു് തീരുമാനിക്കപ്പെടുന്നതു്. അതുകൊണ്ടു് തൊഴിൽ നമ്മിലുണ്ടാക്കുന്ന പരിവർത്തന

മെന്താണ് എന്നതിനെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ സാമ്പത്തികജീവിതമാണ് ലോകചരിത്രം സൃഷ്ടിക്കുന്നതെന്ന് സൂക്ഷ്മമായി ചിന്തിച്ചാൽ അറിയാം. സംസ്കാരങ്ങളുടെ ഉയർച്ചയും താഴ്ചയും സാമ്പത്തികജീവിതത്തിൻെറ ഫലമാകുന്നു. മതം സിദ്ധാന്തങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ടെന്നുമാത്രം. എന്നാൽ ഒരു പരീക്ഷണശാലയിലെന്നപോലെ തൊഴിലിൽക്കൂടിയാണ് അത്തരം സിദ്ധാന്തങ്ങളെ മാററുരച്ചു നോക്കീട്ടുള്ളതു്. അതുകൊണ്ടു് ആചരണക്രമങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവയേക്കാൾ ഒരു രാഷ്ട്രത്തിൻെറ വികാസത്തിന്നും വളർച്ചക്കും നിദാനമായി നില്ക്കുന്നതു് തൊഴിലാണ്. തൊഴിലിൻെറ അജയ്യമായ ഈ ശക്തിവിശേഷത്തെപ്പററി കൂലങ്കഷമായി ചിന്തിച്ചിട്ടുള്ളവർ ചുരുക്കമാകുന്നു.

വേണ്ടതുപോലെ കൈകാര്യം ചെയ്യുന്നപക്ഷം ക്ഷമാശീലം, സഹനശക്തി, നേതൃത്വത്തിനുള്ള പ്രാപ്തി, സൃഷ്ടിപരമായ വാസനകൾ, ആത്മവിശ്വാസം തുളുമ്പുന്ന വ്യക്തിത്വം, ഉത്തരവാദിത്വബോധം, കൃത്യനിഷ്ഠ, സൌന്ദര്യബോധം എന്നീ ഗുണഗണങ്ങളെ വളർത്തുവാനും വികസിപ്പിക്കുവാനുമുള്ള കഴിവ് തൊഴിലിനുണ്ട്. ജീവിതം എന്താണെന്നു് പഠിക്കാനുള്ള വിദ്യാലയമാണ് തൊഴിൽശാല. ഭക്ഷണം ശരീരത്തെ എപ്രകാരം

പോഷിപ്പിക്കുന്നുവോ അപ്രകാരം തന്നെയാണ് മനുഷ്യന്റെ വാസനകളെ തൊഴിൽ വികസിപ്പിക്കുന്നതു്.

മുതലാളിത്തവ്യവസ്ഥയിലും കമ്യൂണിസ്റ്റ് വ്യവസ്ഥയിലും തൊഴിൽക്കാരന്ന് തന്റെ ബുദ്ധിയേയും ഹൃദയത്തേയും ഉപയോഗിക്കാൻ സാധിക്കാതെ യന്ത്രത്തിന്നു തുല്യമായി വേലചെയ്യേണ്ടിവരുന്നു. അത്തരമൊരു സാമ്പത്തിക വ്യവസ്ഥിതിയിൽ സംസ്കാരത്തെ തേടുന്നത് പ്രവർത്തിസമയത്തിന്ന് പുറമേ ആയിരിക്കും. പ്രാകൃതികമായ തൊഴിൽപരിശീലനത്തിൽനിന്ന് ലഭിക്കേണ്ട സംസ്കാരത്തെ കൃത്രിമമാർഗ്ഗങ്ങളിൽക്കൂടി ജനങ്ങളുടെ മേൽ വെച്ചുകെട്ടുവാനുള്ള ഈ ശ്രമം മനശ്ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ കുററകരമാണ്. ഈ തെററിനെ തിരുത്തുവാൻ, അതായത് തൊഴിലിൽക്കൂടി സംസ്കാരത്തെ വളർത്തുവാൻ, അല്ലെങ്കിൽ ബുദ്ധിയും സൽസ്വഭാവവും കലാബോധവും തികഞ്ഞ വ്യക്തിത്വത്തെ സൃഷ്ടിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ തൊഴിലിനെ പ്ലാൻ ചെയ്യുന്നത് ഒരിക്കലും കേന്ദ്രത്തിൽനിന്നായിരിക്കരുത്. പ്ലാനിങ്ങ് വികേന്ദ്രീകരിക്കപ്പെടണം. തൊഴിൽ അങ്ങിനെ അതിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടാൽ അതിനെ തകിടംമറിയ്ക്കുവാൻ വന്നുചേരുന്നത് ഇന്ന് ജനഹൃദയങ്ങളിൽ കുത്തിച്ചെലുത്തികൊണ്ടിരിക്കുന്ന കൃത്രിമമായ വിദ്യാഭ്യാസസമ്പ്രദായവും സാമൂഹ്യക്രമങ്ങളും നീതികളുമായിരിക്കും. പുതിയ പുതിയ കണ്ടുപിടുത്തങ്ങളിൽക്കൂടി

KOTTAYAM PUBLIC LIBRARY KOTTAYAM No. 1118

യാണ് മനുഷ്യമനസ്സ് കാര്യങ്ങളെ സമീപിക്കുന്ന സമ്പ്രദായം നമുക്ക മനസ്സിലാക്കാൻ സാധിക്കുന്നത്. രണ്ടു നൂററാണ്ടുകളായി വളരെ അധികം യന്ത്രോപകരണങ്ങൾ അധികാരകേന്ദ്രീകരണത്തിന്നുവേണ്ടി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അത്തരം ഉപകരണങ്ങളെ ഭാവിയിൽ ഉല്പാദനത്തിന്നുവേണ്ടി നാം ഉപയോഗിക്കാതിരിക്കണം. എന്നാൽ ശരീരശ്രമത്തെ ഒരു പരിധിവരെ കുറക്കുന്നതും അധികാരശക്തിയെ കേന്ദ്രീകരിക്കാത്തതുമായ ഉപകരണങ്ങൾ വഴിയായി ഭാവിയിൽ ഉല്പാദനം നടത്തുവാൻ സാധിക്കുമെന്ന ഒരു ശുഭചിന്ത നമ്മളിൽ ഉണ്ടായിരിക്കുകയും വേണം.

അങ്ങിനെയുള്ള ഒരു ആത്മവിശ്വാസം പഴമയുടെ നാറിപ്പുളിച്ച വിശ്വാസങ്ങളെ പാടെ വിപാടനം ചെയ്യുകയും തൊഴിൽക്കാരൻെറ ശാരീരികവും മാനസികവുമായ അഭിവൃദ്ധിക്കുള്ളതാണ് തൊഴിൽ എന്ന ഒരു ബോധം ജനഹൃദയങ്ങളിൽ വളർത്തിക്കൊണ്ടുവരികയും ചെയ്യും.

നാം വ്യവഹരിച്ചുവരുന്ന 'ഒഴിവുസമയ'ത്തിന്ന് പ്രാകൃതികമായ തൊഴിൽപരിശീലനത്തിൽ വലിയ സ്ഥാനമൊന്നും ഉണ്ടായിരിക്കയില്ല. ഒഴിവുസമയം ആഹ്ലാദത്തോടുകൂടി കഴിച്ചുകൂട്ടുവാനുള്ള ജനങ്ങളുടെ മോഹം തീരെ ഇല്ലാതായി, പ്രവർത്തിച്ച് സമയം കഴിക്കുക എന്ന തത്വത്തെ അവർ സ്വീകരിച്ചുകൊള്ളും.

ഒഴിവുസമയത്തെ ദുരുപയോഗം ചെയ്യാതിരിക്കാനുള്ള മുഖ്യകാരണം തൊഴിലിൽനിന്ന് ലഭിക്കുന്ന സമുന്നതമായ അച്ചടക്കബോധമായിരിക്കും. നമ്മുടെ നിത്യതൊഴിലിൽക്കൂടിത്തന്നെ വ്യക്തിത്വവികസനത്തിന്നുള്ള ഉരുപ്പടികൾ ലഭിക്കുമ്പോൾ ഒഴിവുസമയത്തിന്റെ ആവശ്യമെന്താണ്? ശാരീരികമായ ക്ഷീണം തീക്കുവാൻ വിശ്രമവും ഉറക്കവും അത്യന്താപേക്ഷിതമാകുന്നു.

വ്യക്തിയെ വിഗണിച്ച് ഉപകരണങ്ങൾക്ക് പ്രാധാന്യം നല്കുന്നപക്ഷം ശരിയായ തൊഴിലിന്റെ അന്തഃസാരം ഗ്രഹിക്കുവാൻ നമുക്ക് സാധിക്കുന്നതല്ല. ഒരു പരിശീലനകേന്ദ്രത്തിലെ യുവാക്കൾ ചിപ്പുളി ചുററിക മുതലായ പണിയായുധങ്ങൾ ഉപയോഗിക്കുമ്പോൾ മരത്തിന്നു ചില്ലറ നാശം വരുമെങ്കിൽക്കൂടി അവരുടെ ശരീരത്തിന്ന് ആയാസവും ബുദ്ധിക്ക് വികാസവും കിട്ടുന്നു. നേരെമറിച്ച് ഒരു വലിയ ഈൎച്ച യന്ത്രത്തിന്റെ സഹായത്താൽ അവർ ഭംഗിയേറിയ മരത്തരങ്ങൾ നിൎമ്മിക്കുകയാണെങ്കിൽ ഉൽപാദനവൃദ്ധിയുണ്ടായി എന്നല്ലാതെ അത് ഒരിക്കലും ഒരു പരിശീലനമായിരിക്കുകയില്ല. യന്ത്രനിൎമ്മിതമായ ഭംഗിയുള്ള മരസ്സാമാനങ്ങൾ യുവാക്കളുടെ വൈദഗ്ദ്ധ്യത്തെക്കാൾ കൂടുതൽ ശ്രേഷ്ഠതരമാണോ എന്നൊന്ന് ചിന്തിക്കേണ്ടതുണ്ട്.

മനുഷ്യനെ ഒരു മൃഗമോ യന്ത്രമോ ആയി തരംതാഴ്ത്താതിരിക്കുന്നതിന്ന് നാം ചെയ്യേണ്ടതെന്തെന്നാൽ

ധനാജ്ജനം, ശക്തിസംഭരണം എന്നീ ലക്ഷ്യങ്ങാം ക്കുള്ള മാർഗ്ഗമായി തൊഴിലിനെ നാം സ്വീകരിക്ക രുത്. അത് ധനവിതരണത്തിനുള്ള ഒരുപാധിയായി രിക്കണം. അങ്ങിനെ ചെയ്യുന്നപക്ഷം കോടീശ്വരന്മാ രുടെ പ്രതാപം അസ്തമിക്കുകയും പട്ടിണിപ്പാവങ്ങളു ടെ ജീവിതത്തോത് കുറെക്കൂടി ഉയരുകയും ചെയ്യും. നാണയവിലയ്ക്കു് മാററംവരുത്താതെ തന്നെ ദേശീയവ രുമാനത്തെ വഢിപ്പിക്കാൻ ഇതുകൊണ്ടു് സാധിക്കും. ലക്ഷം ഉറുപ്പിക ഒരു വ്യക്തിയുടെ പെട്ടിയിൽ ഇരി ക്കുന്നതിനേക്കാഠം എത്രയോ അധികം ഉപയോഗപ്രദ മായിട്ടുള്ളത് ആയിരക്കണക്കിലുള്ള പാവങ്ങാംക്ക് സ്വതന്ത്രമായി പ്രവത്തിച്ചു ജീവിയ്ക്കാൻ വേണ്ട കള മൊരുക്കിക്കൊടുക്കുന്ന കാര്യത്തിൽ ചിലവു ചെയ്യുക യാണ്. മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെ നിർവ്വ ഹിക്കുന്നതിനേക്കാഠം ഇന്നത്തെ ഉല്പാദനസമ്പ്രദായം പ്രധാനമായി കരുതുന്നത് ലാഭം കൂടുതൽ ഉണ്ടാക്കുന്ന തിനുള്ള മാർഗ്ഗങ്ങളെ ആരായുന്നതിലാണ്. അങ്ങിനെ ദരിദ്രൻെറ ആവശ്യങ്ങഠം വിസ്മരിക്കപ്പെടുകയും ധന വാൻെറ ആഢംബരത്തിന്നു് പ്രോത്സാഹനം ലഭിക്കു കയും ചെയ്യുന്നു.

ധനാജ്ജനവും ശക്തിസംഭരണവും ഉൽപാദന ത്തിൻെറ ലക്ഷ്യമാക്കരുതു്. തൊഴിൽക്കാരൻെറ ജീവി താവശ്യങ്ങളെ പൂർത്തിപ്പെടുത്തുക എന്ന തത്വം സ്വീക രിച്ചാൽ അത് സ്വയംസമ്പൂർണ്ണതയിലേയ്ക്കു് നമ്മെ

അടുപ്പിക്കും. അങ്ങിനെ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവകൾക്ക വേണ്ടി വ്യവസായത്തെ വിനിയോഗിക്കണം.

മേൽപറഞ്ഞ വീക്ഷണഗതിയ്ക്കനുസരിച്ച് തൊഴിലിനെ ഏതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യുന്നതു് പാപകരവും ദുഃഖകാരണവുമായി ഭവിക്കുന്നു. ധനസംഭരണത്തിനുവേണ്ടിയുള്ള ഒരു ഉപാധിയായിട്ടാണ് പാശ്ചാത്യസ്ഥാപനങ്ങൾ തൊഴിലിനെ കണക്കാക്കിവരുന്നതു്. അതായതു്, പൊതുജനങ്ങളെ അടിമപ്പെടുത്തുന്നതിനുവേണ്ടി ഉൽപാദനാധികാരം അവർ ആർക്കും വിട്ടുകൊടുക്കുന്നില്ല. ഇതിൽനിന്നാണ് സ്വാർത്ഥ്യം ഹിംസയും ആരംഭിക്കുന്നതു്. അല്ലാതെ മറെറന്തു പ്രതീക്ഷിക്കാം? അതിനാൽ നമ്മുടെ കണ്ണ്തുറക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. തൊഴിലിനു് അതു് അർഹിക്കുന്ന സ്ഥാനം കൊടുക്കണം. അങ്ങിനെ മനുഷ്യൻെറ പ്രകൃതിജന്യങ്ങളായ കഴിവുകളെ വികസിപ്പിക്കാതിരിക്കുന്നപക്ഷം ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കുന്ന വ്യക്തികൾ നമ്മുടെ ഇടയിൽ ഇല്ലാതെകണ്ടാവും. തന്നിമിത്തം രാഷ്ട്രത്തിൻെറ ഭദ്രതയും ശാന്തിയും അപകടത്തിലാവുകയും ചെയ്യും.

## ആലസ്യം

ആധുനികലോകത്തിൻെറ അവ്യവസ്ഥിതിയിൽ നിന്നു് ഒഴിഞ്ഞുനിന്നെങ്കിൽ മാത്രമേ വാസ്തവസ്ഥി

തിയെ കണ്ടറിയുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ഹൃദയംഗമമായി പ്രവൃത്തിക്കുന്ന ഒരു തൊഴിൽക്കാരൻ തൻെറ തൊഴിലിൻെറ പ്രഭാവംകൊണ്ട് നല്ലവനായി തീരുന്നു. പ്രകൃതിനിയമങ്ങൾക്ക് വിധേയനായി പ്രവത്തിക്കുന്ന ഒരു തൊഴിൽക്കാരന്നു് വളരാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നത് പ്രകൃതിതന്നെയാണ്. ഉദാഹരണമായി ചിത്രകലയിൽ വാസനയുള്ള ഒരാൾക്കു കാറോടിക്കുവാൻ പരിശീലനം കൊടുക്കുകയാണെങ്കിൽ അതു ആ കാറിൽ ഇരുന്നു് സഞ്ചരിക്കുന്നവരുടെ ഒരു ദുര്യോഗമായിരിക്കും. വാസനയ്ക്കനുസരിച്ച് പ്രവത്തിച്ചാൽ മാത്രമേ ഒരാൾക്കു് തൻെറ തൊഴിലിൽ പ്രാവീണ്യം നേടാൻ കഴിയൂ. യഥാസ്ഥാനത്ത് നിശ്ചയിക്കപ്പെടുന്ന ഒരു വ്യക്തിയിൽ അവൻെറ തൊഴിൽ വരുത്തിത്തീത്തിട്ടുള്ള പരിവർത്തനം ഇന്നതാണെന്നു് നമുക്ക് എളുപ്പത്തിൻ മനസ്സിലാക്കാം. എന്നാൽ ഇന്നത്തെ ഫാക്ടറി തൊഴിലാളികളുടെ സ്ഥിതി എന്ത്? അവരുടെ കഷ്ടപ്പാടിന്നു് തക്ക വല്ല ഉയർച്ചയും അവക്കുണ്ടായിട്ടുണ്ടോ? ഒരിക്കലും ഇല്ല. മാത്രമല്ല നിരാശയിലാണ്ട, ചൈതന്യമററ ഒരുകൂട്ടം സ്ത്രീപുരുഷന്മാരെയാണ് നാം കാണുന്നത്. കാരണം എളുപ്പത്തിൽ കണ്ടുപിടിക്കാം. അടിമവേല അവരുടെ ജീവിതത്തെ ഗ്രസിച്ചിരിക്കുന്നു. ഞരമ്പുരോഗങ്ങൾ അവരെ ബാധിച്ചിരിക്കും. അതായത്ു് മാസ്റ്റും അപ്രാകൃതികമായതുകൊണ്ടാണ് പരിണാമം അധഃപതനവും നാശവുമായി തീന്നതു്.

## ശ്രമവിഭജനം

വൈശിഷ്ട്യവും പ്രാപ്തിയും വൎദ്ധിപ്പിക്കുന്നതിന്നു വേണ്ടി ചെയ്യപ്പെടുന്ന ശ്രമവിഭജനത്തിൻെറ നന്മകളെ ആരുംതന്നെ ചോദ്യംചെയ്യുന്നതല്ല. ഒരുകാലത്ത് നമ്മുടെ രാജ്യത്തിലുള്ള തൊഴിൽക്കാൎക്ക് വിശിഷ്ടവസ്തുക്കഠം നിൎമ്മിക്കാനുള്ള കഴിവുണ്ടായിരുന്നു. എന്നാൽ പാരമ്പൎയ്യത്തിൻെറയും ജാതിയുടേയും തണലിൽ തൊഴിലിനെ പ്രതിഷ്ഠിച്ചപ്പോഠം വൈദഗ്ദ്ധ്യം അസ്തമിക്കാൻ തുടങ്ങി. ഇങ്ങിനെയാണ് കുഴപ്പങ്ങഠം ആരംഭിച്ചതു്.

ശ്രേഷ്ഠമായ ശ്രമവിഭജനമാണെന്നു് സങ്കല്പിച്ച് പാശ്ചാത്യവ്യവസായികഠം തൊഴിലിനെ ഏററവും ചെറിയ ഘടകങ്ങളായി വേർതിരിയ്ക്കുക കാരണം തൊഴിലും അതിനാവശ്യമായ ശ്രമവും മനുഷ്യസമുദായത്തിൻെറ പുരോഗതിയ്ക്കു് വിഘാതമായിത്തീൎന്നിട്ടുണ്ടു്.

തൊഴിൽ ഉൽപാദനത്തിന്നുവേണ്ടിമാത്രം നടത്തപ്പെടരുത്. ആരോഗ്യദായകവും ലാഭപ്രദവുമായ തൊഴിലിൽ വൈവിദ്ധ്യം അത്യന്താപേക്ഷിതമാണ്. എന്നാൽ മാത്രമേ തൊഴിൽക്കാരന്നു് മടുപ്പും ക്ഷീണവും കൂടാതെ പ്രവൃത്തി ഏൎപ്പെടുക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് ശ്രേഷ്ഠതയ്ക്കുള്ള അവകാശങ്ങഠം നിഷേധിക്കപ്പെടാതെ ശ്രമവിഭജനത്തിനു് നിലകൊള്ളണമെങ്കിൽ അതിന്നു് ചില പരിധികഠം ആവശ്യമാകുന്നു.

ഓരോ ചെറിയ ഘടകവും ഒരു പൂർണ്ണവ്യവസായത്തിന്ന് തുല്യമാകേണ്ടതും ഒരു പ്രകാരത്തിലും അതിനെ ഒരു യാന്ത്രികവ്യവസായത്തിൻെറ പദവിയിലേയ്ക്കു് താഴ്ത്താതിരിക്കേണ്ടതുമാണ്. ഉദാഹരണമായി ആശാരിപ്പണിയെ വണ്ടിച്ചക്രനിർമ്മാണം, ചക്രനിർമ്മാണം എന്നിങ്ങിനെ തരംതിരിയ്ക്കുക. ഇവ രണ്ടും തൊഴിൽക്കാരൻെറ വൈദഗ്ധ്യം പ്രദർശിപ്പിക്കേണ്ട വ്യവസായങ്ങളാണ്. ഓരോന്നും പ്രവൃത്തിക്കാരൻെറ വാസനയെ വികസിപ്പിക്കുന്നു. ഉൽപാദിതവസ്തുക്കൾ പൂർണ്ണങ്ങളും വിക്രയയോഗ്യങ്ങളുമാകുന്നു. എന്നാൽ ചക്രത്തിൻെറ അഴികൾ ഉണ്ടാക്കുക, ഉണ്ടാക്കിയ അഴികളെ ഉഴിഞ്ഞ് മിനുസപ്പെടുത്തുക, എന്നിങ്ങിനെ ഭാഗിയ്ക്കുകയും ഓരോന്നിന്നും ഓരോ പ്രത്യേകവ്യവസായത്തിൻെറ രൂപം നല്കുകയും ചെയ്യുകയാണെങ്കിൽ അതു് കഠിനമായ കഷ്ടപ്പാടിന്ന് മാത്രമേ ഇടവരുത്തുകയുള്ളു. തോൽവ്യവസായത്തിൽ ചെരുപ്പുനിർമ്മാണത്തെ ഒരു നല്ല ഉപവ്യവസായമായി എടുക്കാം. എന്നാൽ ചെരുപ്പിൻെറ സോളിന്നുവേണ്ട തോൽ മുറിച്ചിടുന്നതിനെക്കൂടി ഒരു വ്യവസായമാക്കുകയാണെങ്കിൽ അതിനു് ഒരിക്കലും പൂർണ്ണതയുണ്ടാവുകയില്ല. ആധുനികഫാക്ടറികളിൽ ശ്രമത്തെ വിഭജിച്ച് ആണിയിടൽ, ബോൾട്ടു് മുറുക്കൽ എന്നിതുകൾക്കുകൂടി പ്രത്യേകവ്യവസായത്തിൻെറ പദവി കൊടുത്തിരിയ്ക്കുന്നു. ദിവസത്തിൽ 8 മണിക്കൂർവീതം കൊല്ലത്തിൽ 300

ദിവസം ഇതേ പ്രവൃത്തിതന്നെ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അതു് മനുഷ്യൻെറ തലഃച്ചോറിനെ സാരമായി ബാധിക്കുന്നതായിരിക്കും. കൂലി എത്രതന്നെ കിട്ടിയാലും ശരി തൊഴിൽക്കാരൻെറ ജീവിതം മരവിച്ചുപോകും. ലോകത്തിൽ ഏററവും അധികം വ്യവസായവൽക്കരിക്കപ്പെട്ട അമേരിക്കയിലെ അധികപേർക്കും ഞരമ്പുരോഗങ്ങൾ പിടിപെട്ടിട്ടുള്ളതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്? മനുഷ്യശരീരം ഒരു യന്ത്രമല്ല. തൻെറ വാസനകളെ വികസിപ്പിക്കുവാൻ പററിയ ഒരു പ്രായോഗികപരിപാടി മാത്രമേ മനുഷ്യന്നു് പററുകയുള്ളൂ. ഈ സ്ഥിതി മാററുവാനുള്ള ഏകമാർഗ്ഗം പൂർണ്ണമായ തൊഴിൽപരിശീലനം കൊടുക്കലാണ്.

ശ്രമവിഭജനത്തിലെ ഏററവും ചെറുഘടകങ്ങൾ മനുഷ്യശക്തിയെ ദുർവ്വ്യയം ചെയ്യുകയും തൊഴിൽക്കാരനെ അലസനാക്കുകയും ചെയ്യുന്നു. അദ്ധ്വാനശീലനായ ഒരു തൊഴിൽക്കാരനെ അതു് പതാണ്ടു് 45 വയസ്സ് പ്രായമാവുമ്പോഃഴയ്ക്കു് ചൈതന്യമററ ഒരാളാക്കിത്തീർക്കും. നിശ്ചിത കൂലിവ്യവസ്ഥ ഉൽപാദകനെ നശിപ്പിക്കുന്ന ഒരു ഏർപ്പാടാണ്. തന്നിമിത്തം സമുദായം അധഃപതിക്കും. വ്യവസായ ഉടമയ്ക്കു് ധനാർജ്ജനത്തിന്നു് കഴിവുണ്ടാകുന്നുവെങ്കിലും മനുഷ്യപ്രയത്നം ദുരുപയോഗപ്പെട്ടുപോകുന്നു. തൻെറ പ്രവർത്തനസമ്പ്രദായംകൊണ്ടുണ്ടാകുന്ന വമ്പിച്ച നാശത്തെപ്പററി

ഉടമസ്ഥന്ന് ചിന്തയില്ല. ഒരു തൊഴിൽക്കാരന്നു് എന്തെങ്കിലും ആപത്ത് നേരിടുകയാണെങ്കിൽ ഉടൻ തന്നെ അവനെ മാററി തൽസ്ഥാനത്ത് കൂടുതൽ യുവത്വവും ശക്തിയുമുള്ള മറെറാരാളെ നിശ്ചയിക്കുന്നു. സ്നേഹം, ദയ മുതലായ ഗുണങ്ങളെപ്പററി ചിന്തിക്കുകയേ വേണ്ട. ജീവിതം മുഴുവൻ തനിക്കുവേണ്ടി ബലിയപ്പിച്ച ഒരു പ്രവൃത്തിക്കാരനേപ്പോലും പിരിച്ചുവിടുന്നതു് ഒരു സിഗരററ്കുററി വലിച്ചെറിയുന്നതുപോലെ മാത്രമേ ഉടമസ്ഥൻ കണക്കാക്കീട്ടുള്ളൂ. കഷ്ടപ്പെട്ടും ഒരാൾ ജോലിക്കു തെയ്യാറായാൽക്കൂടി ചുരുങ്ങിയ കൂലിക്കു കിട്ടുന്ന കായബലമുള്ള ഒരാളെ മാത്രമേ ഉടമസ്ഥൻ നിശ്ചയിക്കുകയുള്ളൂ. തൊഴിൽക്കാരൻെറ ജീവിതരസം വലിച്ചുകുടിച്ച് തടിച്ചുകൊഴുത്ത ഉടമസ്ഥന്നു് തൻെറ കർത്തവ്യത്തേപ്പററി ചിന്തിക്കുകയേ വേണ്ട. മനുഷ്യൻെറ ജീവിതത്തേയും വാസനകളേയും ദുരുപയോഗപ്പെടുത്തുന്ന ഒരു ഏർപ്പാടാണിതു്. ഒരുപക്ഷെ കുറെ കാലം കഴിഞ്ഞാൽ തൊഴിൽക്കാരന്നു് ഒരു ചുരുങ്ങിയ കൂലികയററം കിട്ടിയെന്നു വരാം. എന്നാൽ 45 വയസ്സ് പ്രായമാവുമ്പോഴേയ്ക്കു് അവനെ ജീവച്ഛവമാക്കീട്ടുണ്ടെന്ന വസ്തുത അവൻ അറിയുന്നതുമില്ല.

കൂലികയററത്തിൻെറ പ്രലോഭനങ്ങൾക്കു് വശംവദനായി ജീവിതയാഥാർത്ഥ്യങ്ങളെ തീരെ വിസ്മരിച്ച് മാനുഷികമൂല്യത്തേയും സംസ്കാരത്തേയും വിഗണിച്ച് ജീവിക്കുന്ന ഒരു മനുഷ്യന്നു് സ്വതന്ത്രചിന്തനം സാ

ദ്ധ്യമല്ലാതാവുകയും ധാർമ്മികമായ അധഃപതനം സംഭവിക്കുകയും ചെയ്യുന്നു.

ഈ പരിതസ്ഥിതിയിൽ ചക്കവലിച്ചുകൊണ്ട് നടക്കുന്ന കാളയെപ്പോലെയാകും തൊഴിലാളിയുടെ സ്ഥിതി. കാളയുടെ കണ്ണുകൾ കെട്ടപ്പെട്ടതുകൊണ്ട് എവിടെയ്ക്ക് എന്തിന് പോകുന്നുവെന്നത് അത് അറിയുന്നില്ല. തൻെറ മൂക്കുകയറ് മനുഷ്യൻ പിടിക്കുകയല്ല പ്രത്യുത ഒരു യന്ത്രത്തിൽ ഘടിപ്പിച്ചിരിക്കുകയാണ്. എന്നാൽ കാളയാകട്ടെ നിശ്ചിതപരിധിയിൽ നിന്ന് വിട്ടുപോകാതെ ഇടത്തോട്ട് തിരിഞ്ഞ് പ്രദക്ഷിണംവെക്കുവാൻ തുടങ്ങുന്നു. ആട്ടുകാരൻ പുത്തൻ പിണ്ണാക്കിട്ട് കഞ്ഞികൊടുത്ത് തൻെറ ഔദാര്യം വെളിപ്പെടുത്തും. രാവിലെത്തൊട്ട് വൈകുന്നേരംവരെ അദ്ധ്വാനിച്ചതിനുള്ള കൂലിയാണതു്. നമ്മുടെ മിൽ തൊഴിലാളികൾ ഇതിൽനിന്ന് ഒട്ടും വ്യത്യസ്തരല്ല. ആഹ്ലാദം നിറഞ്ഞ ജീവിതവും ആരോഗ്യദായകമായ ചുററുപാടുകളും അവക്ക് അനുവദിക്കപ്പെട്ടിട്ടില്ല. വളരാനും വികസിയ്ക്കാനുമുള്ള സൌകര്യങ്ങൾ അവക്ക് നിഷേധിയ്ക്കപ്പെട്ടിരിക്കയാണ് , പ്രകൃതിനിയമങ്ങൾക്ക് അനുയോജ്യമായ തൊഴിൽസമ്പ്രദായമല്ല ഇതു്. തൊഴിൽക്കാരുടെ വാസനകളെ നശിപ്പിക്കുവാനും ജീവിതത്തെ മരവിപ്പിയ്ക്കുവാനും മാത്രമേ ഇതുകൊണ്ട് സാധിക്കുന്നുള്ളൂ. ഈ നഷ്ടത്തെ തീക്കുവാൻ എത്ര പണം കൂലികൊടുത്തിട്ടും കാര്യമില്ല.

## വിശ്രമം

വ്യവസായികൾ തൊഴിലിന്റെ കഷ്ടപ്പാടിൽനിന്നു് മുക്തരായി അതിൽനിന്നു ലഭിക്കുന്ന ആനന്ദത്തിൽ മാത്രം മുഴുകി ജീവിക്കുമ്പോൾ നമ്മുടെ സോഷ്യലിസ്റ്റ് സ്നേഹിതന്മാർ തൊഴിലിൽനിന്നു് വിശ്രമത്തെ കടഞ്ഞെടുക്കുവാനുള്ള സ്വപ്നം കാണുകയാണു് ചെയ്യുന്നതു്. വാസ്തവം പറയുകയാണെങ്കിൽ തൊഴിലിൽ വിശ്രമം അടങ്ങീട്ടുണ്ടു്. സംഗീതത്തിൽ സ്വരങ്ങൾ തമ്മിലുള്ള അകൽച്ചപോലെയാണു് വിശ്രമം തൊഴിലിന്റെ അവിഭാജ്യഘടകമായിരിക്കുന്നതു്. രണ്ടിനേയും വേർതിരിക്കുക സാദ്ധ്യമല്ല. എല്ലാ പ്രവർത്തനങ്ങളേയും സ്തംഭിപ്പിക്കുന്ന ഒന്നല്ല വിശ്രമം. അതു് മരണത്തിന്റെ പ്രവൃത്തിയാണു്. ആലസ്യവും വിശ്രമമല്ല. ആലസ്യം നാശത്തിനുള്ള വഴിയുണ്ടാക്കുന്നു ഒരു വശത്തു് അന്തഃകരണത്തിന്നു് സ്വസ്ഥത നല്കുമ്പോൾ മറുവശത്തു് വ്യക്തിത്വത്തെ വികസിപ്പിക്കുന്നതാണു് ഉത്തമമായ വിശ്രമം. ഒരു ബുദ്ധിജീവി തന്റെ മേശയ്ക്കരികേ ഇരുന്നു കുറെ പ്രവർത്തിച്ചു മട്ടത്താൽ തോട്ടപ്പണിയിലോ മറേറാ ഏർപ്പെട്ടു് മാനസികസ്വാസ്ഥ്യം നേടുന്നു. ഏതൊരു തൊഴിലും അതിന്റെ യഥാർത്ഥരൂപത്തെ പ്രാപിക്കണമെങ്കിൽ പ്രാകൃതികമായിരിക്കേണ്ടതും മനുഷ്യന്റെ ഇടപെടൽകൊണ്ടു് വന്നുചേരുന്ന കൃത്രിമതയിൽനിന്നു് വിട്ടുനില്ക്കേണ്ടതുമാണു്. മേൽപ്പറ

ഞ്ഞ തരത്തിലുള്ള പൂരണങ്ങൾ അതിന്നു് ഒഴിച്ചുകൂടാത്തതാകുന്നു.

ഒരിയ്ക്കൽ വിദഗ്ദ്ധനായ ഒരു എഞ്ചിനീയറുമായി തൊഴിലിൻെറ ഈ പ്രത്യേകതയെപ്പററി ഞാൻ സംസാരിയ്ക്കുകയായിരുന്നു. തൊഴിലും വിശ്രമവും ഒരേ സമയത്തു് ഉണ്ടാകുന്നതെങ്ങിനെ എന്നു് അദ്ദേഹത്തിന്നു് മനസ്സിലായില്ല. ഇതിനെ ശാസ്ത്രീയമായി പ്രതിപാദിയ്ക്കുന്നതു് വിഷമമമാണ്. എന്നാൽ പ്രയോഗത്തിൽ കൊണ്ടുവരിക വളരെ എളുപ്പവുമാണ്. ഒരു തൊഴിൽക്കാരനെ കണ്ടുപഠിയ്ക്കാൻ ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അദ്ദേഹം എൻെറ അഭിപ്രായം സ്വീകരിച്ചു. അങ്ങിനെ ഞങ്ങൾ ഒരു സ്കൂൾമാസ്റ്ററെ സമീപിച്ചു. അദ്ദേഹം ഒഴിവുസമയങ്ങളിൽ തൊപ്പിയുണ്ടാക്കി വരാറിരുന്നു. അതു കണ്ടിട്ടു് തൊപ്പിനിർമ്മാണത്തിൽ തൊഴിലും വിശ്രമവും തരംതിരിച്ചുതരുവാനായി എഞ്ചിനീയർ എന്നോടു് ആവശ്യപ്പെട്ടു.

ഞങ്ങൾ മാസ്റ്ററോടു് തൊപ്പിയുണ്ടാക്കുന്നതു് കാണിച്ചുതരണമെന്നു് അപേക്ഷിച്ചപ്പോൾ അദ്ദേഹം തൻെറ നിർമ്മാണോപകരണങ്ങൾ വെച്ചിരുന്ന പെട്ടിയുമായി പുറത്തുവന്നു. അതിൽനിന്നു് ഫ്ലാനൽപോലുള്ള ഒരു സാധനമെടുത്തു് അണ്ഡാകൃതിയിലുള്ള ഒരു കഷണം വെട്ടിയെടുത്തു. പിന്നീടു് ചുകന്ന ഒരു ലൈനിങ്ങ്തുണിയിൽനിന്നു് അതേപ്രകാരത്തിൽ മറെറാരു

കഷണംകൂടി വെട്ടിയെടുത്തു. ഈ കഷണത്തോട് പഴയ വർത്തമാനക്കടലാസിൻെറ തുണ്ടങ്ങൾ ചേർത്തിവെച്ച് തുന്നൽമിഷ്യൻകൊണ്ട് പൂക്കളുടെ ആകൃതിയിൽ തുന്നിപ്പിടിപ്പിച്ചു. ഇതിനെ മേല്പറഞ്ഞ രോമത്തുണിയുടെ മീതെവെച്ച് തുന്നിപ്പിടിപ്പിച്ചു. പിന്നീട് കാററും വെളിച്ചവും കടക്കുന്നതിന്നായി തൊപ്പിയുടെ മുകൾഭാഗത്ത് അദ്ദേഹം ചെറിയ സുഷിരങ്ങൾ ഉണ്ടാക്കി. മാസ്റ്റർ തൻെറ ജോലിയിൽ ബദ്ധശ്രദ്ധനായിരിക്കുകയാണ്. അപ്പോൾ ഞാൻ ഫ്രഞ്ചിനിയോടു് പറഞ്ഞു—'തൊപ്പിനിർമ്മാണത്തിന്നുള്ള അസംസ്കൃതസാധനങ്ങൾ അന്യദിക്കുകളിൽനിന്ന് വരികയാണ്. രോമത്തുണി ഇററലിയിൽനിന്നും ലൈനിങ്ങ്തുണി ജാപ്പാപ്പാനിൽനിന്നും വരുന്നു. ഈ സാധനങ്ങൾ വാങ്ങുമ്പോൾ സർവ്വദേശീയവ്യാപാരത്തെപ്പററി പഠിക്കാനുള്ള അവസരം മാസ്റ്റർക്ക് കിട്ടുന്നു. കത്രികൊണ്ട് തുണി വെട്ടുമ്പോൾ അദ്ദേഹത്തിൻെറ ഒരു ഇന്ദ്രിയം മാത്രം പ്രവർത്തിക്കുന്നു. പുഷ്പങ്ങളുടെ രൂപം തുന്നുമ്പോൾ ചിത്രകലയിലുള്ള രുചി വികസിക്കുന്നു. തൊപ്പിയുടെ മുകൾഭാഗത്ത് സുഷിരങ്ങൾ ഉണ്ടാക്കുമ്പോൾ ചിത്രപ്പണിയിൽ പ്രവർത്തിച്ച ഇന്ദ്രിയത്തിന്ന് വിശ്രമം കിട്ടുന്നു.'

ഞങ്ങൾ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മാസ്റ്ററുടെ ചെറിയ പെൺകുട്ടി വീട്ടിനുള്ളിൽനിന്ന് ഉറക്കെ നിലവിളിക്കാൻ തുടങ്ങി. ഉടനെ അദ്ദേഹം ഫ്രഷ്ണേററ് അകത്തുപോയി കുട്ടിയെ

എടുത്തു. അതിഥികൾ പുറമേ ഇരിക്കുമ്പോൾ കുട്ടിയെ നിലവിളിപ്പിച്ചതിന്നു് ഭാര്യയെ ശകാരിച്ചു. തൻെറ കൊച്ചുകുട്ടിയെ എടുത്ത് സ്നേഹപൂർവ്വം താലോലിക്കുന്ന ആ ദൃശ്യം കാണിച്ചുകൊടുത്തുകൊണ്ടു് ഞാൻ എഞ്ചിനീയറോടു് പറഞ്ഞു—'നോക്കു, ഇപ്പോൾ ആയാൾ എത്ര സംതൃപ്തിയോടുകൂടി വിശ്രമം കൊള്ളുകയാണു്!' എഞ്ചിനീയർ പൊട്ടിച്ചിരിക്കുകയും 'നിങ്ങൾ പറഞ്ഞതിൻെറ അർത്ഥം എനിക്കു് നല്ലപോലെ വ്യക്തമായി' എന്നു പറഞ്ഞ് അവിടെനിന്നു് പോകുകയും ചെയ്തു.

ജീവിതത്തെ പ്രകൃതിയുടെ മാർഗ്ഗത്തിൽകൂടി സഞ്ചരിക്കുവാൻ അനുവദിക്കുകയാണെങ്കിൽ മനുഷ്യപ്രയത്നം കൂടാതെത്തന്നെ അതിനുവേണ്ട നന്മകളെല്ലാം അതു് സ്വയം ചെയ്തുകൊള്ളും.

ഇങ്ങിനെയാണു് ജീവിതവും തൊഴിലും തമ്മിലുള്ള ബന്ധം നിർണ്ണയിക്കേണ്ടതു്. ഒരു വ്യക്തിയുടെ ജീവകാലത്തിനുള്ളിൽതന്നെ അവൻെറ വാസനകളെ പൂർണ്ണരൂപത്തിൽ വികസിപ്പിച്ചു് അനുപമമായ വ്യക്തിത്വവും ശ്രേഷ്ഠഗുണങ്ങളും അവനിൽ ഉണ്ടാക്കിത്തീർക്കുകയാണു് തൊഴിൽ ചെയ്യുന്നതു്.

ഒരു ചെറിയ കാൻവാസ്ഖണ്ഡത്തിൽ തൻെറ വിചിത്രമായ കലാസൃഷ്ടികൊണ്ടു് പ്രേക്ഷകന്മാരുടെ സൌന്ദര്യബോധത്തെ ഉദ്ദീപിപ്പിക്കുകയും അഭിനന്ദന

മാജ്ജിക്കുകയുമാണ് കലാകാരൻ സാധിക്കുന്നതു്. അയാൾ തൻെറ കലാസൃഷ്ടിയെ ചായംകൊടുത്തു് കൂടുതൽ മനോഹരമാക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതുകാണുമ്പോൾ അതു് അനാവശ്യമല്ലേ എന്നു നമുക്കു് തോന്നാൻ ഇടയുണ്ടെങ്കിലും ആ കലാസൃഷ്ടി ആയാളുടെ ഒരു മുഖ്യകൃതിയായി പരിലസിക്കുന്നതായിരിക്കും. ഒരു കല്ലച്ചുയന്ത്രംകൊണ്ടു് ബുദ്ധിമുട്ടു് കുറെ കുറയ്ക്കാം. എങ്കിലും ഒരു യഥാൎത്ഥകലാകാരൻെറ തുലികാവിലാസത്തിൻെറ മുമ്പിൽ കല്ലച്ചുയന്ത്രംകൊണ്ടെടുത്ത ബ്ലോക്കുകൾ തീരെ നിഷ്പ്രഭങ്ങളും ചൈതന്യരഹിതങ്ങളുമായിത്തീരുന്നു.

ഒരു ചിത്രം നിൎമ്മിക്കുന്നതിന്നുമുമ്പായി ചായങ്ങൾതമ്മിൽ മിശ്രണംചെയ്തു് വൎണ്ണനിൎണ്ണയം ചെയ്യുന്നതിന്നു് വിദഗ്ദ്ധവും ശ്രദ്ധാപൂൎവ്വവുമായി പ്രവൎത്തിക്കേണ്ടിവരുന്നു. അജന്താഗ്ഗുഹയിലെ കലാസൃഷ്ടികൾക്കു് പരിപൂൎണ്ണതയും അനശ്വരത്വവും നല്കുന്നതിന്നായി വളരെ കാലത്തെ പരിശ്രമവും കഷ്ടപ്പാടും വേണ്ടിവന്നിരിക്കണം. അന്നത്തെ കലാകാരൻ തൻെറ അമൂല്യമായ കലാസൃഷ്ടിക്കുവേണ്ടി എന്തു കഷ്ടപ്പാടും സഹിക്കുവാൻ തെയ്യാറായിരുന്നു. അതിൽ അയാൾക്കു് യാതൊരാവലാതിയും ഉണ്ടായിരുന്നില്ല. അനുപമസുന്ദരമായ കലക്കു് അയാളുടെ പിൻഗാമികൾ ഹൃദയംഗമമായ അഭിനന്ദനങ്ങൾ അൎപ്പിച്ചു. പ്രവൃത്തി എടുക്കാതെ ആശിച്ച ഫലമുണ്ടാക്കുന്നതിനുള്ള ഉപായങ്ങളേയും

മാർഗ്ഗങ്ങളേയും അവർ ആരാഞ്ഞിരുന്നില്ല. പ്രകൃതി നിരങ്കുശനായ ഒരു മേസ്ത്രിയേപ്പോലെയാണ്. മനമല്ലാമനസ്സോടെ ചെയ്തുതീർക്കുന്ന പണികൾക്കൊന്നുംതന്നെ അതു് പരിപൂർണ്ണത വകവെച്ചുകൊടുക്കാറില്ല. ഏകാഗ്രമായി പ്രവർത്തിച്ചാൽ മാത്രമേ പൂർണ്ണത ലഭിക്കുകയുള്ളു. നേരംപോക്കിന് മാത്രമായോ അവസരസേവകന്മാരായോ പ്രവർത്തിക്കുന്നതുകൊണ്ട് യാതൊരു ഗുണവുമില്ല. പ്രകൃതിയെ തോല്പിക്കാനോ വഞ്ചിക്കാനോ സാദ്ധ്യമല്ല.

എല്ലോറയിലെ ഒരു പാറയിൽ എത്രയോ കാലംമുമ്പ് കൊത്തിയുണ്ടാക്കപ്പെട്ട മനോഹരമായ ഒരു ക്ഷേത്രം ത്യാഗമനോഹരമായ കലാപ്രവണതയുടെ ഒരു മാതൃകയായി ഇന്നും നിലകൊള്ളുന്നു. ശാസ്ത്രീയമനോഭാവത്തെ പ്രവൃത്തി കുറയ്ക്കുന്നതിനും എളുപ്പത്തിൽ കാര്യങ്ങൾ നേടുന്നതിനുമായുള്ള ഒരു ഉപകരണമാക്കരുതു്. ഇതിൻെറ പേർ അവസരസേവകത്വമെന്നാണ്. ശരിയായി പ്രവർത്തിക്കുകയാണെങ്കിൽ ആ പ്രവൃത്തിയിൽനിന്നുതന്നെ ആശിച്ച ഫലം ലഭിക്കും.

സത്യസന്ധമായ തൊഴിലിൻെറ ഒരു ഉദാഹരണം കൂടി കാണിക്കാം. ഡൽഹിയിൽ കുത്തബ്മീനാറിന്നടുത്ത് ശിലാലിഖിതങ്ങൾ കൊത്തിയിട്ടുള്ള ഒരു ഉരുക്കുസ്തംഭമുണ്ട്. തുറന്ന ഒരു സ്ഥലത്ത് വെയിലും മഴയും ചൂടും തണുപ്പും ഏററ് നില്ക്കുന്ന ഒന്നാണത്. പക്ഷേ

വളരെ നൂററാണ്ടുകളായിട്ടും ഇതുവരെ അതിന് ലേശം പോലും തുരുമ്പുപിടിക്കുകയാകട്ടെ തേച്ചിൽ സംഭവി ക്കുകയാകട്ടെ ചെയ്തിട്ടില്ല. ഇതിൻെറ കൂട്ട് എന്താ ണെന്നു് അറിയാൻ ശ്രമിച്ച ഇന്നത്തെ മികച്ച ലോഹ പരീക്ഷകന്മാർ അമ്പരന്നിരിക്കുകയാണ്. ഈ സ്തംഭമു ണ്ടാക്കിയ പ്രവൃത്തിക്കാർ എളുപ്പമാർഗ്ഗത്തിൽക്കൂടിയല്ല ഇതു് സൃഷ്ടിച്ചിട്ടുള്ളതെന്നു് വ്യക്തമാണ്. അത്തരമൊ രു ലോഹവിശേഷം നിർമ്മിക്കുന്നതിന്നു് ആവശ്യമായ ശ്രമത്തേയും ക്രമത്തേയും ക്രോഡീകരിച്ച് തരംതാഴ്ത്തു വാൻ അവർ തുനിഞ്ഞിട്ടില്ല. പ്രകൃതിനിർദ്ദേശമനുസ രിച്ച് അവർ പ്രവർത്തിച്ചു. ഈ തത്വത്തെ വിളംബരം ചെയ്തുകൊണ്ട് ആ കലാസൃഷ്ടി ഇന്നും നമ്മുടെ മുന്നിൽ നിലകൊള്ളുന്നു. ഇങ്ങിനെയാണ് തൊഴിൽ വിശ്വസ്ത നായ ഒരു തൊഴിൽക്കാരൻെറ പേരിനെ നിലനിർത്തു ന്നതു്.

പ്രകൃതിനിർദ്ദിഷ്ടമായ തൊഴിലിൻെറ ഉത്തമഫലം നമുക്ക് ലഭിക്കേണമെങ്കിൽ സരളവും അകൃത്രിമവുമായ അതിൻെറ രൂപത്തെ ഒരു തുറന്ന മനസ്സോടുകൂടി സമീ പിക്കുകയും അനാവശ്യവും ഉപയോഗശൂന്യവുമായ ഭാ ഗങ്ങളായി അതിനെ വിഭജിക്കാതിരിക്കുകയും വേണം.

## വിരസവൃത്തി

തൊഴിലിൻെറ അസന്തുഷ്ടമായ ഭാഗത്തെ വിര സവൃത്തി എന്നു് വ്യവഹരിച്ചുകൂടാ. തൊഴിൽ ചെയ്യാ

ന്നുള്ള മനംമടുപ്പിനെയാണ് വിരസവൃത്തി എന്നു പറയുന്നത്. ഒരാൾക്ക് വിരസമായിത്തോന്നുന്നത് മറെറാരാൾക്ക് ആത്മസുഖത്തെ കൊടുക്കുന്നതായിരിക്കാം. ശമ്പളക്കാരനായ തോട്ടക്കാരന്ന് പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതും അവയ്ക്ക് വെള്ളമൊഴിക്കുന്നതും ഒരു വിരസവൃത്തിയായിതോന്നും. എന്നാൽ പ്രകൃതിയെ ആരാധിക്കുന്ന ഒരാൾക്ക് തോട്ടപ്പണി വളരെ പ്രിയപ്പെട്ടതും തന്റെ സൌന്ദര്യബോധത്തെ വികസിപ്പിക്കുവാനുള്ള ഒരുപാധിയുംകൂടിയാണ്. നൃത്തത്തിൽ ആസക്തിയുള്ള് ഒരു സ്ത്രീ ഗൃഹഭരണത്തേയും ശിശുപരിപാലനത്തേയും ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഗൃഹസ്ഥയായ മാതാവിന്നു് തന്റെ വീടും സന്താനങ്ങളുമാണ് സർവ്വസുഖവും പ്രദാനംചെയ്യുന്നത്. യന്ത്രങ്ങളെക്കൊണ്ടു് ഉല്പാദനമാരംഭിച്ചാൽ വിരസവൃത്തി ഇല്ലാതാവുമെന്നു് ചിലർ വാദിക്കുന്നു. തൊഴിലിനെ വിഭിന്നാംശങ്ങളായി ഭാഗിക്കുകയും തൊഴിൽക്കാരന്നു് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്നേടത്തോളം കാലം യന്ത്രങ്ങൾ വിരസവൃത്തിയെ പ്രോത്സാഹിപ്പിക്കുകമാത്രമേ ചെയ്യുകയുള്ളൂ. മനുഷ്യൻ തന്റെ നാനാവിധങ്ങളായ കഴിവുകളെ എല്ലാം കടിഞ്ഞാണിട്ടുപിടിച്ച് ദിവസത്തിൽ എട്ടുമണിക്കൂർ നേരവും ഒരേ രൂപത്തിലുള്ള പ്രവൃത്തിതന്നെ ചെയ്യുകയാണെങ്കിൽ അത് വിരസവൃത്തിയുടെ ശുദ്ധമായ ഒരു മാതൃകയായിരിക്കും. പരിശുദ്ധമായ ഒന്നാണ് തൊഴി

KOTTAYAM. KOTTAYAM.

ലിൻെറ തത്വശാസ്ത്രം. ജെയിലുകളിൽ തൊഴിലിനെ ഒരു ശിക്ഷയായിട്ടാണ് കരുതുന്നത്. കാപ്പെറയുണ്ടെ
യ്ത്ത് മുതലായ കലാപരമായ തൊഴിലിനെക്കൂടി ഒരു വിരസവൃത്തിയായി ജെയിലുകളിൽ തരംതാഴ്ത്തിയിരിക്കയാണ്.

ഈ വിരസപ്രകൃതിയെ എങ്ങിനെ ഇല്ലായ്മചെയ്യാം? യന്ത്രോല്പാദനം ഇതിനെ നിഷ്കാസനംചെയ്യുക സാദ്ധ്യമല്ല. സാഹചര്യം സൃഷ്ടിച്ച് പ്രവൎത്തിക്കാനുള്ള രുചി വളൎത്തിക്കൊണ്ടുവരണം. ഉല്പാദനത്തിൻെറ സാമൂഹ്യമായ പ്രാധാന്യത്തെ മനസ്സിലാക്കിയ ഒരു കൃഷിക്കാരൻ, പട്ടിണിപ്പാവങ്ങളായ നിരവധി പേർ തൻെറ അദ്ധ്വാനഫലത്തിൽനിന്നു ഓജസ്സും തേജസ്സും വീണ്ടെടുക്കുന്നതു കാണുമ്പോൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിൽ ആഹ്ലാദംകൊള്ളുകയും സമുദായത്തിൽ തനിയ്ക്കു ലഭിച്ചിട്ടുള്ള പദവിയെക്കുറിച്ച് അഭിമാനിക്കുകയും അങ്ങിനെ ആത്മസന്തുഷ്ടിയോടുകൂടി ജനസേവനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഫാക്ടറിനു് ഇതു സാദ്ധ്യമല്ല. വിരസവൃത്തി നാമാവശേഷമായിത്തീരാനുള്ള ഒരുപായമാണിതു്.

## സ്വയംസമ്പൂൎണ്ണത.

തൊഴിലിനെപ്പററി നാം പഠിച്ചേടത്തോളംകൊണ്ടു് മനസ്സിലാവുന്നതു് അതിനെ വിഭിന്നാംശങ്ങളായി ഭാഗിക്കുന്നതുകൊണ്ടു് രാഷ്ട്രം അധികാരത്തേയും

ധനത്തെയും അനുചിതമായി കൈകാര്യം നടത്തുന്നതാണെന്നും തന്നിമിത്തം ഹിംസ ഉപയോഗിക്കേണ്ടിവരികയും അതിൽനിന്ന് അടിമത്തം മുതലാളിത്തം സാമ്രാജ്യത്വം തുടങ്ങിയ തിന്മകളെല്ലാം ആവിർഭവിക്കാൻ ഇടയാകുന്നതാണെന്നും ആകുന്നു. യന്ത്രങ്ങളുടെ ആവിഷ്കരണം മേൽ പ്രസ്താവിച്ച തിന്മകൾക്ക് വളം വെച്ചുകൊടുത്തു. അതുകൊണ്ട് സമുദായത്തിന്റെ ഏറവും ചെറു ഘടകങ്ങൾക്കു സമ്പൂർണ്ണമായ തൊഴിൽ അനുവദിക്കുന്നതും അതുവഴിയായി ഭൌതികമായ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതോടൊപ്പംതന്നെ സ്വന്തമായ ഒരു സംസ്കാരവിശേഷത്തെ കെട്ടിപ്പടുക്കുന്നതും ആയ ഒരു വ്യവസ്ഥിതിയിൽ മാത്രമാണ് നമ്മുടെ മോചനം നിലകൊള്ളുന്നതു്. ചെറുതരം തൊഴിലുകൾക്ക് അവയുടെ മഹത്വത്തെ തൊഴിൽക്കാരനു് മനസ്സിലാക്കിക്കൊടുപ്പാനും വിരസവൃത്തിയെ വിപാടനം ചെയ്യാനും ഉള്ള കഴിവുകൾ ഉണ്ട്.

## അടിസ്ഥാനവിദ്യാഭ്യാസം

മനുഷ്യന്റെ വ്യക്തിത്വത്തെയും സംസ്കാരത്തെയും വളർത്തുന്നതു് തൊഴിലിന്റെ സൃഷ്ടിപരവും വിദ്യാഭ്യാസപരവുമായ കഴിവുകളാണെന്നു് ഈ അവസരത്തിൽ പ്രസ്താവിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു വിശ്വസിക്കുന്നു. തൊഴിലിന്റെ ഈ കഴിവിനെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുകയാണെ

ങ്കിൽ നാം അറിഞ്ഞുവരുന്ന അടിസ്ഥാനവിദ്യാഭ്യാസ മായി അതു്.

## ഉപസംഹാരം

വ്യവസായവല്ക്കരണം പ്രമാണീകരണം എന്നിവയുടെ വളൎച്ചകൊണ്ടു് ഉല്പാദനം ആവശ്യത്തിലധികം വൎദ്ധിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ ഭൌതികാവശ്യങ്ങളെ സാധിപ്പിച്ചുതരികയും സ്വഭാവത്തേയും വ്യക്തിത്വത്തേയും സംസ്കരിച്ചു് മാൎഗ്ഗനിൎദ്ദേശം ചെയ്കയും ചെയ്യാൻ കഴിവുള്ള തൊഴിലിൻെറ മാഹാത്മ്യത്തെപ്പററി നാം വിസ്മരിച്ചിരിക്കുകയാണു്. തന്നിമിത്തം മനുഷ്യസമുദായത്തിൻെറ പുരോഗതി സ്തംഭിച്ചിരിക്കുന്നു. ഭൌതികലോകത്തെ മുഴുവൻ നമുക്കു് കീഴടക്കാൻ സാധിച്ചേക്കാം. അതേ അവസരത്തിൽ നമ്മുടെ ആത്മാവു് നഷ്ടപ്പെട്ടുകയാണെങ്കിൽ അതു് എത്രമാത്രം പരിതാപകരമാണു്! മൃഗങ്ങളെപ്പോലെ താല്ക്കാലികസുഖങ്ങളുടെ പിന്നാലെ കുതിച്ചുപായുന്ന നമ്മുടെ ജീവിതക്രമത്തെ ഒന്നടച്ചുവാൎത്തു് അനപേക്ഷണീയവും സമാരാദ്ധ്യവുമായ മാനുഷികമൂല്യങ്ങളെ വളൎത്തിക്കൊണ്ടുവരുന്നതിനും നിലനിൎത്തുന്നതിനും ഹൃദയംഗമമായി പരിശ്രമിക്കേണ്ടതു് പ്രഥമവും പ്രധാനവുമായ കൎത്തവ്യമായി നാം കരുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## 2 പുരോഗതി എന്ത്?

വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് ശാസ്ത്രീയവും പുരോഗമനപരവുമായ മാർഗ്ഗമെന്ന ഒരു ധാരണ പരക്കെയുള്ളതായി കാണുന്നു. മിക്കപ്പോഴും പത്രപ്രതിനിധികൾ ഈ പ്രശ്നത്തെ ഉന്നയിക്കുകയും ടെക്സ്റ്റയിൽ മില്ലുകളും റൈസ്മില്ലുകളും തീരെ നിർത്തൽചെയ്യുന്നത് ഒരു പിൻതിരിപ്പൻ നയമായിരിക്കുകയില്ലേ എന്നു സംശയം പ്രകടിപ്പിക്കുകയും ചെയ്യാറുണ്ട്. അതുകൊണ്ട് പുരോഗതി എന്നാൽ എന്താണെന്നും എന്തിനെയാണ് ശാസ്ത്രീയതയെന്നു വിളിക്കുന്നതെന്നും ഒന്നു ചിന്തിക്കേണ്ട ആവശ്യമായിരിക്കുന്നു.

വളരെ തവണ ഒരു സംഗതിയെപ്പററി കേൾക്കുമ്പോൾ അതിനെ അപ്പടിയങ്ങു വിശ്വസിക്കുക എന്ന ഒരു സ്ഥിതിയിലാണ് ഇന്നു ജനങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. പ്രചരണം ഒരു ശാസ്ത്രമായി മാറുകയും അതു മനുഷ്യൻെറ ചിന്താശക്തിയെ കെടുത്തുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സ്കൂളുകളിൽനിന്നും ലഭിക്കുന്ന വിദ്യാഭ്യാസം മനസ്സിലാക്കാൻ വിഷമമുള്ളതും അർദ്ധസത്യങ്ങളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതും ആകുന്നു. ഗ്രാമവ്യവസായങ്ങളുടെ കേന്ദ്രസ്ഥാനമാണ് സയൻസ്. ഗ്രാമവ്യവസായങ്ങളിൽ ശാസ്ത്രീയപര്യവേഷണങ്ങൾക്കും പ്രയോഗങ്ങൾക്കും ധാരാളം ഇടമുണ്ട്.

## സയൻസ് എന്ത്?

മനുഷ്യനിർമ്മിതമായ ഒന്നല്ല സയൻസ്. പ്രകൃതി സുവ്യക്തമായ ഒരു പദ്ധതിവിലൂടെ ശാശ്വതമായ ചില നിയമങ്ങൾക്കു വിധേയമായി പ്രവർത്തിക്കുന്നു. അത്തരം നിയമങ്ങളുടെ പ്രവർത്തനം മനുഷ്യൻ മനസ്സിലാക്കുന്നു; അവയെ ഒരു പഠനസമ്പ്രദായമായി തരംതാഴ്ത്തുന്നു. ഇതാണ് സയൻസ്. അതായത് ഓരോ പ്രവൃത്തിയും ശാസ്ത്രീയമായി (Scientific) ത്തീരണമെങ്കിൽ അതു പ്രകൃതിനിയമങ്ങൾക്കു വിധേയമായിരിയ്ക്കണം. അല്ലാത്തപക്ഷം അത് അശാസ്ത്രീയമായിപ്പോകും. പ്രകൃതിയുടെ പ്രവർത്തനത്തിൻെറ ഒരു ചുരുങ്ങിയ ജ്ഞാനം മനുഷ്യന്നു സിദ്ധിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ഏകപക്ഷീയമായ ആ ജ്ഞാനത്തെ തൻെറ സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിയ്ക്കുകയും അങ്ങിനെ പ്രകൃതിയിൽനിന്നു കൂട്ടതൽകൂടതൽ അകലുകയുമാണ് മനുഷ്യൻ ചെയ്യുന്നത്. അപ്രകാരം അകലുന്നത് അവൻെറ സ്വന്തം നാശത്തിന്നു കാരണമാകുന്നു. എന്തെന്നാൽ മനുഷ്യൻ പ്രകൃതിസന്താനമാണ്. ചിലപ്പോൾ സ്വന്തം കൈകൊണ്ടു നശിക്കുന്നു മററു ചിലപ്പോൾ ഏകപക്ഷീയമായ ജ്ഞാനത്തിൻെറ പ്രചാരംകൊണ്ടായിരിയ്ക്കും നശിക്കുന്നതു്.

## പുരോഗതി

അറിവിനേയും സത്യത്തേയും ആവിഷ്കരിക്കുന്നതിന്നുള്ള അന്വേഷണവും മനുഷ്യൻെറ ആവശ്യങ്ങളെ

തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അതിൻെറ പ്രയോഗവുമാണ് പുരോഗതി കുറിക്കുന്നത്. പ്രകൃതിശാസനങ്ങൾക്ക വിധേയരായി നാം പ്രവർത്തിക്കുകയാണെങ്കിൽ യഥാൎത്ഥപുരോഗതിയെ പ്രാപിക്കാം. എന്നാൽ പ്രകൃതിശാസനങ്ങളെ ധിക്കരിച്ചുകൊണ്ടു മുന്നോട്ടുപോകുന്നപക്ഷം അതു ഹിംസക്കും നാശത്തിന്നും കാരണമാകുന്നു. സാമൂഹ്യവിരുദ്ധമനോവൃത്തികളായ വെറുപ്പ്, അവിശ്വാസം, ഭയം എന്നിവ ഉത്ഭവിക്കുന്നു പ്രസ്തുത ലക്ഷണങ്ങൾ നോക്കിയാണ് നാം ശാസ്ത്രീയമായി പുരോഗമിക്കുകയാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടത്. ഉന്നതഗുണകാംക്ഷയോടുകൂടി ശാന്തിക്കും സമാധാനത്തിന്നുംവേണ്ടി പ്രവർത്തിക്കുന്നപക്ഷം നാം പുരോഗമിക്കും. അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷാനുഭവങ്ങൾ ചുരുങ്ങിയാലും തരക്കേടില്ല. എന്നാൽ നമ്മുടെ പ്രവൃത്തിഫലം അസംതൃപ്തിക്കും ഭിന്നിപ്പിന്നും ഇടവരുത്തുന്നുണ്ടെങ്കിൽ പുറമേക്കു കാണാൻ എത്രതന്നെ ഗുണങ്ങൾ ഉണ്ടായാലും ശരി, അതു നമ്മുടെ സ്വന്തം നാശത്തിന്നു കാരണമാക്കുന്നു.

## ആത്മികപ്രയത്നം

മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയുള്ള പ്രയത്നം ഭൌതികപദാൎത്ഥങ്ങളെ ഉല്പാദിപ്പിക്കുവാൻവേണ്ടി മാത്രമായിരിക്കരുത്. വ്യക്തിത്വത്തിൻെറ വളർച്ചക്കും വികാസത്തിന്നും

കൂടി അതു സഹായകമായിരിക്കണം. നാം കഴിക്കുന്ന ഭക്ഷണം രസനയെ തൃപ്തിപ്പെടുത്തുന്നതോടൊപ്പംതന്നെ ശരീരത്തെ പരിപുഷ്ടമാക്കുകയും നിലനിർത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ രണ്ടാമതു് പറഞ്ഞ ഗുണങ്ങൾ അടങ്ങാത്ത ഭക്ഷണംകൊണ്ടു യാതൊരു പ്രയോജനവുമില്ല. മധുരപദാൎത്ഥങ്ങളിൽ അത്യാസക്തിയുള്ള ഒരാൾ പഞ്ചസാരസത്തുമാത്രം കുടിച്ചു ജീവിക്കുകയും തന്നിമിത്തം അയാളുടെ രസനയ്ക്കു സംതൃപ്തി ലഭിക്കാനിടവരികയും ചെയ്യുന്നുണ്ടെങ്കിൽകൂടി ശരീരത്തിൻെറ പോഷണത്തിന്നും നിലനില്പിന്നും അവശ്യം ആവശ്യമായ പൌഷ്ടികപദാൎത്ഥങ്ങൾ അടങ്ങുന്ന ഭക്ഷണം കഴിക്കാതിരിക്കുന്നേടത്തോളംകാലം ആരോഗ്യവാനായി ജീവിക്കുവാൻ ആയാൾക്കു സാദ്ധ്യമല്ല. രുചി ഒരു നല്ല വസ്തുവാണെങ്കിലും അതുകൊണ്ടു മാത്രമായില്ല. ഭക്ഷണപദാൎത്ഥത്തിൻെറ പ്രാധാന്യം രുചിയെ ആശ്രയിച്ചിട്ടല്ലാ നിലനില്ക്കുന്നതു്. രുചിയുള്ള വസ്തുക്കളിൽ പൌഷ്ടികാംശം ഉണ്ടായില്ലെന്നുവരാം. രുചി കുറവായതിൽ അതു ധാരാളം അടങ്ങീട്ടുമുണ്ടായിരിക്കും. വയററിൽ ചെന്നതിന്നുശേഷം ഭക്ഷണത്തിലെ പോഷകാംശങ്ങൾ ശരീരത്തിൽ ലയിക്കുന്നു. അപ്രകാരംതന്നെ തൊഴിലിൻെറ ഭൌതികോപാധികൾക്കോ അതു് ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്കോ ആയിരിക്കരുതു് പ്രാമാണ്യം കല്പിക്കുന്നതു്. തൊഴിൽ മനുഷ്യൻെറ വ്യക്തിത്വത്തെ വികസിപ്പിക്കുവാൻ പര്യാപ്തമായിരിക്കണം.

വാസനകൾക്കു കൊടുക്കുന്ന ഭക്ഷണംപോലെ ആയിരിക്കണം അതു്. തെററിദ്ധാരണകൾകൊണ്ടും കൃത്രിമോപകരണങ്ങൾ വഴിയായും നാം പ്രകൃതിയെ സമീപിച്ചു് അതിനെ കീഴടക്കുവാൻ എളുപ്പമാർഗ്ഗങ്ങൾ ആരായുന്നപക്ഷം നമ്മുടെ പരിശ്രമം മുഴുവൻ വൃഥാവിലായിപ്പോകും. പ്രകൃതിജീവിതത്തിലേക്കു കുറുക്കുവഴികളില്ല. സ്രഷ്ടാവിന്റെ ഭരണചക്രം വളരെ സാവധാനത്തിൽമാത്രമേ തിരിയുന്നുള്ളു. എന്നാൽ പലപ്പോഴും ബദ്ധപ്പാടുകൊണ്ടു നമുക്കു് അബദ്ധം നേരിടാറുണ്ടു്. പക്ഷെ അതും പുരോഗതിയുടെ ഒരു ചിഹ്നമായി കരുതുന്നതാണു് ത്രലോം ദയനീയമായിട്ടുള്ളതു്.

## ഭക്ഷണം

ധാന്യങ്ങൾ, പഴങ്ങൾ, കോഴിമുട്ട എന്നീ ഭക്ഷണസാധനങ്ങളെല്ലാംതന്നെ പ്രകൃതി വളരെ കരുതലോടുകൂടി സൂക്ഷിച്ചിരിക്കുന്നതു നോക്കുക. ആവശ്യത്തിന്നനുസരിച്ചു് ഉപയോഗിക്കാൻപററിയ രീതിയിലും ബാഹ്യസ്പർശമേൽക്കാതെയുമാണു് ഇവയെ പൊതിഞ്ഞു വെച്ചിട്ടുള്ളതു്. പ്രകൃതിയുടെ പൊതിയെ അഴിക്കുവാൻ നമുക്കു കൃത്രിമശക്തി ഉപയോഗിക്കേണ്ടിവരികയും തന്നിമിത്തം അത്തരം വസ്തുക്കളുടെ ഗുണം നശിക്കുന്നതിന്നു കാരണമാവുകയും ചെയ്യുന്നു.

തവിടുകൊണ്ടും ഉമികൊണ്ടും അരിയെ ഭദ്രമായി പൊഞ്ഞുവെച്ചതു നോക്കുക. ഉമി വേർപെടുത്തിയതി

നുശേഷം മാത്രമേ അരി ഭക്ഷിയ്ക്കാൻ കൊള്ളുകയുള്ളു. അണ്ണാൻ എലി മുതലായ ജന്തുക്കൾ ഉമി പോക്കിയ ഉടനെത്തന്നെ അരി തിന്നുന്നതുകൊണ്ട് അതിലുള്ള പോഷകാംശങ്ങൾ ഒട്ടുംതന്നെ നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നെല്ല് ആവശ്യത്തിനുമാത്രം കുത്തി ഉപയോഗിക്കുന്നതാണ് ഉത്തമമായിട്ടുള്ളത്. എന്നാൽ മാത്രമേ അരിഭക്ഷണംകൊണ്ടുള്ള ഗുണം തികച്ചും നമുക്കു ലഭിക്കുകയുള്ളു. പക്ഷെ മനുഷ്യൻ റൈസ്മില്ലുകളെ ശരണംപ്രാപിക്കുകയും അരി കുത്തി വെളുപ്പിച്ച് അതിലെ പോഷകാംശങ്ങൾ മുഴുവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഇതുകൊണ്ട് അരിയുടെ സ്റ്റോക്ക് വർദ്ധിപ്പിക്കാം. പക്ഷെ ഒരു ഭക്ഷണധാന്യമെന്ന നിലയ്ക്ക് ഉപയോഗിക്കാൻ അതു കൊള്ളാതാവുന്നു അശാസ്ത്രീയമായി മനുഷ്യൻ പ്രകൃതിയോട് ഇടപെടുന്നതും തന്നിമിത്തം സ്വയം നശിക്കുന്നതും ആയ ഒരു ഉദാഹരണമാണിത്. അതുകൊണ്ടു റൈസ്മില്ലുകളുടെ ഉല്പാദനയോഗ്യത എത്രതന്നെ പ്രശംസാർഹമാണെങ്കിലും ശരി, അവ പുരോഗതിക്കു വിരുദ്ധവും അശാസ്ത്രീയവും ആണെന്നു സിദ്ധമാകുന്നു

## വിഭവങ്ങളെ ഉചിതമായി ഉപയോഗിക്കൽ

വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗിക്കുക എന്നുവെച്ചാൽ നമ്മുടെ പരിസരങ്ങളിൽനിന്നു ലഭിക്കുന്ന പ്രാകൃതികവിഭവങ്ങളെ വേണ്ടതുപോലെ ഉപ

യോഗിക്കുക എന്നത്ഥമാകുന്നു. യന്ത്രങ്ങൾകൊണ്ടു കാര്യങ്ങൾ നടത്തുന്ന മനുഷ്യൻ വിഭവങ്ങളെ തെററായിട്ടാണ് കൈകാര്യം ചെയ്യുന്നത്. കൈകൊണ്ടു കടലാസ്സുണ്ടാക്കുന്ന ഒരാൾ കാട്ടിൽപോയി മുളകൾ വെട്ടി നശിപ്പിച്ച് ഉപയോഗിക്കാറില്ല. നല്ല മുളകൾ വീടിൻെറ മേൽക്കൂട്ട് ഉണ്ടാക്കുന്നതിന്നും പായ, കൊട്ട, മുറം മുതലായവ നിമ്മിക്കുന്നതിന്നും ഉപയോഗിച്ച് ബാക്കിയാവുന്ന മുറികളേയും തുണ്ടങ്ങളേയും പൾപ്പാക്കി കടലാസ് ഉണ്ടാക്കേണ്ടതാണ്.

എന്നാൽ യന്ത്രോല്പാദനം നടത്തുന്ന മാന്യന്ന് അങ്ങിനെ ചെയ്യുക സാദ്ധ്യമല്ല. കാരണം ആയാളുടെ യന്ത്രങ്ങൾക്ക് 24 മണിക്കൂറും പ്രവൎത്തിക്കേണ്ടിവരുന്നു. തന്നിമിത്തം കാട്ടിൽപോയി ആയാൾ ചന്തമുള്ള മുളകൾ വെട്ടിയെടുത്തു തൻെറ യന്ത്രത്തിന്നു തീററി കൊടുക്കുന്നു. അങ്ങിനെ ചെയ്യുമ്പോൾ വലിയ മുളങ്കാടുകൾ ആയാൾക്ക് ആവശ്യമായിവരുന്നു. അതു വെച്ചുപിടിപ്പിക്കുന്നതിന്നുവേണ്ടി മനുഷ്യൻെറ ശക്തിയും സമയവും വ്യർത്ഥമായി ചിലവാക്കുകയും ചെയ്യേണ്ടിവരുന്നു. ഇത്രയും പറഞ്ഞതിൽനിന്നു മില്ലുകളിൽ കടലാസ് നിമ്മിക്കുന്നതു തികച്ചും അശാസ്ത്രീയവും അനാവശ്യച്ചിലവുണ്ടാക്കുന്നതും പ്രകൃതിവിഭവങ്ങളെ ദുരുപയോഗം ചെയ്യുന്നതും ആണെന്നു തെളിയുന്നു.

അപ്രകാരംതന്നെ പ്രകൃതിയിൽനിന്നു കിട്ടുന്ന വിശേഷവസ്തുക്കളിൽ ഒന്നാണ് പനഞ്ചക്കര. നമ്മുടെ

നാട്ടിലുള്ള തരിശുഭൂമികളിൽ പന ധാരാളമായി വള
രുന്നു. പനങ്കള്ളിലെ ജലാംശത്തിന്റെ ഗുണമൊഴി
ച്ചുള്ള ഗുണങ്ങളെല്ലാം ചക്കരയിലും ഉണ്ട്. അതിൽ പ
ഞ്ചസാരയും വിവിധങ്ങളായ ധാതുദ്രവ്യങ്ങളും ലവണ
ങ്ങളും അടങ്ങിയിരിയ്ക്കുന്നു.

എന്നാൽ മനുഷ്യൻ യന്ത്രസഹായത്തോടുകൂടി ന
ടത്തപ്പെടുന്ന പഞ്ചസാരമില്ലുകൾ സ്ഥാപിച്ചു ധാന്യ
കൃഷിയ്ക്കു പററിയ നല്ല ഭൂമികളിൽ കരിമ്പു കൃഷിചെ
യ്യാൻ തുടങ്ങി. കരിമ്പിൽനിന്നു പഞ്ചസാര എടുത്തു.
മനുഷ്യോപയോഗത്തിന്നു പററാത്ത തരത്തിൽ ചക്കര
ക്കട്ടിയിലെ ധാതുദ്രവ്യങ്ങളും ലവണങ്ങളും നശിപ്പിച്ചു
ജിന്നും റാക്കും കാച്ചി ജനങ്ങളെ കുടിപ്പിയ്ക്കുകയും
പണം സമ്പാദിയ്ക്കുകയും ചെയ്തു. കൈകൊണ്ടു പഞ്ചസാ
ര നിർമ്മിക്കുകയാണെങ്കിൽ പനങ്കള്ളിൽനിന്നെടുക്കുന്ന
പാവിൽനിന്നു പഞ്ചസാര എടുത്തതിന്നുശേഷം അവ
ശേഷിക്കുന്ന ചക്കരക്കട്ടിയെ വീണ്ടും ധാതുദ്രവ്യങ്ങളും
ലവണങ്ങളുമടങ്ങിയ ചക്കരയായി രൂപാന്തരപ്പെടു
ത്താം. എന്നാൽ പഞ്ചസാരമില്ലുകളിൽനിന്നു കിട്ടുന്ന
ചക്കരക്കട്ടിയാകട്ടെ സൽഫർകോമ്പൌണ്ട് ചേർക്കുന്ന
തുകൊണ്ടു മനുഷ്യോപയോഗത്തിന്നു പററാതാവുകയും
അതിനെ മേൽപ്പറഞ്ഞ ലഹരിവസ്തുക്കൾ നിർമ്മിക്കു
ന്നതിന്നു മാത്രമായി ഉപയോഗിക്കുകയും ചെയ്യുന്നു.

അതുകൊണ്ടു് പഞ്ചസാരമില്ലുകൾ തികച്ചും അ
ശാസ്ത്രീയവും മാനുഷികമൂല്യങ്ങളെ നശിപ്പിക്കുന്നതു

മാണെന്നു തെളിഞ്ഞുവല്ലൊ. റൈസ്മില്ലുകളെപ്പോലെത്തന്നെ അവയും പണം കുന്നായി കൂട്ടിവെക്കുവാനുള്ള മനുഷ്യന്റെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ അതേ അവസരത്തിൽ തന്നെ പ്രകൃതിയിൽനിന്നു കിട്ടുന്ന പോഷകങ്ങളായ ഭക്ഷണസാധനങ്ങളെ ബലികഴിക്കുന്നുമുണ്ടു്.

## വിഭവങ്ങളുടെ ഉപയോഗം

നമുക്കാവശ്യമുള്ള സാധനങ്ങളെ ഉല്പാദിപ്പിക്കുന്നതിന്നുവേണ്ടി നടത്തപ്പെടുന്ന വിവിധ പരീക്ഷണങ്ങളോടൊപ്പംതന്നെ നമുക്കു ലഭ്യമായിട്ടുള്ള വിഭവങ്ങളെ ഏറ്റവും നല്ല രീതിയിൽ ഉപയോഗിക്കേണ്ട ക്രമത്തെപ്പററിയുംകൂടി ചിന്തിക്കേണ്ടതുണ്ടു്. കല്ക്കരി കിട്ടാത്ത സ്ഥലത്തു് അതു കത്തിയ്ക്കാൻ ഉപയോഗിക്കരുതു്. അവിടെ ക്രൂഡോയിൽ ക്ഷാമംതീൎന്നുകിട്ടുമെങ്കിൽ അതേ ഉപയോഗിക്കാവൂ. അപ്രകാരംതന്നെ ധാരാളം കല്ക്കരി കിട്ടുന്നതും വിറകിന്നു വളരെ ക്ഷാമമുള്ളതും ആയ ഒരു സ്ഥലത്തു കൽക്കരിതന്നെ കത്തിക്കണം. വളരെ ദൂരെപോയി വിറകു കൊണ്ടുവരികയാണെങ്കിൽ അതു ധനനഷ്ടത്തിന്നും സമയവ്യയത്തിന്നും കാരണമാകുന്നു. മനുഷ്യപ്രയത്നം സുലഭമായ ഒരു സ്ഥലത്തു ദൂരദേശങ്ങളിൽനിന്നു വരുത്തീട്ടുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതു ശരിയല്ല. ഇന്ത്യയിൽ വളരെപേർ തൊഴിലില്ലാതിരിക്കുകയും തൊഴിൽചെയ്തു ജീവിക്കുവാൻ ആഗ്ര

ഹിക്കുകയും ചെയ്യുമ്പോൾ തൊഴിലില്ലായ്മയെ സൃഷ്ടിച്ചു വിടുന്ന യന്ത്രീകൃതവ്യവസായങ്ങൾ നമ്മുടെ പ്രാഥമികാവശ്യങ്ങളുടെ പൂർത്തിക്കുവേണ്ടി നടത്തുവാൻ ശ്രമിക്കുന്നതു ദയനീയംതന്നെ. ഈ വീക്ഷണത്തിൽക്കൂടി നോക്കുമ്പോൾ ശാസ്ത്രീയമായതും മനുഷ്യനെ പുരോഗതിയിലേക്കു നയിക്കുന്നതുമായ ഒരു ഏർപ്പാടാണു് നൂല്പു്. എന്നാൽ ടെക്‌സ്റ്റയിൽ മില്ലുകളാകട്ടെ യുക്തിഹീനവും സമുദായവിനാശവുമാകുന്നു.

## രുചിവൈരുദ്ധ്യം

പ്രചാരവേലകൊണ്ടു ജനങ്ങളുടെ രുചി മാററിത്തീർക്കുന്നു. മണവും നിറവും നോക്കേണ്ടതില്ലെന്നു് അവരെ പഠിപ്പിക്കുന്നു. വിദൂരമായ ഒരു ഭാവിയിൽ തന്നെ, കടലാസുകൊണ്ടു് വെട്ടിയുണ്ടാക്കിയ പനിനീർപുഷ്പം മററതിനേക്കാൾ കൂടുതൽ നല്ലതാണെന്നും കാരണം അതു വാടുകയില്ലെന്നും പറഞ്ഞു ജനങ്ങളെ തെററിദ്ധരിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാവാനിടയുണ്ടു്. കച്ചവടത്തിനുവേണ്ടിയുള്ള പ്രചാരവേലയുടെ ഒന്നാന്തരം പരസ്യം. ശുദ്ധമായ എണ്ണയുടെ മണവും നിറവും കെടുത്തുവാനും ഗുണമുള്ളതിന്നു പകരം ഇല്ലാത്തതിന്നു പ്രാധാന്യം നൽകുന്നതിന്നും സസ്യങ്ങളിൽ നിന്നു നിർമ്മിക്കുന്ന എണ്ണയുടെ പ്രാധാന്യത്തേയും ഗുണത്തേയും താഴ്ത്തുകയോ നശിപ്പിക്കുകയോ ചെയ്തു് അതിനെ ഭക്ഷണത്തിന്നു കൊള്ളരുതാത്ത മട്ടിൽ ആക്കി

ത്തിക്കുവാനുംവേണ്ടി മില്ലുകൾ ശാസ്ത്രാഭിവൃദ്ധിയെ ദുരുപയോഗം ചെയ്യുകയാണ് ചെയ്യുന്നതു്. ഉയൎന്ന വില കിട്ടുവാൻവേണ്ടി ഇതെല്ലാം ചെയ്യുന്നു. പ്രകൃതിയോടുള്ള പരസ്യമായ ഒരു വെല്ലുവിളിയാണിതു്. ശാസ്ത്രത്തിന്നും പുരോഗതിയ്ക്കും വിരുദ്ധമായ ഇത്തരം ഏൎപ്പാടുകൾകൊണ്ടു് വളൎച്ചയും പുനൎന്നിൎമ്മാണത്തിനുമുള്ള കഴിവുകൾ നശിച്ചു വ്യൎത്ഥമായ ഒരു പ്രകൃതിയെയാണു് നമുക്കു കിട്ടുന്നതെങ്കിൽ അതു് എത്ര ദയനീയമായ ഒരു സ്ഥിതിവിശേഷമായിരിക്കും? വ്യവസായീകരണത്തിൻെറ ഒരു ഭയങ്കരപരിണാമമാണിതു്. സയൻസിന്നും പുരോഗതിക്കും അടിസ്ഥാനമായ സംഹായങ്ങളാണിവയെല്ലാം. വിലപിടിച്ച പരസ്യങ്ങൾകൊണ്ടു ജനങ്ങളുടെ അജ്ഞതയെ ചൂഷണംചെയ്യുന്ന നീചകൃത്യങ്ങൾ !!

## യന്ത്രങ്ങളും പണിയായുധങ്ങളും

യന്ത്രങ്ങളെ തീരെ ബഹിഷ്കരിക്കണമെന്നല്ല ഈ പറഞ്ഞതിൻെറയെല്ലാം താൽപര്യം. പ്രമാണീകരണ (Standardisation)ത്തിൻെറയും സൈനീകരണ (Regimentation)ത്തിൻെറയും പ്രവൎത്തനം ആരംഭിച്ചാൽ യന്ത്രസഹായം കൂടിയേ കഴിയൂ. പണിയായുധങ്ങളെ ഖണ്ഡിതമായ രീതിയിൽ നിൎമ്മിക്കേണ്ടിവരുമ്പോൾ, പ്രമാണീകൃതവസ്തുക്കൾ ഒഴിച്ചുകൂടാത്തതായി വരുമ്പോൾ, യന്ത്രങ്ങൾകൊണ്ടു് ഉൽപാദനം നടത്താം.

എന്നാൽ ഉപഭോഗവസ്തുക്കളെ സംബന്ധിച്ചേടത്തോളം പ്രമാണീകരണവും ദ്വയീകരണവും (Duplication) അത്യാവശ്യമാണെന്നു തോന്നുന്നില്ല. കൊമ്പുചീപ്പുകൾ കൈകൊണ്ടു നിർമ്മിക്കാം. എന്നാൽ അങ്ങിനെ നിർമ്മിച്ച രണ്ടു ചീപ്പുകൾ ഒരുപോലെ ആയിരിക്കേണമെന്നില്ല. ഇത്തരം സാധനങ്ങൾക്കു പ്രമാണീകരണം ആവശ്യമില്ല. അതുകൊണ്ടു മിക്ക ഉപഭോഗവസ്തുക്കളും ജനങ്ങളുടെ ആവശ്യത്തിന്നും രുചിക്കും അനുസരിച്ചു നിർമ്മിയ്ക്കപ്പെടേണ്ടതാണു്. കുടിൽവ്യവസായങ്ങൾക്കും ഗ്രാമവ്യവസായങ്ങൾക്കും മാത്രമേ ഈ പ്രശ്നത്തിന്നു പരിഹാരം കാണാൻ കഴിയൂ. ഒരാൾക്കു് ഷൂ ആവശ്യമുണ്ടെന്നിരിക്കട്ടെ. അയാളുടെ കാലിന്റെ ആകൃതിക്കും വലിപ്പത്തിന്നും പാകത്തിൽ വേണം അതു നിർമ്മിയ്ക്കപ്പെടുവാൻ. ഷൂ നിർമ്മാണത്തിന്റെ ശാസ്ത്രീയസമ്പ്രദായമാണതു്. അപ്പോൾ ഷൂ നിർമ്മാതാവിന്നു തന്റെ നിർമ്മാണോപകരണങ്ങളെ യുക്തിപൂർവ്വം കൈകാര്യം ചെയ്യുവാനും ഉപഭോക്താവിന്റെ ആവശ്യത്തെ നിറവേററുവാനും ഉള്ള സന്ദർഭം കിട്ടുകയും അങ്ങിനെ തന്റെ കഴിവുകളെ തികച്ചും വളർത്തിക്കൊണ്ടുവരുവാൻ അവസരം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ വളരെ മനോഹരമായ പ്രമാണീകരിയ്ക്കപ്പെട്ട ഷൂകളാകട്ടെ പ്രത്യേകമായ ഒരു കാലിന്റേയും പാകത്തിലും അളവിലും നിർമ്മിയ്ക്കപ്പെടാത്തതുകൊണ്ടു് അവ ശാസ്ത്രീയമായി ഉണ്ടാക്കപ്പെട്ടതാണെന്നു പറയു

വാൻ വയ്യ. അതുകൊണ്ട് യന്ത്രീകൃതഷൂനിർമ്മാണം ചെരുപ്പുകുത്തിയുടെ പ്രവൃത്തിയെ അപേക്ഷിച്ചു തീരെ അശാസ്ത്രീയവും പുഃരാഗതിക്കു വിഘാതവും ആകുന്നു.

## ഹിംസയും നശീകരണവും

രണ്ടു തലമുറകളായി യന്ത്രനിർമ്മിതമായ പ്രമാണീകൃതവസ്തുക്കൾ സൃഷ്ടിച്ച കയ്പു നിറഞ്ഞ അനുഭവങ്ങളെ നമ്മൾക്കു വിസ്മരിക്കുക സാദ്ധ്യമല്ല. അവക്കു് അസംസ്കൃതവസ്തുക്കൾ വമ്പിച്ച തോതിൽ ആവശ്യമാണ്. ലോകത്തിൻെറ നാനാമൂലയിൽനിന്നും അവയെ ശേഖരിക്കണം. ഉൽപാദിതവസ്തുക്കൾക്കു സ്ഥിരമായ ഒരു കമ്പോളം വേണം. അതിന്നായി സമുദ്രമാർഗ്ഗങ്ങളെ വ്യക്തവും സുരക്ഷിതവുമായി സംരക്ഷിക്കണം. ഇത്തരം നിബ്ബന്ധങ്ങൾ കാരണമാണ് രണ്ടു ലോകയുദ്ധങ്ങൾ ഉണ്ടായതു. പ്രസ്തുത യുദ്ധങ്ങളിൽ ലക്ഷക്കണക്കിലുള്ള മനുഷ്യരുടെ ഉൽപാദനശക്തിയും വൈദഗ്ദ്ധ്യവും ദുരുപയോഗപ്പെടുത്തി. എല്ലാ യുദ്ധങ്ങളും പുരോഗതിക്കു വിരുദ്ധവും മനുഷ്യനെ കാടൻയുദ്ധത്തിലേക്കു നയിക്കുന്നതും അശാസ്ത്രീയവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെ നിവ്വഹിക്കുന്നതിനുള്ള പ്രവൎത്തനങ്ങൾ ലോകയുദ്ധങ്ങൾക്കു പ്രോത്സാഹനം നല്കുകയാണെങ്കിൽ ആയതു് ആപൽക്കരമായിരിക്കും.

## ഉപസംഹാരം

അതുകൊണ്ടു നമ്മുടെ രാജ്യത്തിൽ ജനങ്ങളുടെ ആവശ്യപൂൎത്തിക്കുവേണ്ടി നടത്തപ്പെടുന്ന ഒരു ഉൽപാദനസമ്പ്രദായത്തെ പ്ലാൻ ചെയ്യുകയാണെങ്കിൽ ഏററവും ശാസ്ത്രീയവും പുരോഗമനോന്മുഖവുമായ ഒരു മാർഗ്ഗത്തെ ശ്രദ്ധാപൂൎവ്വം തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. വിവിധ വസ്തുക്കളെ ഉൽപാദിപ്പിക്കുന്നതു് പുരോഗതിയല്ലെന്നും നശീകരണം ശാസ്ത്രീയതയുടെ ലക്ഷണമല്ലെന്നും നാം നല്ലതുപോലെ മനസ്സിലാക്കണം. ആശു ഫലം കിട്ടാനുള്ള പ്രയത്നം സംസ്കാരനിർമ്മാണത്തിന്നു തടസ്ഥമുണ്ടാക്കുന്നു. പ്രകൃതി, രഹസ്യ മാൎഗ്ഗങ്ങളിൽക്കൂടി പ്രവൎത്തിക്കുകയും സമയം ആവശ്യപ്പെടുകയും ചെയ്യുന്നു. ഏതൊരു മനുഷ്യനും പെട്ടെന്നു ശാസ്ത്രകാരനും പുരോഗമനേച്ഛുവും ആയിത്തീരുക സാദ്ധ്യമല്ല. നമുക്കു ക്ഷമയോടെ കാത്തിരിക്കുക. അങ്ങിനെ നോക്കുകയാണെങ്കിൽ നമ്മുടെ ആവശ്യപൂൎത്തി വികേന്ദ്രീകൃതോൽപ്പാദനവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള ഗ്രാമവ്യവസായങ്ങൾകൊണ്ടു മാത്രമേ സാധിക്കു എന്നു നമുക്കു ബോദ്ധ്യമാവും.

മേൽപ്രസ്താവിച്ചപ്രകാരം ഗ്രാമവ്യവസായങ്ങൾക്കും കുടിൽവ്യവസായങ്ങൾക്കും ആവശ്യമായ പണിയായുധങ്ങൾ, യന്ത്രങ്ങൾ, മൂല അസംസ്കൃതവസ്തുക്കളായ സൽഫ്യൂറിക്ക് ആസിഡ്, സ്റ്റീൽ മുതലായവ നിൎമ്മി

ഷ്ക്കുന്നതിന്നു വൻകിടവ്യവസായങ്ങളെ—അവയുടെ തിക്തഫലങ്ങൾ അനുഭവിച്ചിട്ടു കൂടി—നമുക്കു നിലനിർത്തേണ്ടിവരും. വാൎത്താവിതരണം, ഗതാഗതം, ജലവിതരണം, വിദ്യുച്ഛക്തിനിർമ്മാണം എന്നിങ്ങിനെയുള്ള പൊതുജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടിയും വൻകിട വ്യവസായങ്ങളെ ഉപയോഗിക്കാം. ഇതിലധികമായാൽ അതു മനുഷ്യസമുദായത്തിന്നു പൊതുവെ ആപൽക്കരമായിരിക്കും. വളരെ ശ്രദ്ധയോടുകൂടി കൈകാര്യംചെയ്യേണ്ട ഒരു വിഷയമാണിതു്. നിത്യജീവിതാവശ്യങ്ങൾക്കുവേണ്ടി ഒരു കേന്ദ്രീകൃതോല്പാദനപദ്ധതി ഒരിക്കലും നമുക്കു സ്വീകരിച്ചുകൂടാ. വികേന്ദ്രീകൃതവ്യവസ്ഥയാണ് നമ്മുടെ രാജ്യത്തിന്നു ഏററവും പററിയതു്. അതുകൊണ്ടു ഗ്രാമവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും ഫലപ്രദമായ രീതിയിൽ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നപക്ഷം യഥാൎത്ഥപുരോഗതിയിലേക്കു നാം സ്വയം നയിക്കപ്പെടുന്നതാകുന്നു.

## ധനശാസ്ത്രത്തോടുള്ള ഗാന്ധിയൻസമീപനമാർഗ്ഗം

സത്യത്തിൽനിന്നും അഹിംസയിൽനിന്നും ഉടലെടുത്തതും, ഹിംസയിൽനിന്നും അസത്യത്തിൽനിന്നും വേർപെട്ടു നില്ക്കുന്നതുമായ ഒന്നാണ് ഗാന്ധിയൻ ധനശാസ്ത്രം. ഇത് കൂടുതൽ മനസ്സിലാക്കുന്നതിന്നു ഹിംസയിലും അസത്യത്തിലും അധിഷ്ഠിതമായ ഇന്നത്തെ സാമ്പത്തികജീവിതത്തെയും സംഘടനകളെയുംപററി പഠിക്കേണ്ടതുണ്ട്.

ധനശാസ്ത്രത്തിന്നു് ഒരു സാങ്കേതികനിർവ്വചനം മാത്രം കൊടുക്കാൻ ഗാന്ധിജി ആഗ്രഹിച്ചില്ല. നമ്മുടെ ഓരോ പ്രവൃത്തിയും അയൽപക്കക്കാരിലുളവാക്കുന്ന പ്രത്യാഘാതമെന്തെന്ന് അദ്ദേഹം സൂക്ഷ്മമായി പഠിക്കാൻ ശ്രമിച്ചു. ഒരു സങ്കുചിത ദൃഷ്ടിയിൽക്കൂടിയല്ല ഗാന്ധിജി ജീവിതത്തെ നോക്കിയത്. പ്രത്യുത സമ്പൂർണ്ണതയിലാണ്. അതുകൊണ്ടു് സാമ്പത്തികപ്രവർത്തനത്തിൻെറ സാമൂഹ്യവും ധാർമ്മികവുമായ വശത്തെക്കൂടി ധനശാസ്ത്രത്തിൽനിന്നു് ഒഴിച്ചുനിർത്താൻ അദ്ദേഹം ഇഷ്ടപ്പെട്ടുന്നില്ല.

മനുഷ്യൻെറ ആവശ്യനിർവ്വഹണത്തിന്നുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ വ്യാഖ്യാനമാണ് ധനശാസ്ത്രമെന്ന് എല്ലാവർക്കുമറിയാം. അങ്ങിനെ മനുഷ്യൻ തൻെറ സഹജീവികളുമായി ബന്ധപ്പെടുകയും അന്യോന്യം ഇണങ്ങുകയും പിണങ്ങുകയും ചെയ്യുന്നു. ഗാന്ധി

യൻ ധനശാസ്ത്രം സഹജീവികളെ ഒട്ടുംതന്നെ ദ്രോഹിയ്ക്കാതെ ജീവിതനിർവ്വഹണം സാധിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയാണ്. അതാണതിൻെറ പ്രത്യേകത. സഹജീവികളെ സമുദ്ധരിയ്ക്കുകയാണ് അതിൻെറ ഉദ്ദേശം.

തൊഴിലിൽനിന്നുണ്ടാകുന്ന പ്രത്യാഘാതത്തെ എങ്ങിനെയാണ് മനുഷ്യൻ സമീപിക്കുന്നതെന്നു നോക്കുക. നാം ദിനംപ്രതി ചെയ്തുവരുന്ന ഓരോ പ്രവൃത്തിയും ശാരീരികമായും, മാനസികമായും ബന്ധപ്പെട്ടിരിക്കുന്നു. സ്വന്തം പ്രവൃത്തികൊണ്ടാണ് മനുഷ്യൻ തൻെറ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നത്; രാഷ്ട്രീയമോ, സാമ്പത്തികമോ, സാമുദായികമോ ആയ ഏതു പ്രവൃത്തിയായാലും ശരി. അതുകൊണ്ട് നാം ചെയ്യുന്ന തൊഴിൽ ഭക്ഷണസമ്പാദനത്തിനുവേണ്ടിയുള്ള ഒരു ഉപാധിമാത്രമല്ല; പ്രത്യുത, ജീവിതത്തിന്നാവശ്യമായ ഒരു വിദ്യാഭ്യാസവുംകൂടിയാകുന്നു.

സാമ്പത്തികജീവിതത്തിൽ നാം ഉപയോഗിക്കുന്ന പ്രമാണങ്ങൾ കേവലം ഭൌതികം മാത്രമായിരിയ്ക്കരുത്. ജീവിതത്തിൻെറ വിവിധതുറകളിലുള്ള മനുഷ്യപ്രവൎത്തനത്തിൻെറ മൂല്യങ്ങളെ അവയ്ക്ക് അളക്കേണ്ടിവരും. അതിനാൽ പ്രശ്നങ്ങളെ ഒരിക്കലും പരിഹരിക്കുക സാദ്ധ്യമല്ല.

മനുഷ്യസമുദായത്തിന്നു പുറമെ, നമ്മുടെ നിത്യജീവിതസുഖത്തിന്നുവേണ്ടി അനവരതം പാടുപെടുന്ന

മൂകസഹോദരങ്ങളായ പക്ഷിമൃഗാദികളെ സംബന്ധി ച്ചുകൂടി നാം ചിന്തിക്കേണ്ടതാണ്. ഭൂമി, വെള്ളം, വായു, സൂര്യപ്രകാശം എന്നീ പ്രകൃതിവിഭവങ്ങളും പുറമെയുള്ള തിര്യക്‌ലോകവും ജീവിക്കുവാൻവേണ്ടി പാടുപെടുന്ന നമ്മുടെ ശ്രദ്ധയേയും, ദാക്ഷിണ്യത്തേയും അവകാശപ്പെടുന്നു. അതിനാൽ പ്രകൃതിയെ ഒരിക്കലും അവഗണിക്കരുത്. അവഗണിക്കുന്നപക്ഷം പീഡ, രോഗം, മരണം എന്നീ മാരകശക്തികൾവഴിയായി പ്രകൃതി പ്രതികാരം ചെയ്യും.

പ്രകൃതിനിയമങ്ങൾക്കനുയോജ്യമായതും പരഹിംസ ചെയ്യാത്തതുമായ മാർഗ്ഗത്തെ നാം പിൻതുടരേണ്ടിയിരിക്കുന്നു. പ്രകൃതിയുമായി പൂർണ്ണമായും സഹകരിക്കണം. പഴം കൊത്തിത്തിന്നുന്ന പക്ഷി വിത്തു താഴെയിടുന്നു. ചിലപ്പോൾ പഴം കിട്ടിയ സ്ഥലത്തുനിന്ന് കുറെ ദൂരെയെങ്ങാനുമായിരിക്കും വിത്ത് കൊണ്ടുപോയിടുന്നത്. അത് തൻെറ പ്രാഥമികാവശ്യമായ വിശപ്പു മാററുകയും അതോടൊപ്പംതന്നെ സസ്യസാമ്രാജ്യത്തിൻെറ പോഷണത്തിന്നുവേണ്ടി വമ്പിച്ച സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. ഇങ്ങിനെ പക്ഷിയും വൃക്ഷവും പ്രകൃതിമാർഗ്ഗത്തെ അവലംബിച്ച് പരസ്പരം സഹകരിക്കുകകാരണം രണ്ടുപേർക്കും അഭിവൃദ്ധിയുണ്ടാകുന്നു. ഹിംസയെ ജീവിതത്തിൽനിന്നകററുവാൻ ഈ കുറെററ മാർഗ്ഗം പിന്തുടർന്നാൽ മതി. ശാന്തമായ ഈവിധം പ്രവൎത്തനങ്ങളിൽക്കൂടി മാത്രമെ സന്തുഷ്ടമായ ഒരന്തരീ

ക്ഷം സൃഷ്ടിക്കുവാൻ സാധിക്കയില്ല. മനുഷ്യസമുദായത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിന്നു സമാധാനവും, സൌമനസ്യവും സൃഷ്ടിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥ മേൽ പ്രസ്താവിച്ച മാർഗ്ഗത്തിൽകൂടി ആസൂത്രണം ചെയ്യപ്പെടേണ്ടതാണ്.

ഈ സമീപനമാർഗ്ഗത്തെപ്പററി ചിന്തിക്കുമ്പോൾ നിലവിലുള്ള ഉൽപ്പാദനം, വിനിമയം, ഉപഭോഗം, എന്നീ സമ്പ്രദായങ്ങൾ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ എത്രമാത്രം കൊള്ളുന്നവയാണെന്നതിനെപ്പററിയും ചിന്തിക്കേണ്ടിവരും. അവയെ സ്വീകരിക്കുകയോ തള്ളിക്കളയുകയോ, തിരുത്തുകയോ എന്താണ് ചെയ്യേണ്ടതെന്ന പ്രശ്നവും നമ്മുടെ മുന്നിൽ ആവിർഭവിക്കുന്നു.

## ഉല്പാദനം

വ്യവസായവിപ്ലവത്തിന്നു മുമ്പ് തൻെറ ചുററുപാടിൽനിന്നു ലഭിക്കുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചു മനുഷ്യപ്രയത്നത്തിൻെറയും വൈദഗ്ദ്ധ്യത്തിൻെറയും സഹായത്തോടുകൂടി ചെറുകിട പണിയായുധങ്ങൾകൊണ്ടു മനുഷ്യൻ ഉൽപാദനം നടത്തിവരികയായിരുന്നു. പ്രാദേശികമായ ഉപഭോഗത്തിന്നുവേണ്ടിയായിരുന്നു ഉൽപന്നങ്ങൾ ഉപയോഗിച്ചിരുന്നതു്. അത്തരം സാമ്പത്തിക പ്രവർത്തനത്തിൽ ഹിംസക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല. ഉൽപാദനവസ്തുക്കൾ

ചുരുക്കമായിരുന്നു. അവ വ്യക്തികളുടേയോ ചെറു സംഘങ്ങളുടേതോ അധീനത്തിലുമായിരുന്നു.

## കേന്ദ്രീകൃതവ്യവസായങ്ങൾ

വ്യവസായവിപ്ലവം ഈ വ്യവസ്ഥയ്ക്കു് ഗണ്യമായ മാററങ്ങൾ ഉണ്ടാക്കി. വ്യവസായ വദ്ധനയ്ക്കുവേണ്ടി മൂലധനം ശേഖരിക്കുകയും വൻതോതിലുള്ള നിമ്മാണത്തിന്നുവേണ്ടിയുള്ള കണ്ടുപിടുത്തങ്ങൾ നടക്കുകയും ചെയ്തു. ഇവിടെവെച്ചാണ് ധനശാസ്ത്രം വഴിതിരിഞ്ഞതു്. അതു ഭൌതികപരിഗണനയിലൂടെമാത്രം മുന്നോട്ടു് പോകുവാൻ തുടങ്ങി.

## സമുദ്രമാഗ്ഗസംരക്ഷണം

വിലപിടിച്ച വമ്പിച്ച യന്ത്രങ്ങളും ഉപകരണങ്ങളും ഒരു സ്ഥലത്തു് സ്ഥാപിക്കുകയും ഇവയെ തീററിപ്പോററുന്നതിന്നായി ദൂരദിക്കുകളിൽനിന്നു് അസംസ്കൃതവസ്തുക്കൾ കൊണ്ടുവരികയും ചെയ്തു. ഉൽപാദിതവസ്തുക്കൾ കപ്പലിൽ കയററി ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിന്നായി അയയ്ക്കപ്പെട്ടു. ഈ രണ്ടു പ്രവൃത്തികൾ, അതായതു്, അസംസ്കൃതവസ്തുക്കൾ ശേഖരിക്കലും കമ്പോളങ്ങൾ കണ്ടുപിടിയ്ക്കലും കാരണമായിട്ടാണു് സമുദ്രമാർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിന്നുവേണ്ടി കരസൈന്യവും, കടൽസൈന്യവും ആവശ്യമായി വന്നതു്.

## അസംസ്കൃതവസ്തുക്കൾ

കൊല്ലം മുഴുവൻ അവിരാമമായി പ്രവത്തിച്ചാൽ മാത്രമെ ഇത്തരം യന്ത്രങ്ങളെക്കൊണ്ട് ആദായമുണ്ടാകുവാൻ സാധിക്കയുള്ളു. തന്നിമിത്തം യന്ത്ര ഉടമസ്ഥന്മാക്ക്, തങ്ങളുടെ മില്ലുകളിലേയ്ക്ക് ഇടവിടാതെ അസംസ്കൃതപദാത്ഥങ്ങൾ ലഭിക്കുന്നതിന്നുവേണ്ടി അവ ഉല്പാദിപ്പിക്കുന്നവരുടെ തൊഴിലിനേയും ജീവിതത്തേയും നിയന്ത്രിയ്ക്കേണ്ട ആവശ്യം നേരിട്ടു.

## കമ്പോളങ്ങൾ

അപ്രകാരംതന്നെ ഇത്തരം ഉൽപാദന പദ്ധതി കൊണ്ടു് ലഭിക്കുന്ന അപാരമായ ഉൽപന്നങ്ങളെ വിററഴിക്കുവാൻ സാധിക്കുന്നതിന്നുവേണ്ടി കമ്പോളങ്ങളെക്കൂടി നിയന്ത്രിക്കുന്നത് സൌകര്യപ്രദമാണെന്നു് അവർ കണ്ടു. ഈ രണ്ടു പരിഗണനകളാണ് വ്യവസായികമായി വളന്നിട്ടില്ലാത്ത രാജ്യങ്ങൾക്ക് അവികസിതരാജ്യങ്ങളെന്നു് പേർ നൽകി, അവയെ ബലപ്രയോഗംകൊണ്ട് കീഴടക്കുകയും, രാഷ്ട്രീയാടിമത്വത്തിന്ന് വിധേയമാക്കുകയും ആധുനികലോകത്തിൽ അറിഞ്ഞുവരുന്ന രാഷ്ട്രീയസാമ്പത്തിക സാമ്രാജ്യത്വത്തിന്നു് അടിയറവെക്കുകയും ചെയ്തത്.

അങ്ങിനെ കേന്ദ്രീകൃതോൽപാദനത്തിൻെറ ആവിർഭാവംകൊണ്ടാണ് ലോകത്തിലെ സ്വാതന്ത്ര്യപ്രണയി

കളായ ജനങ്ങളുടെ കണ്ണിൽ വ്യാവസായികരാജ്യങ്ങൾ ഒരു ഭീഷണിയായിത്തീന്നിട്ടുള്ളതു്.

## യുദ്ധസാമഗ്രികൾ

യന്ത്രീകൃതോല്പാദനവ്യവസ്ഥയുടെ അടിസ്ഥാനമാണു് നശീകരണം. അതിന്നുവേണ്ടി ലോകയുദ്ധങ്ങളെന്നു് വിളിക്കപ്പെടുന്ന കൂട്ടക്കൊലകൾ നിർബാധം നടത്തുന്നതിന്നായി വമ്പിച്ച തോതിൽ ആയുധനിർമ്മാണം നടത്തുകയാണു് ശാസ്ത്രജ്ഞന്മാരുടെയും, കുശലന്മാരായ ഇഞ്ചിനീയർമാരുടെയും ഇന്നത്തെ പ്രവൃത്തി. രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരം കാരണമായി യുദ്ധസാമഗ്രികളുടെ നിർമ്മാണം വളരെയധികം വദ്ധിച്ചു.

## ഹിംസയുടെ തേജസ്കരണം

സാധാരണക്കാരൻ സമാധാനപ്രിയനാണു്. മററുള്ളവനെ ഹിംസിക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല. പ്പന്നാൽ അവരെ സൈന്യത്തിൽ ചേക്കുകയും ലോകസംഹാരത്തിന്നു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തികൾ വാഴ്ത്തപ്പെടുന്നു. പ്രത്യേക പരിതസ്ഥിതികളെ നേരിടുന്നതിന്നായി ഒരു പുതിയ സാമൂഹ്യചക്രത്തിൻെറ മൂശയിൽ അവരെ വാത്തുവിടുകയും, മഹത്തായ പദവികൾ നല്കുകയും ചെയ്യുന്നു. വ്യവസായമേധാവിത്വത്തിൻെറ കളവിനേയും ചതിയേയും സഹായിക്കുന്നതിന്നായി സൈന്യങ്ങളെ ഉപയോഗിക്കുന്നു.

## അസത്യത്തിൻെറ അനിവാര്യത

ഫാക്ടറിയിൽ ഉൽപാദിപ്പിക്കപ്പെട്ട വസ്തുക്കൾ കൊണ്ടു് കമ്പോളങ്ങളെ തടിപ്പിക്കുവാൻ സത്യത്തിൻെറ കണികപോലുമില്ലാത്ത പരസ്യങ്ങൾ കൊടുക്കുന്നു.

രാഷ്ട്രങ്ങളെ പരസ്പരം ഏററുമുട്ടിക്കുന്നതിന്നുവേണ്ടി പ്രചരണായുധം ശക്തിപൂർവ്വം പ്രയോഗിക്കുകയും തദ്വാരാ പരസ്പരവിദ്വേഷവും അവിശ്വാസവും വളർത്തി ലോകാന്തരീക്ഷത്തെ വിഷലിപ്തമാക്കിത്തീർക്കുകയും ചെയ്യുന്നു.

## അഹിംസാത്മകമായ സ്വദേശി

കേന്ദ്രീകൃതവ്യവസായങ്ങളുടെ ആവിർഭാവം നിമിത്തം സാർവ്വലൌകികമായ ബന്ധങ്ങളിൽ പല മാററങ്ങളും വന്നുചേർന്നിട്ടുണ്ടു് എന്ന വസ്തുത മേൽ ചേർത്ത വിവരണങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ജീവിതനിർവ്വഹണത്തിന്നുവേണ്ടി നടത്തപ്പെടുന്ന വ്യവസായങ്ങളിൽ ഹിംസയും, അസത്യവും ആധിപത്യം സ്ഥാപിച്ചിരിക്കയാൽ ജനങ്ങളുടെ സാമ്പത്തികജീവിതം ഏതാണ്ടു ദയനീയമായിതീർന്നിട്ടുണ്ടു്. അതുകൊണ്ടു് അത്തരം വ്യവസായങ്ങൾക്കു് അസംസ്കൃതവസ്തുക്കൾ നൽകരുതു്. അവ നിർമ്മിച്ച വസ്തുക്കൾ ഉപയോഗിക്കുകയുമരുതു്. അങ്ങിനെ അവയുമായി നിസ്സഹകരിക്കുന്നപക്ഷം നാം പന്തിരിപ്പന്മാരാവുകയല്ല പ്രത്യുത ആത്മീയവും, ധാർമ്മികവുമായ മൂല്യങ്ങളെ സാമ്പ

ത്തികരംഗത്തിൽ വിനിയോഗിക്കുകയാണ് ചെയ്യുന്നതു്.

## വിനിമയം

വൻതോതിലുള്ള ഉല്പാദനം ആരംഭിച്ചാൽ ഉല്പാദനങ്ങളെ വിററഴിക്കുക എന്നതു് ഒരു ഭയങ്കര പ്രശ്നമായിത്തീരും. വഴിയുടെ ദൈർഘ്യവും, അസാധാരണമായ ചുങ്കവ്യവസ്ഥകളും അതിന്നു തടസ്ഥമുണ്ടാക്കും. ഈ പ്രശ്നത്തെ പരിഹരിക്കുന്നതിന്നു വേണ്ടതു ചെയ്യേണ്ടതാണു്.

## സമുദ്രവാണിജ്യം

കടത്തുകൂലി നഷ്ടപ്പെടാതിരിപ്പാൻ കണ്ടുപിടിച്ച ഏററവും ഫലപ്രദമായ ഒരു മാർഗ്ഗമാണു് കപ്പൽവാണിജ്യം. സംസ്കരിക്കപ്പെട്ട ഉല്പന്നങ്ങൾ നിറച്ച കപ്പലുകൾ പുറപ്പെടുകയും അവ വിററഴിച്ചാൽ അസംസ്കൃതപദാർത്ഥങ്ങൾ നിറച്ചു മടങ്ങുകയും ചെയ്യുന്നു. ഇപ്രകാരത്തിലുള്ള കപ്പൽവാണിജ്യത്തിന്നു് സുശക്തമായ ഒരു നാവികസൈന്യത്തിൻെറ ആവശ്യം നേരിട്ടു.

## ട്രസ്റ്റിഷിപ്പ്

പിന്നണിയിൽ നില്ക്കുന്ന രാജ്യങ്ങൾ പരിഷ്കൃത ജീവിതസമ്പ്രദായം വ്യാവസായികരാജ്യങ്ങളിൽനിന്നു പഠിക്കുവാൻ നിർബ്ബന്ധിതരായി. തങ്ങളുടെ പാരമ്പര്യങ്ങളെ പെട്ടെന്നു മാററിത്തീർക്കുക ഏതൊരു ജനതക്കും സാദ്ധ്യമല്ലല്ലോ. അങ്ങിനെ സമാധാനപരമായ

കൈകടത്തലുകഠം ആരംഭിച്ചു. പിന്നണിസമുദായക്കാരെ ഉയൎത്തുവാനും അവികസിതരാജ്യങ്ങളെ സമുദ്ധരിയ്ക്കുവാനും വേണ്ടിയുള്ള പദ്ധതികഠം രൂപമെടുത്തു. ഈ പദ്ധതികളെ ദുൎബ്ബലരാഷ്ട്രങ്ങളിൽ നടപ്പിൽ വരുത്തുവാൻവേണ്ടി ശക്തിയേറിയ സൈന്യത്തെ ഉപയോഗിയ്ക്കാൻ തുടങ്ങി.

## ദ്രവ്യത്തിൻെറ സ്ഥാനം

കമ്പോളങ്ങഠം വളരെ ദൂരെയാവുമ്പോഠം നാണയപ്രശ്നങ്ങഠം ആവിർഭവിയ്ക്കുന്നു. ഉല്പന്നങ്ങഠം തമ്മിലുള്ള കൈമാററംകൊണ്ട് വൻകിട ഉൽപാദനവും വിനിമയവും ഒരു സ്തംഭനാവസ്ഥയിലെത്തിച്ചേരുന്നതാണ്. ഇങ്ങിനെയാണ് നാണയവിനിമയസമ്പ്രദായം ആരംഭിച്ചതു്. അതിൻെറ വൎദ്ധമാനമായ വളൎച്ച ഉല്പന്നങ്ങളുടെ മൂല്യത്തെ തരംതാഴ്ത്തുകയും സാൎവ്വത്രികമായ മേധാവിത്വം സ്ഥാപിയ്ക്കുകയും ചെയ്തു. ഉല്പാദനം ഉപഭോഗത്തിനു വേണ്ടി എന്ന നിലതെററി വിനിമയത്തിനുവേണ്ടി എന്ന ഒരവസ്ഥയിൽ എത്തിച്ചേരുകയാണ് ചെയ്തതു്.

## ധൂമവലയം

കൎഷകൻ തൻെറ പശുവിൽനിന്നു കിട്ടുന്ന അവസാന തുള്ളിപ്പാലുപോലും കട്ടിയ്ക്കു കൊടുക്കാതെ പണത്തിന്നു വില്ക്കുന്നു. പാലിൻെറ പോഷകാംശത്തെ പററി ചിന്തിയ്ക്കുന്നതേയില്ല. തൻെറ കട്ടികഠംക്കു് ആ

വശ്യമായ ഒരൊന്നാംതരം ഭക്ഷണപദാർത്ഥത്തെ വില്ക്കു ന്നു അവൻ കുട്ടികളുടെ ഭാവി ആരോഗ്യത്തെയാണ് നാണയത്തുട്ടുകൾക്കുവേണ്ടി വില്ക്കുന്നതു്. പണത്തി ന്റെ മാസ്മരശക്തി അവന്റെ കാഴ്ചപ്പാടിനെ വഞ്ചി ക്കുകയാണു് ചെയ്യുന്നതു്.

## ഉപഭോഗം

ആവശ്യത്തെ പരിഗണിച്ചല്ലാ മിക്കവാറും വൻ കിട ഉല്പാദനം നടത്താറുള്ളതു്. ഓരോരിക്കലും ധാ രാളം സാധനങ്ങൾ പുറത്തിറങ്ങുന്നു. ഹിംസയുടെ സ ഹായത്തോടുകൂടിയാണു് അവയെ വിററഴിക്കുന്നതു്. കള്ളപരസ്യങ്ങൾക്കു് അതിൽ പ്രമുഖമായ ഒരു പങ്കു ണ്ടു്. അനാവശ്യസാധനങ്ങൾ വാങ്ങുന്നതിന്നു ജന ങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നു. പുകവലി ശീലിക്കു ന്നതിന്നുവേണ്ടി ധാരാളം സിഗരററുകൾ പുകച്ചുകളയു ന്നതിന്നു തുല്യമാണിതു്. ജനങ്ങൾ ദുശ്ശീലങ്ങൾ സൃഷ്ടി ക്കുന്നതിനെപ്പററി വ്യവസായത്തിന്റെ ഉടമകൾക്കു് ചിന്തയില്ല. അയാൾക്കു കമ്പോളം സുരക്ഷിതമാകണം, അത്രേ വേണ്ടു.

## ബുദ്ധിശൂന്യമായ അനുകരണം

നമ്മുടെ രാജ്യത്തു് സസ്യക്കൊഴുപ്പിൽനിന്നെടുക്കു ന്ന കൃത്രിമനെയ്യു് (വനസ്പതി) ഉപയോഗിക്കുന്നതിന്നു വേണ്ടി വലിയ പരിശ്രമങ്ങൾ നടക്കുന്നുണ്ടു്. മില്ലുക ളിലുണ്ടാക്കുന്ന എണ്ണ കാറുന്നതും മണവും ഗുണവുമില്ലാ

ത്തും നിറം പകച്ചതും ആയിരിക്കും. പരിശുദ്ധവും, കളിമ്മയേറിയതുമായ സസ്യക്കൊഴുപ്പിൻെറ നിറവും മണവും തിരിച്ചറിയുവാനുള്ള മനുഷ്യൻെറ കഴിവി നെ തീരെ നശിപ്പിക്കുന്ന ഒരേപ്പാടാണിതു്. പരിശു ദ്ധമായ എണ്ണയുടെ പോഷകമായ മൂല്യത്തേയും മി ല്ലുകൾ നശിപ്പിക്കുന്നുണ്ടു്. മിൽ എണ്ണകളുടെ ദോഷ ങ്ങളെ ദൂരീകരിക്കുന്നതിന്നായി വമ്പിച്ച പരസ്യങ്ങൾ കൊടുക്കുന്നു. അതിൻെറ ഗുണഗണങ്ങളെ വാഴ്ത്തുന്നു. മിൽഎണ്ണയിൽ നഷ്ടപ്പെട്ട പോഷകാംശങ്ങളെ വള ത്തുന്നതിന്നായി മത്സ്യക്കൊഴുപ്പു ചേക്കുന്നു. ഉപഭോ ക്താക്കൾ അതു ലേശംപോലും അറിയുന്നില്ല. കൂടുതൽ വിററാമിൻ എണ്ണയിലുണ്ടെന്ന പ്രചാരവേലയെ ജന ങ്ങൾ അപ്പടി വിശ്വസിക്കുകയും അതുപയോഗിച്ചു സംതൃപ്തരാവുകയും ചെയ്യുന്നു. അങ്ങിനെ എണ്ണയാട്ടു ന്നവക്കു ജീവിക്കുവാൻ വിഷമം നേരിടുകയും ജന ങ്ങൾക്കു് അവരുടെ ഭക്ഷണപദാത്ഥങ്ങളിലെ പോഷ കാംശം നഷ്ടപ്പെടുകയും ചെയ്യുന്നു. അവരുടെ ക്രയശ ക്തിക്കു് വമ്പിച്ച ചതിയാണ് പിണയുന്നതു്. അങ്ങി നെ വൻകിടയിലുള്ള ഉൽപാദനം ഉപഭോക്താക്കളിൽ ഹാനികരങ്ങളായ വഴക്കങ്ങൾ സൃഷ്ടിക്കുകയും ജനകീ യാവശ്യങ്ങളുടെ വിധികർത്തൃത്വം സ്വയം ഏറെറടു ക്കുകയും ചെയ്യുന്നു. ജനങ്ങളെ തെററിധരിപ്പിച്ചു് അ വരുടെ ക്രയശക്തിയെ നിസ്സാരങ്ങളായ അലങ്കാരവ സ്തുക്കൾക്കുവേണ്ടി ചൂഷണം ചെയ്യുന്നു. പട്ടിണിയും

പാഴ്മായി കഴിയുന്നവർപോലും ഈ കുട്ടക്കിൽ അക പ്പെടുന്നു. ഇന്ത്യൻ ഗ്രാമീണർക്കു പണത്തെ ഉപയോഗി യ്ക്കേണ്ടതു് എങ്ങിനെ എന്നറിഞ്ഞുകൂടാ. വരവനുസരി ച്ചു ചിലവു നടത്തുക അവക്കു സാദ്ധ്യമല്ല. അങ്ങിനെ യിരിക്കെ കേന്ദ്രീകൃതോൽപാദനവ്യവസ്ഥ തിരഞ്ഞെ ടുത്ത മാർഗ്ഗം പാവങ്ങളെ കൂടുതൽ കൊള്ളയടിയ്ക്കുന്ന തിന്നും ദരിദ്രന്മാരാക്കുന്നതിന്നും മാത്രമേ സഹായകമാ വുകയുള്ളു.

## സ്വയംസമ്പൂർണ്ണത

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികാ വശ്യങ്ങളെല്ലാം തന്നെ ഗ്രാമോൽപന്നങ്ങൾകൊണ്ടു സാ ധിക്കണം. ആവശ്യങ്ങളെ കണക്കിലധികം വദ്ധിപ്പി ക്കുന്നതു നന്നല്ല. തവിടുകളഞ്ഞ അരിയിലും, വെളുത്ത പഞ്ചസാരയിലും പോഷകപദാത്ഥം നഷ്ടപ്പെട്ടിരിക്കു ന്നു. ഉൽപാദനം പ്രാദേശികാവശ്യങ്ങളെ പരിഗണി ച്ചു നടത്തപ്പെടുമ്പോൾ വദ്ധിച്ചുവരുന്ന ആവശ്യങ്ങൾ ക്കെല്ലാം കുറവുണ്ടാകുന്നതാണു്.

## സമ്പദ്വിതരണം

ഇന്ത്യയിൽ ഒരുപിടി ആൾക്കാർ അളവററ സ മ്പത്തു കൈവശം വെച്ചിരിയ്ക്കുന്നു. ഭൂരിപക്ഷം ജനത ഭയങ്കരദാരിദ്ര്യവുമനുഭവിയ്ക്കുന്നു. അപ്പോൾ ഉല്പാദന ത്തിൻെറ നേതൃത്വം ചുരുക്കം ചിലക്കായിരിയ്ക്കും. മൂലധ നമിറക്കി വ്യവസായം നടത്തുന്ന സമ്പ്രദായത്തിൻെറ

ഒരു പ്രത്യേകതയാണിത്. അങ്ങിനെ കേന്ദ്രീകൃതവ്യവസായം സ്ഥിരമായ തൊഴിലില്ലായ്മയേയും കുത്തകാവകാശത്തേയും സാർവ്വത്രികമായി സൃഷ്ടിച്ചുവിടുന്നു. തൊഴിൽചെയ്യാൻ സാഹചര്യമുള്ള ഒരു രാജ്യത്ത്, അവിടുത്തെ സമ്പത്തിനെ തികച്ചും ജനോപയോഗപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടി സംഘടനകൾവഴി പരിശ്രമിക്കുന്നതു നന്ന്. ഗ്രാമവ്യവസായങ്ങൾ സമ്പത്തിനെ സാർവ്വത്രികമായി വിതരണം ചെയ്യുന്നു. കേന്ദ്രീകൃതവ്യവസായങ്ങളാകട്ടെ സമ്പത്തിനെ കേന്ദ്രീകരിച്ചും നിർത്തുന്നു.

## ഉല്പന്നങ്ങളുടെ മൂല്യവും വിലയും

വ്യവസായികളുടെ താല്പര്യം മുഖ്യമായും നിലകൊള്ളുന്നതു ലാഭത്തിലാണ്. ഉല്പന്നങ്ങളുടെ വില നിശ്ചയിയ്ക്കപ്പെടുന്നതു കോമ്പററീഷൻെറ അടിസ്ഥാനത്തിലാണ്. ആകയാൽ ലാഭം വർദ്ധിപ്പിക്കുന്നതിന്നുവേണ്ടി വിലകൂട്ടുവാൻ എപ്പോഴും സാദ്ധ്യമാവുകയില്ല അതുകൊണ്ട് ഉൽപ്പന്നങ്ങൾ ഗുണത്തിൽ തരംതാഴ്ത്തപ്പെടുന്നു. അസംസ്കൃതവസ്തുക്കൾ, പ്രവൃത്തിക്കൂലി, മററുചിലവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഒരു വസ്തുവിൻെറ മൂല്യത്തെ അളക്കുന്നതു്. കമ്പോളത്തിൻെറ നിലവാരമനുസരിച്ചു നോക്കുമ്പോൾ മേൽപ്പറഞ്ഞ ഒന്നും മൂന്നും ഇനങ്ങൾക്കു വിലകൂട്ടുക സാദ്ധ്യമല്ല. താണ നിരക്കിന്നു സാധനങ്ങൾ വാങ്ങുന്നവരുടെ കരാറ് ഏറെറടുത്ത് അതിൻെറ അടിസ്ഥാനത്തിലാ

ണ് കൂലി നിജപ്പെടുത്തുന്നതു്. അത്താം സാധനങ്ങളിൽ കൂടുതൽ ലാഭംകിട്ടുവാൻ ആഗ്രഹിക്കുമ്പോൾ കൂലി ചുരുക്കേണ്ടിവരുന്നു. അതുകൊണ്ടു് വൻകിട ഉൽപ്പാദനവ്യവസ്ഥയിൽ നിർമ്മിയ്ക്കപ്പെട്ട ഒരു വസ്തുവിന്നു് അമിതാദായമെടുക്കുന്നതു തടയാൻ വില നിയന്ത്രിക്കുകയാണെങ്കിൽ, നിയന്ത്രണം വിലയിൽമാത്രം ചെയ്താൽപോരാ, കൂലി നിജപ്പെടുത്തുകകൂടി വേണം.

നേരെമറിച്ച് ഒരു വികേന്ദ്രീകൃതവ്യവസായോൽപ്പന്നത്തിൻെറ മൂല്യത്തെ നിശ്ചയിക്കുന്നത് അസംസ്കൃതപദാത്ഥത്തിൻെറ മൂല്യത്തെമാത്രം നോക്കിയിട്ടാണ്. മൂല്യവും, വിലയും തമ്മിലുള്ള വ്യത്യാസമാണ് തൊഴിലാളികൾക്കു കിട്ടുന്ന പ്രതിഫലം. അതുകൊണ്ടു് അത്തരം ഉൽപ്പന്നത്തിൻെറ വില നിയന്ത്രണം ചെയ്യുന്നതു തൊഴിലാളികൾക്കു കിട്ടുന്ന പ്രതിഫലത്തെയാണ് ബാധിയ്ക്കുന്നത്.

നമ്മുടെ രാജ്യത്തു കൂലി വളരെ ചുരുക്കമാണ്. അതിനാൽ വൻകിട വ്യവസായോൽപ്പന്നങ്ങൾക്കു വില നിർണ്ണയംചെയ്യുന്നത് ഉൽപ്പാദകൻെറ ലാഭത്തെ കുറയ്ക്കുവാൻ കുറെയൊക്കെ പര്യാപ്തമായേക്കാം. അത് ആവശ്യവുമായിരിയ്ക്കാം. എന്നാൽ വികേന്ദ്രീകൃതവ്യവസായോൽപ്പന്നങ്ങൾക്കു വിലനിർണ്ണയം ചെയ്യുന്നതുകൊണ്ടു തൊഴിലാളികൾക്കു നിലവിൽ കിട്ടിക്കൊണ്ടിരിയ്ക്കുന്ന പ്രതിഫലത്തെ കുറെക്കൂടി ചുരുക്കുന്നതാ

യിരിക്കും. മറെറാരു ഭാഷയിൽ പറകയാണെങ്കിൽ വൻകിട വ്യവസായങ്ങൾക്ക വില നിയന്ത്രിക്കുന്നതു കൊണ്ട് സാമ്പത്തികവികേന്ദ്രീകരണം സാധിക്കുന്നു. എന്നാൽ ഗ്രാമത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ട അതേ വസ്തുക്കൾക്ക വില നിജപ്പെടുത്തുന്നതുകൊണ്ടു വികേന്ദ്രീകൃതാടിസ്ഥാനത്തിലുള്ള സാമ്പത്തികവിതരണം തടസ്ഥപ്പെടുന്നു. അതിനാൽ ഗ്രാമീണോൽപ്പന്നങ്ങളുടെ വില വൎദ്ധിപ്പിക്കലായിരിക്കണം നമ്മുടെ ഉദ്ദേശം.

## വാഹനസൌകര്യം

വമ്പിച്ച തോതിൽ ഉൽപ്പാദനം നടത്തുന്ന ഒരു സ്ഥലത്തു കടത്തുവാഹനങ്ങൾക്ക വളരെ പ്രാധാന്യമുണ്ട്. കടത്തുവാഹനങ്ങളുടെ ഊൎജ്ജിതമായ പ്രവൎത്തനത്തെ ആശ്രയിച്ചാണ് വിജയം നിലക്കൊള്ളുന്നത്. കട്ടത്ത നിയന്ത്രണത്തിന്നധീനമായി പ്രവൎത്തിക്കാത്ത പക്ഷം രാജ്യത്തെ പാപ്പരാക്കുവാൻ അവ കാരണമായേക്കാം. തീവണ്ടി, ലോറി മുതലായ വേഗതയിലോട്ടുന്ന വാഹനങ്ങളെപ്പററി പ്രത്യേകം മനസ്സിരുത്തണം. സാധനങ്ങൾ കടത്തുന്നതിലുള്ള മത്സരം ഹിംസക്ക് കാരണമായിത്തീരുന്നു. വേഗതയുള്ള കടത്തുവാഹനങ്ങളിൽ പഴങ്ങൾ, മത്സ്യങ്ങൾ തുടങ്ങിയ വേഗത്തിൽ ചീത്തയാകുന്ന സാധനങ്ങൾ കടത്തിക്കൊണ്ടുപോവുകയാണെങ്കിൽ നന്നായിരിക്കും. ഇന്നത്തെ കടത്തുസമ്പ്രദായം ഏററവും യുക്തിരഹിതമായിട്ടാണ് പ്രവൎത്തിക്കു

ന്നതു്. പഴങ്ങഠം ധാരാളമുണ്ടാകുന്ന ഒരു സ്ഥലത്തെ ജനങ്ങഠംക്കു് നിത്യഭക്ഷണത്തിന്നുപോലും അതു് കിട്ടുന്നതു് വളരെ താമസിച്ചിട്ടാണു്.

ഗുജറാത്തിലെ ആനന്ദജില്ലയിൽ പാൽ ധാരാളമുണ്ടാകുന്നു. ബോമ്പെയിലേക്കു് പാൽ കയററി അയക്കുന്ന ഏജൻറുമാൎക്കു ഗവൎമ്മേണ്ടു പരിപൂൎണ്ണക്രയസ്വാതന്ത്ര്യം അനുവദിച്ചതുകൊണ്ടു് അവിടുത്തുകാൎക്കു് പാലിന്നു വളരെ ക്ഷാമം നേരിട്ടിരിക്കയാണു്. വേഗതയേറിയ കടത്ത വാഹനസൌകൎയ്യവും തണുപ്പിക്കാനുള്ള ഏൎപ്പാടുകളും ഉള്ളതുകൊണ്ടു് കച്ചവടക്കാരുടെ അത്യാഗ്രഹം ഏതിരില്ലാതെ വൎദ്ധിച്ചിരിക്കുന്നു. ഒരുതരം മാനസികരോഗമായിതീൎന്നിട്ടുണ്ടു് അതു്. മനുഷ്യൻ സ്വാൎത്ഥതല്പരനായിരിക്കുന്നേടത്തോളം കാലം അവന്നു് ലഭിച്ചിട്ടുള്ള എല്ലാ സൌകൎയ്യങ്ങളേയും അവൻ ദുരുപയോഗപ്പെടുത്തുകയേ ചെയ്കയുള്ളു വാഹനസൌകൎയ്യം രണ്ടു തലയും മൂൎച്ചയുള്ള കത്തിപോലെയാണു്. അച്ചടക്കവും ആത്മനിയന്ത്രണവും ഉണ്ടെങ്കിൽ മാത്രമേ അതിനെ ശരിയായി ഉപയോഗിക്കുവാൻ സാധിക്കയുള്ളു. അനിയന്ത്രിതവും സ്വാൎത്ഥപൂൎണ്ണവുമായ ഒരു സമ്പദ്വ്യവസ്ഥയിൽ ഇത്തരം ഉപകരണങ്ങഠം സമുദായത്തിന്നു് ദോഷമാണു് ചെയ്യുന്നതു്.

### വ്യാപാരക്കെണികഠം

പെട്രോഠം, എണ്ണ തുടങ്ങിയ വിദേശച്ചരക്കുകഠംകൊണ്ടു വ്യാപാരം ചെയ്യുന്നവൎക്കു് ബസ്സു്, ലോറി തുടങ്ങിയ

വാഹനങ്ങൾ വിപുലമായ കമ്പോളത്തെ സൃഷ്ടിച്ചുകൊടുക്കുന്നതുകൊണ്ട് ഇത്തരം വാഹനങ്ങളെ അന്യദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയാൽ നമ്മുടേതുപോലുള്ള രാജ്യങ്ങളുടെ ക്രയശക്തിക്ക് ഗണ്യമായ ഹാനി സംഭവിക്കുന്നു. അവക്ക് നാം കൊടുക്കുന്ന വാടകയും കൂലിയും വിദേശീയരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നും മന്ദഗതിയായ നാട്ടുവാഹനങ്ങളെ നശിപ്പിക്കുന്നതിന്നും സഹായിക്കുന്നു. നാട്ടുവാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു നാട്ടുവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകകൂടിയായിരിക്കും. പ്രത്യേക കാലങ്ങളിൽ മാത്രം കയററി അയക്കുന്ന മരത്തെ വേഗതയുള്ള കടത്തുവാഹനങ്ങളിൽ കൊണ്ടുപോകുന്നതുകൊണ്ട് പറയത്തക്ക മെച്ചമൊന്നും ഉണ്ടായിരിക്കുകയില്ല. ഒരു കാർഷികരാജ്യത്തിൽ മൃഗങ്ങളുടെ പുറത്ത് സാധനങ്ങൾ കയററിക്കൊണ്ടുപോകുന്ന സമ്പ്രദായം അവിടുത്തെ സമ്പദ്‌വ്യവസ്ഥക്ക് യോജിച്ചതും പ്രാകൃതികമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതുമാകുന്നു.

## മൂല്യത്തിൻെറ മാനദണ്ഡം

വ്യാപാരത്തിൽ നാണയമൂല്യത്തിന്നു അനിയന്ത്രിതമായ പ്രാധാന്യം കൊടുക്കുമ്പോൾ ഹിംസക്കു പ്രോത്സാഹനം ലഭിക്കുകയും അസത്യം അനിവാര്യമായിത്തീരുകയും ഉൽപ്പാദനവൈദഗ്ദ്ധ്യം ഉപയോഗശൂന്യമായി കൈകാര്യം ചെയ്യപ്പെടുകയും ചെയ്യും. ഭക്ഷണ

ക്ഷാമം കൊട്ടമ്പിരിക്കൊള്ളുന്ന ഒരു രാജ്യത്തു പുകയില കൃഷിചെയ്യുന്നു. ദാരിദ്ര്യം നടമാടിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തു മാനുഷികാവശ്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള മൂല്യങ്ങൾക്കാണു് നാം പ്രാധാന്യം നൽകേണ്ടതു്. വിനിമയമൂല്യത്തിനല്ല.

## വിലനിർണ്ണയതന്ത്രം

ഒരു മുട്ടക്കു എത്രതന്നെ വില നിശ്ചയിച്ചാലും മുട്ട അതല്ലാതാകുന്നില്ല. അതിലെ പോഷകാംശങ്ങൾ ധനികനും ദരിദ്രനും ഒരുപോലെ ആവശ്യമായിട്ടുള്ളതാണു്. ഒരു ദരിദ്രൻ കിട്ടിയ പ്രതിഫലത്തിന്നു മുട്ട വില്ക്കുകയും ധനികൻ അതു വാങ്ങുകയും ചെയ്യുന്നതു സമുദായദ്രോഹമാകുന്നു. ഇന്നത്തെ വ്യാപാരം അധികവും വിലനിർണ്ണയതന്ത്രത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. സാധനത്തിൻെറ മേന്മയോ വാങ്ങുന്നവരുടെ ഗുണമോ പരിഗണിയ്ക്കപ്പെടുന്നില്ല

## കൃത്രിമാവശ്യങ്ങൾ

ജീവിതത്തിൻെറ പരമമായ ലക്ഷ്യം ഭൌതികാഭിവൃദ്ധി മാത്രമല്ല: ആവശ്യങ്ങളെ കണക്കിലധികം വർദ്ധിപ്പിക്കുന്നതുകൊണ്ടു് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കിത്തീർക്കുന്നതിന്നും, പുതുമോടികും പരിഷ്ക്കാരത്തിന്നുമനുസരിച്ചു നിർമ്മാതാക്കൾ തയ്യാറാക്കി പുറത്തിറക്കുന്ന വസ്തുക്കൾക്കു് പ്രോത്സാഹനം നല്കുന്നതിന്നും മാത്രമെ സാധിക്കൂ. അങ്ങിനെ സ്റ്റോക്കു് വിററഴിക്കുവാൻ

വേണ്ടി നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന കൃത്രിമാവശ്യ ങ്ങൾ സംസ്കാരത്തെ വികൃതമാക്കിത്തീക്കുന്നു.

## മററു പ്രമാണങ്ങൾ

ധാമ്മികവും, സാംസ്കാരികവും, കലാപരവും, ശാരീരികവും, പോഷകവുമായ മൂല്യങ്ങളെ വളത്തി ക്കൊണ്ടുവരുന്നതിന്നു നമുക്ക് വിവിധങ്ങളായ മാനദ ണ്ഡങ്ങളെ സ്വീകരിക്കേണ്ടിവരുമ്പോൾ ആയതിന്നുപ യുക്തമാകുംവണ്ണം നമ്മുടെ ജീവിതത്തെ രൂപപ്പെടു ത്തേണ്ടതാകുന്നു. പ്രകൃതിനിയമങ്ങൾക്കനുസരിച്ചു ജീവി ക്കുവാൻ നാം പരിശീലിയ്ക്കണം. അങ്ങിനെ ജീവിതം സുവ്യക്തമായ പന്ഥാവിലൂടെ ചരിക്കുകയും ആയുസ്സി ന്നു് ദൈർഘ്യം കിട്ടുകയും ചെയ്യും. പ്രകൃതിയെ അവ ഗണിച്ചാൽ നാശം സംഭവിക്കും.

## തൊഴിലിൻെറ പ്രായോഗികവശം

പ്രകൃതിയുടെ വ്യവസ്ഥയിൽ, തൊഴിൽ പ്രകൃതി മാർഗ്ഗത്തെ അനുസരിക്കുന്നതു കാണാം. മുമ്പു പറഞ്ഞ ഉദാഹരണംതന്നെ നോക്കുക. എത്രയോ ദൂരത്തു നിന്നി രുന്ന ഒരു പഴം തിന്നു് അതിൻെറ വിത്തു് നമ്മുടെ തൊടിയിൽ കൊണ്ടിടുന്ന പക്ഷിക്കു് പ്രകൃതിയെ സ ഹായിക്കുന്നതിന്നോ അനുസരിക്കുന്നതിന്നോ യാതൊ രുതരത്തിലുള്ള ബാദ്ധ്യതയുമില്ല. അതു ക്രമാനുസൃതം പ്രവത്തിക്കുന്നു എന്നുമാത്രം. പ്രകൃതി തൻെറ സുനി ശ്ചിതമായ പന്ഥാവിലൂടെ ചരിച്ചുകൊണ്ടിരിക്കു

മ്പോൾ പക്ഷിക്കു് സഹായമായിത്തീരുന്നു. അപ്രകാരംതന്നെ സൃഷ്ടികൾക്കു് ഗുണകരമായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ പ്രകൃതിമാർഗ്ഗത്തെ പിൻതുടരണം.

## ഉദ്ദേശം

ക്ഷണികമായ ഉദ്ദേശപൂർത്തി സാധിയ്ക്കുന്നതോടുകൂടിതന്നെ പ്രവൎത്തനം അവസാനിയ്ക്കുന്നില്ല. വിവിധരീതിയിലുള്ള കൊത്തുപണികളോടുകൂടി ആശാരി മേശയുണ്ടാക്കി എന്നു കരുതുക. അവൻ മനോഹരമായ ഒരു വസ്തു നിർമ്മിച്ചിട്ടുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ഒഴുകുന്ന ഒരു ഹിമക്കുന്നിൻെറ അടിഭാഗംപോലെ, അവൻെറ പ്രവൃത്തിയുടെ മുഖ്യവശം സ്ഥിതിചെയ്യുന്നതു് അതിൻെറ പുറംഭാഗത്തിന്നടിയിലാണു്. കലാപൂർണ്ണമായ പ്രസ്തുത വസ്തുവെ പണിതുകൊണ്ടിരിക്കുമ്പോൾ അവൻെറ ഭാവന ചിന്താശക്തിയോടൊപ്പം തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും മാംസപേശികൾ പണിയായുധങ്ങളുപയോഗിയ്ക്കുന്നതിൽ കൂടുതൽ പരിശീലനം നേടുകയും അവൻെറ സൌന്ദര്യ്യബോധം ക്രമാനുസാരമായി വികസിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. അങ്ങിനെ പ്രസ്തുതസാധനം പണിചെയ്യുന്നതിന്നു മുമ്പുണ്ടായിരുന്നതിനേക്കാൾ സമുന്നതമായ വൈദഗ്ദ്ധ്യവും വ്യക്തിത്വവും അവന്നു ലഭിയ്ക്കുകയും ചെയ്യുന്നു.

## സാംസ്കാരികാഭിവൃദ്ധി

ഒരു തൊഴിലാളി പണിചെയ്ത ഉരുപ്പടിയെപററി ജനങ്ങറം പലതരത്തിലുള്ള അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നു. ഓരോരുത്തരുടേയും അഭിരുചിയും, വാസനയുമനുസരിച്ച പല സാധനങ്ങളും നിമ്മിക്കുന്ന അവൻ അവരുടെ ആഗ്രഹങ്ങറംക്ക് രൂപം നല്കുകയും അങ്ങിനെ ഒരു ദേശീയസംസ്കാരത്തെ കെട്ടിപ്പടുക്കുന്ന കാര്യത്തിൽ സഹകരിക്കുകയും ചെയ്യുന്നു. മേലുറഞ്ഞ നേട്ടങ്ങളാണ് ഒരു ശില്പ്പിയിൽനിന്നു നമുക്കു ലഭിക്കുന്ന സംഭാവനകറം. പ്രമാണീകരിക്കപ്പെട്ട വൻകിട ഉൽപാദനംകൊണ്ടു നമുക്കു യാതൊരു നേട്ടവുമില്ല. അതു് ഒരു താല്ക്കാലികമായ ഏപ്പ്ാടാകുന്നു. വ്യവസ്ഥിതമായ ഒരു പ്രവർത്തനസമ്പ്രദായത്തിൻെറ ഒരു നിഷേധവും കൂടിയാകുന്നു. അങ്ങിനെ മനുഷ്യസമുദായത്തിൻെറ പുരോഗതിക്കു് അതു് തടസ്ഥമുണ്ടാക്കി.

## വ്യക്തിവികസനം

വികേന്ദ്രീകൃതവ്യവസ്ഥയുടെ ബഹുമുഖമായ രംഗത്തിൽ പ്രവത്തിക്കുന്നതിന്നായി പരിശീലനം കഴിഞ്ഞ ആളുകളൊന്നും ഉണ്ടായിരിക്കില്ല. അസംസ്കൃതവസ്തുക്കറം ശേഖരിക്കുക, ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി പരിതസ്ഥിതിയനുസരിച്ചു പ്രവത്തിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളും ഉപായങ്ങളും കണ്ടുപിടിക്കുക മുതലായ പ്രവൃത്തികളെല്ലാം ഒരു തൊഴിൽക്കാരനു ചെയ്യേണ്ടിവരും.

പ്രസ്തുതപ്രവൎത്തനം തൊഴിൽക്കാരന്റെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു. എന്നാൽ കേന്ദ്രീകൃതവ്യവസ്ഥയിലാകട്ടെ തൊഴിൽക്കാരൻ ഒരേ വഴിയിൽകൂടി നിരുത്സാഹകരമായി പ്രവൎത്തിച്ചുകൊണ്ടു നരകിക്കുന്നു. അവന്നു് നേതൃത്വം ഏറെറടുത്തു് പ്രവർത്തിയ്ക്കാൻ അവസരം കിട്ടുന്നില്ല. മരത്തടി ഉരുട്ടിയും, കയർ ഏച്ചുകൂട്ടിയും അവൻ കഴിഞ്ഞുകൂട്ടുന്നു. വിരസമായ അത്തരം പ്രവൃത്തികൾ ഞെരമ്പുരോഗമുണ്ടാക്കുന്നു. ചെയ്തതുതന്നെ ചെയ്തുകൊണ്ടിരിക്കുവാൻ മനുഷ്യൻ ഒരു യന്ത്രമൊന്നുമല്ല. അവന്റെ പ്രകൃതിദത്തമായ വാസനകളെ വികസിപ്പിക്കുകയും അവയ്ക്കു് പരിശീലനം നല്കുകയും ചെയ്യേണ്ടതാണു്. അതു ചെയ്യാത്തപക്ഷം അവൻ നശിച്ചുപോകും. വികേന്ദ്രീകൃതവ്യവസായങ്ങൾ മനുഷ്യന്റെ സർവ്വതോമുഖമായ പുരോഗതിക്കു് പ്രോത്സാഹനം കൊടുക്കുമെന്നു് സിദ്ധമായല്ലോ.

മനുഷ്യൻ തന്റെ ഇന്ദ്രിയപരമായ ചൈതന്യത്തെ അവഗണിയ്ക്കുന്നപക്ഷം ഒരിക്കലും അവന്നു വളരുക സാദ്ധ്യമല്ല. പ്രകൃതിയിൽനിന്നു നമുക്കു കിട്ടീട്ടുള്ള ശക്തികളുടെ ക്രമീകൃതമായ പരിശീലനത്തിന്റെ പരിണാമഫലമാണു് വളച്ച. അതിന്നു് അച്ചടക്കവും ആത്മനിയന്ത്രണവും അനിവാര്യമാണു്. ഒരു തൊഴിലാളിയ്ക്കു തന്റെ പ്രവൃത്തിയുടെ യഥാൎത്ഥസ്വഭാവത്തെ അറിയുന്നതിന്നുള്ള സാഹചര്യമില്ലാതിരിയ്ക്കുന്നപക്ഷം ഉദ്ദേശപൂർത്തിക്കുവേണ്ടി പ്രവർത്തിക്കുക സാദ്ധ്യമല്ല.

അങ്ങിനെ അവൻെറ വ്യക്തിത്വം നശിച്ചുപോകാനി ടയുണ്ട്.

## പ്രോത്സാഹനം

കേന്ദ്രീകൃതവ്യവസായത്തെ ഭരിക്കുന്നതു കിടമത്സരം (Competition) ആണ്. വേണ്ടതുപോലെ നിയന്ത്രിക്കാത്തപക്ഷം അതു നമ്മെ കാടത്തത്തിലേക്കു നയിക്കുകയും നാശകാരണമായിത്തീരുകയും ചെയ്യും. മനുഷ്യൻ സാമൂഹ്യജീവിയാണ്. അവൻെറ ആരോഗ്യപരമായ വികസനത്തിന്നു, സഹകരണം—നിത്യജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന്നു് ആവശ്യമായ പരസ്പരബന്ധത്തിൻെറ അടിസ്ഥാനമായ സഹകരണം—അത്യന്താപേക്ഷിതമാണ്.

## വിദ്യാഭ്യാസം

തൊഴിലിൽ അടങ്ങിയ ഈ വിശിഷ്ടതത്വത്തെ മനുഷ്യനെ സുശിക്ഷിതമാക്കുന്നതിന്നും വികസിപ്പിക്കുന്നതിന്നും ഉപയോഗിയ്ക്കാവുന്നതാകുന്നു. ഇവിടെയാണു് മഹാത്മജി ആവിഷ്കരിച്ച അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയുടെ പ്രാധാന്യം നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതു്. ഈ പദ്ധതി, മനുഷ്യൻെറ നിത്യജീവിതാവശ്യങ്ങളെ സാധിക്കുന്നതിന്നു ക്രമപ്പെടുത്തിയ പ്രവൎത്തനങ്ങളുടെ വിദ്യാഭ്യാസപരമായ കഴിവുകളെ ഭദ്രമാക്കുന്നതിന്നും അങ്ങിനെ തൊട്ടിൽതൊട്ടു് ശവക്കുഴിവരെയുള്ള മനുഷ്യജീവിതത്തെ പുരോഗതിയുടെ

മാഗ്ഗത്തിൽക്കൂടി ചരിപ്പിക്കുന്നതിന്നും ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതാണ്.

## ജനാധിപത്യം

രാഷ്ട്രീയരംഗത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിന്നും ജനാധിപത്യത്തിന്നും വേണ്ടി നാം വെമ്പാറുണ്ട്. സമുദായത്തിലെ ഓരോ വ്യക്തിക്കും അവൻെറ തൊഴിലിൻെറ മുഴുവൻ ഉത്തരവാദിത്വവും ഏററുനടത്തുവാനുള്ള പരിശീലനം കൊടുത്താൽ മാത്രമേ ഇതു പ്രായോഗികമാവൂ. സാമ്പത്തികരംഗമാണ് ഇതിന്നേററവും പററിയതു്. മുമ്പു പറഞ്ഞപോലെ വികേന്ദ്രീകൃതവ്യവസായങ്ങൾ വഴിയായി മനുഷ്യന്നു തൻെറ കഴിവുകളെ തികച്ചും വികസിപ്പിക്കുവാനുള്ള അവസരം ഈ രംഗത്തിൽ നിന്നു ലഭിക്കുന്നു. അതുകൊണ്ടു ഗ്രാമസ്വരാജ് സ്ഥാപിക്കുന്നതിന്നുവേണ്ട പരിശീലനങ്ങൾ കൊടുക്കുന്ന കളരിയിൽ വികേന്ദ്രീകൃത്വ്യവസായങ്ങളുടെ സുശക്തമായ ആയുധങ്ങളാണ് ഉപയോഗിക്കേണ്ടതു്.

കേന്ദ്രീകൃതവ്യവസായത്തിന്നു പട്ടാളച്ചിട്ടയിലുള്ള ശരീരശ്രമം ആവശ്യമാകുന്നു. വ്യക്തികളുടെ കഴിവുകളറിയുവാൻ ഇതിൽ സാദ്ധ്യമല്ല. മുഴുവൻ പ്രവൃത്തിക്കാർക്കും കല്പനകളെ പരിപാലിക്കേണ്ടിവരുന്നു. അങ്ങിനെ മനുഷ്യൻെറ വ്യക്തിത്വം തീരെ നശിക്കുകയും ഒരുതരം സവ്വാധിപത്യം വളന്നുവരികയും ചെയ്യുന്നതാണ്.

## നമ്മുടെ അനുഭവങ്ങൾ

കേന്ദ്രീകൃതവ്യവസായത്തിൻെറ വ്യവസ്ഥയ്ക്കനുസരിച്ചു സാമ്പത്തികജീവിതം നയിക്കുന്ന പാശ്ചാത്യരാഷ്ട്രങ്ങൾ തികച്ചും പ്രജാധിപത്യം പുലത്തുന്നുണ്ടെന്നഭിമാനിക്കുന്നു. എന്നാൽ രണ്ടാം ലോകയുദ്ധം ആരംഭിച്ച അടിയന്തരഘട്ടത്തിൽ ഏകാധിപത്യത്തേയും സർവ്വാധിപത്യത്തേയുമാണ് അവർ ആശ്രയിച്ചതു്. എന്തെന്നാൽ സമാധാനകാലത്തു് എഴുതിവെച്ച പ്രജാധിപത്യത്തിൻെറ കടലാസ്സിനെ യുദ്ധക്കൊടുംകാററു പറപ്പിച്ചുകളയുമെന്നു് അവർ മനസ്സിലാക്കി. അപ്രതീക്ഷിതമോ അവിചാരിതമോ ആയ ഒരു സംഭവമായിരുന്നില്ല അതു്. റഷ്യൻ കമ്മ്യൂണിസവും, ബ്രിട്ടീഷ് സാമ്രാജ്യതചവും, അമേരിക്കൻ വ്യാവസായികതചവും, ജർമ്മൻ നാസിസവും, ഇററാലിയൻഫാസിസവും, രാജ്യവിസ്തീർണ്ണത്തിന്നുവേണ്ടി വെമ്പുന്ന ജാപ്പമേധാവിതചവും യുദ്ധക്കൊതിയുടേയും സർവ്വാധിപത്യത്തിൻേറയും തണലിൽ വിശ്രമിക്കുന്നവരാണ് തങ്ങളെന്നു മനസ്സിലാക്കി. സാമ്പത്തികരംഗത്തിൽ കേന്ദ്രീകൃതവ്യവസായം സമ്പൂർണ്ണമായി കൈകടത്തിയതുകൊണ്ടാണ് ഇതു സംഭവിച്ചതു്. ജനാധിപത്യത്തിൻെറ ആട്ടിൻതോൽ പുതച്ച സർവ്വാധിപത്യമാകുന്ന ചെന്നായ തൻെറ യഥാർത്ഥരൂപം പ്രദർശിപ്പിച്ചു. പ്രസ്തുത രാജ്യക്കാർ വളരെക്കാലത്തോളം അചിന്തനീയമായ അച്ചടക്കത്തോടുകൂടി കഴിഞ്ഞുകൂടുകയായിരുന്നു. അടിച്ചമർത്തപ്പെട്ടിരുന്ന സമാധാനം

പ്പെട്ടെന്നു പൊട്ടിത്തെറിച്ചു. തങ്ങളുടെ ഏററവും മിതമായ അഭിപ്രായങ്ങളെക്കൂടി തുറന്നുപറയുവാൻ അവക്കു് അവസരം ലഭിച്ചിരുന്നില്ലെന്നുള്ളതാണു് ഇതിൻെറ കാരണം.

### ഒരു പാഠം

ഇന്ത്യ ശ്രദ്ധിക്കട്ടെ, സ്വാതന്ത്ര്യത്തിന്നും പ്രജാധിപത്യത്തിന്നുംവേണ്ടി നാം കയററക്കുകയാണു്. അതേ അവസരത്തിൽതന്നെ കേന്ദ്രീകൃതോല്പാദനംവഴിയായി രാജ്യത്തെ വ്യവസായവൽക്കരിയ്ക്കുന്നതിന്നുള്ള കൊണ്ടുപിടിച്ച ശ്രമവും നടക്കുന്നു. ഈ രണ്ടാവശ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തെ നാം മനസ്സിലാക്കുകയില്ലേ? സാമ്പത്തികജീവിതത്തിൽ കേന്ദ്രീകരണത്തിൻെറ അധൃഷ്യമായ സവ്വാധിപത്യവും രാഷ്ട്രീയജീവിതത്തിൽ പ്രജാധിപത്യത്തിൻെറ വികേന്ദ്രീകരണവും രണ്ടുംകൂടി സാദ്ധ്യമല്ല. നാം ഏതു മാർഗ്ഗത്തെ പിന്തുടരും? പാശ്ചാത്യരാഷ്ട്രങ്ങളുടേയും ജാപ്പാൻേറയും അനുഭവത്തിൽനിന്നു് ഒരു പാഠം നാം പഠിയ്ക്കുകയില്ലേ? രണ്ടു വമ്പിച്ച ലോകയുദ്ധങ്ങളുടെ ദുഃഖഭൂയിഷ്ഠമായ പര്യവസാനം നാം കണ്ടു. സമാധാനമാഗ്രഹിക്കുന്ന ഇന്ത്യ അഹിംസാമാർഗ്ഗത്തെ പിൻതുടരുന്നതാണു്.

### കേന്ദ്രീകൃതവ്യവസായങ്ങൾക്കുള്ള സ്ഥാനം

ഈ രാജ്യത്തിലെ ഓരോ പൌരനും ആശ കൊടുക്കുന്നതായ ഒരു സമ്പദ്‌വ്യവസ്ഥയാണു് നമുക്കിന്നാ

വശ്യമായിട്ടുള്ളത്. അതിൽ ഹിംസയ്ക്കു സ്ഥാനമേ ഉണ്ടായിരിക്കുകയില്ല. നമ്മുടെ ദേശത്തിൻെറ പ്രത്യേക പരിതസ്ഥിതിയ്ക്കു് അത് അനുയോജ്യമായിരിക്കും. അതു വികേന്ദ്രീകൃതമായിരിക്കും.

ഈ വ്യവസ്ഥയിൽ കേന്ദ്രീകൃതവ്യവസായത്തിന്നു സ്ഥാനമുണ്ടാവുകയില്ലേ എന്ന ചോദ്യം ഉത്ഭവിക്കുന്നു. നമ്മുടെ ശരീരത്തിൻെറ ആരോഗ്യപരമായ നിലനില്പിനുവേണ്ടി പോഷകാംശമുള്ള ഭക്ഷണവും വിഷവും കഴിയ്ക്കാറുണ്ട്. ആദ്യം പറഞ്ഞതു ഏററവും ഹൃദ്യമായും രുചിയറിഞ്ഞും ഭക്ഷിക്കുന്നു. എന്നാൽ ശരീരസ്ഥിതി ആശങ്കാജനകമായിത്തീരുമ്പോൾ ഒരു പ്രതിവിധിയെന്നോണമാണ് വിഷം കഴിയ്ക്കാറുള്ളതു്. 'കചയന' കഴിക്കുന്നത് 'ലഡു' തിന്നുംപോലെയല്ലല്ലൊ. ഡോക്ടർ നിർദ്ദേശിച്ച തരത്തിൽ ചെറു തുള്ളികളായിട്ടാണ് അതിൻെറ മാത്ര തെററിക്കൂടാ. അപ്രകാരംതന്നെ പൊതുജനോപകാരപ്രദമായ ചില വ്യവസായങ്ങളേയും വൻകിട വ്യവസായങ്ങളേയും അവയുടെ ദോഷങ്ങളെ അറിഞ്ഞുകൊണ്ടുതന്നെ പ്രോത്സാഹിപ്പിക്കേണ്ടിവരും. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ലാഭക്കൊതിയന്മാരുടെ കയ്യിൽ അവ പെട്ടുപോകരുതു്. തികച്ചും സമുദായത്തിൻെറ വരുതിയിലായിരിക്കണം അവ കഷ്ടപ്പെടുന്ന ജനതക്കുവേണ്ടി നടത്തപ്പെടുന്ന അത്തരം വ്യവസായങ്ങൾ മററു വ്യവസായങ്ങളുമായി ഒരിക്കലും മത്സരിക്കരുതു്. അങ്ങിനെയായാൽ നമ്മ

ക്കു് ഒരിക്കലും ധാൎമ്മികാധഃപതനം സംഭവിക്കുന്നതല്ല. അടിയന്തരസ്ഥിതിയെ നേരിടാനുള്ള കഴിവു് ഉണ്ടാകുന്നതുമായിരിക്കും.

## ഉപസംഹാരം

അങ്ങിനെ ധനശാസ്ത്രത്തോടുള്ള ഗാന്ധിയൻ സമീപനം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരിക്കും. അതിൻെറ ലക്ഷ്യം ഭൌതികോന്നമനമല്ല. തൊഴിൽചെയ്യുന്ന ഓരോ വ്യക്തിയുടേയും ഉയർച്ചയും, വ്യക്തിവികസനവും, സ്വഭാവരൂപവല്ക്കരണവും വഴിയായി മനുഷ്യസമുദായത്തെ പുരോഗതിയിലേയ്ക്കു നയിക്കുകയാണു് അതിൻെറ പ്രവൃത്തി. സാമ്പത്തികമോ ധാൎമ്മികമോ, ഭൌതികമോ ആത്മീയമോ ആയ ആരുടേയും ഉന്നതി അന്യരുടെ അധഃപതനത്തിന്നു കാരണമാവരുതു്. ഭൌതികമായ നേട്ടങ്ങളെ അപേക്ഷിച്ചു മാനുഷികമൂല്യങ്ങൾക്കാണു് കൂടുതൽ പ്രാധാന്യം നല്കേണ്ടതു്.

മനുഷ്യസമുദായം യുദ്ധത്തിൻെറ കെടുതികളോടും ആശങ്കാജനകമായ ഭാവിയുടെ അനിശ്ചിതാവസ്ഥയോടും പൊരുതിക്കൊണ്ടിരിയ്ക്കുന്ന ഈ കാലത്തു് ശാശ്വതവും അചഞ്ചലവുമായ ഗാന്ധിമാർഗ്ഗത്തെ പിൻതുടരുന്ന രാഷ്ട്രങ്ങൾക്കു സൌഖ്യത്തോടും സൌഹാർദ്ദത്തോടുംകൂടി ജീവിയ്ക്കുന്നതിന്നു യാതൊരു വിഷമവും ഉണ്ടായിരിയ്ക്കുന്നതല്ല.

# 4. ഗോധന തത്വം

ഗോവധനിരോധത്തെപ്പററിയുള്ള സംസാരം നാം എങ്ങും കേൾക്കുന്നുണ്ട്. കണക്കില്ലാതെ കന്നുകാലികളെ കശാപ്പുചെയ്യുന്നതുകൊണ്ടു നമ്മുടെ രാജ്യത്തിന്നു വന്നുചേൎന്നിട്ടുള്ള അനൎത്ഥത്തെപ്പററി ജനങ്ങൾ ചിന്തിക്കാൻ തുടങ്ങീട്ടുണ്ടെന്നുള്ളതു് സന്തോഷാവഹംതന്നെ. ഒരു കാൎഷികരാജ്യത്തിൽ പാലു് വളരെ പ്രധാനപ്പെട്ട ഒരു ഭക്ഷണസാധനമാണ്. അതുകൊണ്ടു രാഷ്ട്രത്തെ തീററിപ്പോററുന്ന ഒരു മൃഗമായി പശുവിനെ കണക്കാക്കുകയും അതിന്നു് മാന്യത നൽകുകയും വേണം. അതിനും പുറമെ കൃഷിക്കാരന്റെ ഉല്പാദനോപകരണങ്ങളിൽ അതിപ്രധാനമായ കാളയുടെ മാതാവാണ് പശു. പശുവിന്നു മതപരമായ പ്രാധാന്യം നൽകുകയും അതിനെ വധിക്കുന്നതു മതവിരുദ്ധമായി കരുതുകയും ചെയ്യുവാനുള്ള കാരണം മേൽപ്രസ്താവിച്ച പ്രാധാന്യത്തെ മനസ്സിലാക്കിയിട്ടായിരിക്കണം. എന്നാൽ മതഭ്രാന്തുകൊണ്ട് യാഥാൎത്ഥ്യത്തെ വിസ്മരിച്ചു് ഈ കാൎയ്യത്തെ ചൊല്ലി അന്യോന്യം കലഹിക്കുകയും ബഹളം കൂട്ടുകയും ചെയ്യുന്ന ഒരു വിഭാഗം ജനങ്ങൾ നമ്മുടെ ഇടയിലുണ്ട്. തന്നിമിത്തം ഈ വിഷയത്തെപ്പററി നാം കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ പശുവിന്നുള്ള സ്ഥാനമെന്തെന്നു് രാഷ്ട്രീയമായ പശ്ചാത്തലത്തിൽ പരിചിന്തിക്കേണ്ടിയിരിക്കുന്നു

ഒരു പണിക്കാരൻ തന്റെ പണിയായുധങ്ങളെ പൂജിക്കുന്നു. ഈ ചടങ്ങിനെ അനുസ്മരിപ്പിക്കുന്നതാണ് ഇന്ത്യയിൽ ഇന്നു നടന്നുവരുന്ന ആയുധപൂജ. ഉല്പാദനോപകരണങ്ങളാണ് മനുഷ്യന്റെ സാമ്പത്തികജീവിതത്തിന്നു അവലംബമായിട്ടുള്ളതെന്ന വസ്തുത അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ട്. ഒരു പണിക്കാരൻ തന്റെ പണിയായുധങ്ങളെ ആശ്രയിച്ചു ജീവിക്കുന്നതുപോലെത്തന്നെ കൃഷിക്കാരൻ പശുവിനെ അവലംബിച്ചാണ് ദിനവൃത്തി കഴിച്ചുകൂട്ടുന്നത്. ധനശാസ്ത്രത്തിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു കാർഷികരാജ്യത്തിൽ മനുഷ്യന്റെ സാമ്പത്തികജീവിതത്തിന്റെ മദ്ധ്യബിന്ദുവായി നിലകൊള്ളുന്നത് പശുവാണ്. അതായത് അവന്ന് ഭക്ഷ്യോല്പാദനത്തിന്നു വേണ്ടിയുള്ള പ്രധാനപ്പെട്ട നിർമ്മാണവസ്തുക്കൾ നൽകുന്നതു് അതാണ്.

ഇതുകൂടാതെ കാളയുടെ മാതാവുകൂടിയാണ് പശുവെന്ന ആ വീക്ഷണത്തിൽക്കൂടി നോക്കുമ്പോൾ അതിനുള്ള പ്രാധാന്യം ഒരു പടികൂടി കയറുന്നു. അതു നമ്മുടെ സാമ്പത്തികജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഗതാഗതം, ഭക്ഷ്യോല്പാദനം തുടങ്ങിയ വമ്പിച്ച കാര്യങ്ങൾ നിർവ്വഹിക്കുന്ന പശുവിന്റെ ഉന്നമനത്തിന്നായി സാമ്പത്തികസമിതികൾ ഏർപ്പെടുത്തുകയാണെങ്കിൽ അതിന്നു ഗോകേന്ദ്രിതധനശാസ്ത്രമെന്നു നമുക്കു പേർകൊടുക്കാം.

അപ്രകാരംതന്നെ അടുത്തകാലംവരെ യൂറോപ്പിൽ അശ്വകേന്ദ്രിതധനശാസ്ത്രമായിരുന്നു നടപ്പിലുണ്ടായിരുന്നത്.

കഴിഞ്ഞ നൂററാണ്ടു മുതൽക്ക് ഇംഗ്ലണ്ട് അശ്വകേന്ദ്രിതധനശാസ്ത്രത്തിൽനിന്ന് വ്യതിചലിച്ച് കൽക്കരികേന്ദ്രിതധനശാസ്ത്രത്തിലേയ്ക്കു് പ്രവേശിച്ചു. എന്നാൽ അവിടെയും അവസാനിച്ചില്ല. തുരുതുരെയുണ്ടായ മാററങ്ങൾ കാരണമായി ഇന്ന് അത് ഒരു എണ്ണകേന്ദ്രിതസാമ്പത്തികശാസ്ത്രത്തിൽ ജീവിക്കുകയാണ്. ഇത്തരം മാററങ്ങളാണ് ലോകത്തിൽ അധികാരകേന്ദ്രീകരണത്തിനുള്ള മാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ചത്.

നമ്മുടെ സാമ്പത്തികജീവിതത്തിൽ പശുവും കുതിരയും കേന്ദ്രസ്ഥാനമായി നിലകൊള്ളുമ്പോൾ അവയെ സംരക്ഷിക്കുവാൻ ചിലവഴിക്കുന്ന സംഖ്യ സമുദായത്തിൽ ഒരിയ്ക്കലും ഒരു കിടമത്സരം സൃഷ്ടിക്കുന്നതല്ല. എന്നാൽ കൽക്കരി, പെട്രോൾ എന്നിവയെ നോക്കുക. ലോകത്തിൽ വളരെ പരിമിതമാണ് അവയുടെ സ്റ്റോക്ക്. തന്നിമിത്തം ആവശ്യം വർദ്ധിക്കുമ്പോൾ സ്റ്റോക്ക് കയ്യടക്കിവെയ്ക്കുന്നതിനുവേണ്ടി രാഷ്ട്രങ്ങൾ തമ്മിൽ മത്സരിയ്ക്കാറുണ്ട്. എണ്ണപ്പാടങ്ങൾ കണ്ടുകെട്ടുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി ഭയങ്കരകലാപങ്ങൾ നടക്കുന്നു. അങ്ങിനെ കല്ക്കരിയും എണ്ണയും സാമ്പത്തികജീവിതത്തിൽ കേന്ദ്രസ്ഥാനമാകുന്നതുകൊണ്ട്

രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരങ്ങൾക്ക് കാരണമാകുന്നു എന്നാൽ പശുവും കതിരയും കേന്ദ്രസ്ഥാനമായ സാമ്പത്തികജീവിതമാകട്ടെ മേൽപ്പറഞ്ഞതുപോലെയല്ലെന്നു മാത്രമല്ല കൂടുതൽ ശാന്തിയും സമാധാനവും സൃഷ്ടിക്കുന്നതിന്നു് പര്യാപ്തമായതുംകൂടിയാകുന്നു. അതുകൊണ്ടു് ഗോകേന്ദ്രിതസാമ്പത്തികജീവിതത്തെ അലങ്കോലപ്പെടുത്തുന്നവർ തീർച്ചയായും ഗോവധത്തിന്നു് പ്രോത്സാഹനം നൽകുകയാണു് ചെയ്യുന്നതു്. മറെറാരു ഭാഷയിൽ പറയുകയാണെങ്കിൽ ഗോകേന്ദ്രിതസാമ്പത്തികജീവിതത്തിന്നെതിരായിട്ടാണു് നാം പ്രവൎത്തിക്കുന്നതെങ്കിൽ ഗോവധനിരോധനത്തിന്നുവേണ്ടി നമുക്കു് യാതൊന്നും ചെയ്യുക സാദ്ധ്യമല്ല. കൽക്കരിയേയും എണ്ണയേയും പ്രധാന ഉല്പാദനോപകരണങ്ങളായി അംഗീകരിക്കുന്നപക്ഷം നമ്മുടെ സാമ്പത്തികജീവിതത്തിൽനിന്നു് പശുവിനെ അകററുകയാണു് നാം ചെയ്യുന്നതു്. അസ്ഫാൾട്ടിട്ട (asphalted) റോഡുകൾ ഭാരം വഹിക്കുന്ന ജന്തുക്കളുടെ രക്ഷാതാല്പൎയ്യങ്ങൾക്കെതിരാകയാൽ അതിനെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു് ഗോകേന്ദ്രിത സാമ്പത്തികപ്രസ്ഥാനത്തിൻെറ നാശത്തിന്നു നാം അപരാധികളായിത്തീരും. ഗോവധത്തേക്കാൾ അതിപ്രധാനമാണു് ഈ കാൎയ്യം.

ഗോവധത്തിന്നു് വിപുലമായ ഒരൎത്ഥമുണ്ടെന്നു് നാം അറിയേണ്ടിയിരിക്കുന്നു. ശുഷ്കമായ ബാഹ്യാൎത്ഥം മനസ്സിലാക്കി പ്രവൎത്തിച്ചാൽ പോരാ. അങ്ങിനെ നോ

ക്കുമ്പോൾ ഗോവധനിരോധനത്തിന്നുവേണ്ടി പാടുപെടുന്ന വളരെ പേരുടെ കയ്യിൽ പശുവിൻെറ രക്തം ഉണങ്ങിക്കട്ടപിടിച്ചുനില്ക്കുന്നതു് കാണാൻ കഴിയും. ഖാദിയെപ്പോലെത്തന്നെ ഒരു പ്രത്യേകജീവിതക്രമത്തിൻെറ ചിഹ്നമാണ് പശു. തന്നിമിത്തം ഗോവധം അത്തരം ജീവിതക്രമത്തെ ദുസ്സാദ്ധ്യമാക്കിത്തീക്കുന്നു. ഗോവധനിരോധനത്തിന്നുവേണ്ടി നിലകൊള്ളുന്നവർ അതിൻെറ വിപുലമായ അർത്ഥം മനസ്സിലാക്കി പ്രവത്തിക്കുമെന്നാശിക്കുന്നു.

# ചില രസികൻ ഗ്രന്ഥങ്ങൾ

| | | | |
|---|---|---|---|
| മായാമോഹിനി—എം. ആർ. നാരായണപ്പിള്ള | 2 | 12 | 0 |
| സൌദാമിനി— ടി ടി ടി | 1 | 0 | 0 |
| ആനറാഞ്ചൻ—എം കുഞ്ഞിരാമപിഷാരോടി | 3 | 0 | 0 |
| ദേവയാനി—പി അപ്പുക്കുട്ടമേനോൻ ബി. എ; ബി ഒ എൽ. എൽ. ടി | 1 | 4 | 0 |
| കഥാമാധുരി—പി വി രാമവാരിയർ | 0 | 10 | 0 |
| സപ്തസാഗരം—ടി ടി ടി | 1 | 4 | 0 |
| ഇന്ത്യാഭരണം—പി എം കൃഷ്ണൻകുട്ടിനായർ | 1 | 4 | 0 |
| തപ്തമേഖല—സ്വാമി ബ്രഹ്മവ്രതൻ | 0 | 12 | 0 |
| തോപ്പിലെ നിധി—കെ. എം. ദാമോദരമേനോൻ ബി എ; ബി. എൽ, ഡി. ടി | 1 | 8 | 0 |
| കമലം—ഡോക്ടർ വി. ഐ മന്നാടിയാർ | 3 | 0 | 0 |
| മുല്ലമാല—കെ. കൃഷ്ണവാരിയർ | 1 | 8 | 0 |
| മേഘമാല—എസ്സ്. കെ. പൊറ്റെക്കാട്ട് | 1 | 8 | 0 |
| നിശാഗന്ധി—ടി ടി ടി | 1 | 8 | 0 |
| പത്മരാഗം—ടി ടി ടി | 1 | 8 | 0 |
| ജലതരംഗം—ടി ടി ടി | 1 | 8 | 0 |
| സഞ്ചാരിയുടെ ഗീതങ്ങൾ പുതിയപതിപ്പ്—ടി | 1 | 0 | 0 |
| യവനികയ്ക്കുപിന്നിൽ—ടി ടി | 1 | 4 | 0 |

പി. കെ. ബ്രദേർസ്, കോഴിക്കോട്.



**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 330 Acc. No. 11181

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

330 11181

കുമരപ്പ - ജെ - സി

തൊഴിലിന്റെ തത്വശാസ്ത്രം

KOTTAYAM PUBLIC LIBRARY

Call No. 330 Acc. No. 11181

Author കുമരപ്പ-ജെ-സി

Title തൊഴിലിന്റെ തത്വശാസ്ത്രം

Indic Digital Archive Foundation

gpura.org